# താമരമൊട്ടുകൾ

വാല്യം 25 | ഒക്ടോബർ 2023 | ലക്കം 10 | Price ₹20



താമരശ്ശേരി രൂപതാ ബുള്ളറ്റിൻ

# Bishop's Programme

## October 2023

| | | |
|---|---|---|
| 01 | 06.45 | Cathedral |
| | 18.00 | Thamarassery |
| 02 | 11.00 | Thazhekode |
| | 19.00 | Kaithapoyil |
| 03 | 16.00 | Office Day |
| 04 | 06.30 | Ambayathode |
| | 12.30 | Oorakam |
| 05 | 06.30 | Engapuzha |
| | 18.30 | Perambra |
| 06 | | Prayer Day |
| 07 | 06.30 | Kundayithode |
| | 10.00 | PMOC |
| | 11.30 | Areekode |
| 08 | Manjakunnu - Pastoral Visit | |
| 09 | 06.30 | Thamarassery |
| 10 | 09.30 | Thamarassery |
| | 18.00 | Thamarassery |
| 11 | | Thodupuzha |
| 12 | 11.30 | Karimbu |
| 13 | 06.30 | PMOC |
| 14 | 09.00 | Eranakulam |
| 15 | Kallurutty - Pastoral Visit | |
| 16 | 18.00 | Mahe |
| 17 | 17.00 | Chakkittapara |
| 18-19 | | Valpara |
| 20 | 18.30 | Chathankottunada |
| 21 | 10.30 | Thamarassery |
| 22 | Chakkittapara - Pastoral Visit | |
| 23 | 11.00 | Mattam |
| 24 | 10.00 | Eranakulam |
| 25 | | Office Day |
| 26 | 06.30 | Thamarassery |
| 27 | 10.30 | Bethania |
| 28 | 10.00 | Marikunnu |
| 29 | Chamal - Pastoral Visit | |
| 30 | 18.30 | Manjeri |
| 31 | 18.30 | Manjakadavu |

വാല്യം 25 താമരമൊട്ടുകൾ ഒക്ടോബർ 2023 ലക്കം 10


# താമരമൊട്ടുകൾ

(താമരശ്ശേരി രൂപതാ ബുള്ളറ്റിൻ)




"ദൈവകൃപ നിറഞ്ഞവളേ! സ്വസ്തി,
കർത്തത്തവ് നിന്നോടുകൂടെ!"

(ലൂക്കാ 1:28)




ഒക്ടോബർ 1ന്
നാമഹേതുക തിരുനാൾ ആഘോഷിക്കുന്ന
**മാർ റെമീജിയോസ് ഇഞ്ചനാനിയിൽ പിതാവിന്**
താമരശ്ശേരി രൂപതാകുടുംബത്തിന്റെ
**പ്രാർത്ഥനാശംസകൾ...**

# ഇതളുകൾ വിരിയുമ്പോൾ


| | | |
|---|---|---|
| 1. | ആശംസകൾ | 693 |
| 2. | പ്രോഗ്രാം ഒക്ടോബർ 2023 | 695 |
| 3. | സർക്കുലർ 18/2023 | 696 |
| 4. | ആഗോളപ്രേഷിതദിന സന്ദേശം | 700 |
| 5. | കച്ചേരിക്കാര്യം | 708 |
| 6. | DECREE | 712 |
| 7. | DECREE | 713 |
| 8. | ബഹു. തോമസ് കൊച്ചുപറമ്പിൽ | 715 |
| 9. | വിശ്വാസപരിശീലനം | 717 |
| 10. | ലിറ്റർജി കമ്മീഷൻ | 720 |
| 11. | സെമിനാരി വാർത്തകൾ | 721 |
| 12. | ചെറുപുഷ്പ മിഷൻലീഗ് | 722 |
| 13. | തിരുബാലസഖ്യം | 725 |
| 14. | പോപ്പ് ജോൺ പോൾ II ഇൻസ്റ്റിറ്റ്യൂട്ട് | 727 |
| 15. | അൽഫോൻസ കോളേജ് തിരുവമ്പാടി | 728 |
| 16. | വിദ്യഭ്യാസരംഗം | 730 |
| 17. | മാതൃവേദി | 732 |
| 18. | വിൻസെന്റ് ഡി പോൾ സൊസൈറ്റി | 733 |
| 19. | കെസിവൈഎം-എസ്എംവൈഎം | 734 |
| 20. | എയ്ഡർ എഡ്യുക്കെയർ | 736 |
| 21. | ഇൻഫാം | 737 |
| 22. | മരിയൻ പ്രോ-ലൈഫ് | 738 |
| 23. | യൂദിത്ത് ഫോറം | 739 |
| 24. | ബഥാനിയ ധ്യാനകേന്ദ്രം | 741 |
| 25. | വികസനവേദി | 744 |
| 26. | യേശുനിധി | 747 |
| 27. | അജപാലനക്കുറിപ്പുകൾ | 748 |

# Greetings BIRTH DAY

Rev. Fathers

| | | |
|---|---|---|
| Antheenadu Joseph | October | 4 |
| Puthiyaparambil Sebastian | | 4 |
| Thadathil Mathew | | 4 |
| Mangarayil Scaria | | 5 |
| Karintholil George | | 14 |
| Kottarathil Joseph | | 16 |
| Onayathumkuzhy Mathew | | 17 |
| Chakkittamuriyil Thomas (Jr) | | 12 |
| Vamattathil James | | 20 |
| Cherickal James | | 21 |
| Manjakazhakunnel Joseph | | 21 |
| Aranjaniolickal Joseph (Jr) | | 23 |
| Panachickal Mathew | | 24 |
| Kuzhikattumyalil Joseph | | 25 |
| Thundathil Scaria | | 25 |
| Valloppilly Simon | | 26 |
| Kalapurackal Joseph | | 29 |
| Asariparambil George | | 30 |
| Chembuthoockil Mathew | | 30 |

**Mar Remigiose Inchananiyil**

# Feast Day Greetings

| | | |
|---|---|---|
| **Bp. Mar** | **Remigiose Inchananiyil** | **October 1** |
| Rev. Fathers | | |
| | Kallikatt Francis | 4 |
| | Kochumundanmalayil Francis | 4 |
| | Naduvathettu Francis | 4 |
| | Puthiyedath Francis | 4 |
| | Vellamackal Francis | 4 |
| | Kavilpurayidathil Abraham | 9 |
| | Kochilath Abraham | 9 |
| | Mazhuvanchery Abraham | 9 |
| | Pulinchuvattil Abraham | 9 |
| | Srambickal Abraham | 9 |
| | Valloppilly Abraham | 9 |
| | Vayalil Abraham | 9 |
| | Kavil Rony Paul | 18 |

**Mar Remigiose Inchananiyil**

# പ്രോഗ്രാം ഒക്ടോബർ 2023

| | | |
|---|---|---|
| 01 | ഞായർ | **വി. കൊച്ചുത്രേസ്യ, വി. റെമീജിയൂസ്** |
| | | **രൂപതാദ്ധ്യക്ഷന്റെ നാമഹേതുകതിരുനാൾ** |
| 02 | തിങ്കൾ | **കാവൽമാലാഖ** |
| 04 | ബുധൻ | **വി. ഫ്രാൻസിസ് അസ്സീസി** |
| | | ചരമദിനം : ഫാ. ജെയിംസ് മുണ്ടക്കൽ (2014) |
| 07 | ശനി | ചരമദിനം : ഫാ. മാണി കണ്ടനാട്ട് (2018) |
| 14 | ശനി | **ആവിലായിലെ വി. ത്രേസ്യ** |
| 16 | തിങ്കൾ | **വാ. കുഞ്ഞച്ചൻ** |
| 17 | ചൊവ്വ | **അന്ത്യോക്യയിലെ വി. ഇഗ്നേഷ്യസ്** |
| 18 | ബുധൻ | **വി. ലൂക്കാ സുവിശേഷകൻ** |
| 22 | ഞായർ | **മിഷൻ ഞായർ, വി. ജോൺ പോൾ രണ്ടാമൻ** |
| 28 | ശനി | **ശിമയോൻ, യൂദാ തദേവൂസ് ശ്ലീഹന്മാർ** |
| 29 | ഞായർ | ചരമദിനം : ഫാ. പോൾ പുത്തൻപുര |

*സർക്കുലർ 18/2023*

# ജപമാലഭക്തി

ഈശോമിശിഹായിൽ ബഹുമാനപ്പെട്ട വൈദികരേ, സന്യസ്തരേ, പ്രിയപ്പെട്ട സഹോദരീസഹോദരന്മാരേ,

ഒക്ടോബർ മാസം ജപമാല മാസമായിട്ടാണല്ലോ നാമാചരിക്കുന്നത്. “സകല തലമുറകളും എന്നെ ഭാഗ്യവതി എന്ന് പ്രകീർ ത്തിക്കും” (ലൂക്ക 2:48) എന്ന അമ്മയുടെ പ്രവചനം പൂർത്തിയാകുന്ന മനോഹരമായ അനുഭവ ത്തിലാണ് ജപമാല ഭക്തിയിലൂടെ നാം പങ്കുചേരുന്നത്. കന്യകാമറിയവും വി. കുർബാനയും സഭയിലെ നിത്യവിസ്മയങ്ങളാണ്. തിരുസഭയെ നിർമ്മി ക്കുന്ന കൂദാശയായ പരിശുദ്ധ കുർബാനയുടെ അമ്മയായ മറിയത്തോടൊപ്പം അവിടുത്തെ ദിവ്യശരീരമായ വി. കുർബാനയുടെ മുമ്പിലിരുന്ന് പ്രാർത്ഥി ക്കുവാൻ നമുക്ക് കൈവരുന്ന അമൂല്യ നിമിഷങ്ങളാണ് ഒക്ടോബർ മാസ ത്തിലെ ജപമാല ഭക്തി. ആദരണീയനായ ഫുൾട്ടൻ ജെ. ഷീനിന്റെ അഭിപ്രായ ത്തിൽ ജപമാല എന്നത് അന്ധരുടെ ഒരു പാഠപുസ്തകമാണ്. അതായത്, ലോകം കണ്ടറിഞ്ഞിട്ടുള്ളതിൽവെച്ച് ഏറ്റം മഹത്തായ സ്നേഹത്തിന്റെ നടനവൈഭവം ആത്മാവ് ദർശിക്കുകയും അത് രംഗാവിഷ്കൃതമാക്കുകയും ചെയ്യുന്ന പാഠപുസ്തകം. അത് നിഷ്കളങ്ക മനുഷ്യരെ മറ്റേതൊരു ഭൗമിക പഠനങ്ങളെയും ഉല്ലംഘി ക്കുന്നവിധം ദൈവീകരഹസ്യങ്ങളിലേയ്ക്കും ആത്മീയ ജ്ഞാനത്തി ലേയ്ക്കും ഉപനയിക്കുന്ന ദർശന സംഹിതയാണ്. അത്, പ്രായാധിക്യ ത്താൽ പ്രാപഞ്ചിക വസ്തുക്കളുടെ കാഴ്ച മങ്ങിയവർക്ക് മരണാ നാന്തര സൗഭാഗ്യങ്ങളിലേയ്ക്ക് അറിവിന്റെ കൺതുറക്കുന്ന വാതാ യനമാണ്.

ജപമാല ഭക്തിയുടെ പ്രചാരത്തിന് പിന്നിൽ ചരിത്രപരമായ ഒരു കാര ണമുണ്ട്. യൂറോപ്പ് പിടിച്ചടക്കി റോമാനഗരം അഗ്നിക്കിരയാക്കുക എന്ന ലക്ഷ്യ ത്തോടെ തുർക്കികൾ 1571-ൽ സൈനിക നീക്കം നടത്തി. അനേകം ദൈവാ ലയങ്ങൾ നശിപ്പിച്ചും, വിശ്വാസികളെ വാളിനിരയാക്കിയും മുന്നേറിയ തുർക്കി കളെ, പീയൂസ് 5-ാമൻ മാർപ്പാപ്പയുടെ ആഹ്വാനപ്രകാരം ഇറ്റലി, സ്പെയിൻ, ഫ്രാൻസ് എന്നീ ക്രൈസ്തവ രാഷ്ട്രങ്ങൾ സംയുക്തമായി നേരിട്ടു. ലെപ്പാൻതോ നഗരത്തിൽ വച്ച് നടന്ന യുദ്ധത്തിൽ യൂറോപ്പിന്റെ രക്ഷക്കായി ഒക്ടോബർ ഒന്നു മുതൽ പത്ത് ദിവസം തുടർച്ചയായി ജപമാല ചൊല്ലി പ്രാർത്ഥിക്കാൻ മാർപ്പാപ്പ ആഹ്വാനം ചെയ്തു. ഒക്ടോബർ 7-ാം തീയതി ജപ

മാല ചൊല്ലുന്നതിനിടയിൽ വിജയവാർത്ത കേട്ട മാർപ്പാപ്പ ഒക്ടോബർ 7 ജപ മാല രാജ്ഞിയായ വിജയമാതാവിന്റെ തിരുനാളായി പ്രഖ്യാപിക്കുകയും ജപമാല ഭക്തി വ്യാപകമായി പ്രചരിപ്പിക്കുകയും ചെയ്തു. ലെയോ 13-ാമൻ മാർപ്പാപ്പയാണ് ഒക്ടോബർ മാസത്തെ ജപമാല മാസമായി ഔദ്യോഗികമായി പ്രഖ്യാപിച്ചത്.

സഭയെയും സഭയുടെ വിശ്വാസത്തെയും തകർക്കുവാനും സഭാമക്കളെ വഴിതെറ്റിക്കുവാനും സഭയുടെ ശത്രുക്കൾ വിശ്രമരഹിതരായി അധ്വാനിക്കുന്ന ഈ കാലഘട്ടത്തിൽ കൂടുതൽ വിശ്വാസത്തോടെ ജപമാല കൈകകളിലെടു ക്കുവാൻ നമുക്കു കഴിയണം. വി. ലൂയി മോൺഫോർട്ട് പറയുന്നു: “ദിനം പ്രതി ജപമാല ചൊല്ലി സമർപ്പിക്കുന്നവർ ഒരിക്കലും വഴിതെറ്റി പോകുക യില്ല”. തിൻമയുടെ ബന്ധനങ്ങളിൽ കഴിയുന്നവരെ രക്ഷിക്കുവാൻ വിശ്വാസ ത്തോടെയുള്ള ജപമാല പ്രാർത്ഥനക്ക് കഴിയും. നമ്മുടെ ഇളംതലമുറ പോലും മയക്കുമരുന്നിന് അടിമകളാകുന്നുവെന്നതും ലഹരിക്ക് അടിമകളാകുന്ന യുവ ജനങ്ങൾ പലതരത്തിലുള്ള ചൂഷണങ്ങൾക്ക് വിധേയമാകുന്നു എന്നതും ഭീതി ജനകമാണ്. കുഞ്ഞുങ്ങളെ ലഹരിയുടെ പിടിയിൽ നിന്നും രക്ഷിക്കാൻ അവരെ ജപമാല മണികളോട് ചേർത്ത് നമുക്ക് പരിശുദ്ധ മാതാവിന് കാഴ്ച്ചവെയ്ക്കാം. “ഒരു പാപിയെ അഭിമുഖീകരിക്കുന്നതിന് മുമ്പ് ജപമാല ചൊല്ലുവാൻ എനിക്ക് സമയം ലഭിക്കുകയാണെങ്കിൽ, ആ പാപി മാനസാന്തരപ്പെടാതിരിക്കുന്നതായി ഞാൻ കണ്ടിട്ടില്ല” എന്ന് വി. ക്ലമന്റ് പറയുന്നു.

മാതൃഭക്തി കുടുംബത്തിൽ നിന്നുതന്നെയാണ് തുടങ്ങേണ്ടത്. മാതാ പിതാക്കളുടെ പ്രാർത്ഥനകളും മാതൃകയും ഒരുമിച്ചുള്ള ജപമാല പ്രാർത്ഥ നയും കുടുംബങ്ങളെ കൂടുതൽ ക്രിസ്തീയമാക്കുകയും സമാധാനപൂർണ്ണ മാക്കുകയും ചെയ്യും. നമ്മുടെ പൂർവ്വീകരുടെ ആത്മീയതയുടെ അടിത്തറ ജപമാല ഭക്തിയായിരുന്നു. “കുടുംബങ്ങൾ ദൈവാനുഗ്രഹം കൊണ്ട് നിറ യുവാൻ ജപമാല പോലെ ഉത്തമമായ മറ്റൊരു മാർഗ്ഗമില്ല. അനുദിനം ജപ മാല ചൊല്ലുന്ന കുടുംബം ഭൂമിയിൽ വിശുദ്ധനിലവും, പരിശുദ്ധയുടെ ആല യവും ക്രീസ്തീയ പുണ്യത്തിന്റെ വേദിയുമാകും” എന്ന് പീയൂസ് 13-മൻ മാർപ്പാപ്പ പറയുന്നു.

പരിശുദ്ധ അമ്മയെ കൂടുതലായി സ്നേഹിക്കുകയും ബഹുമാനിക്കു കയും വണങ്ങുകയും ചെയ്യുന്നതിലൂടെ മഹത്വപ്പെടുന്നത് പുത്രനായ ഈശോ തന്നെയാണ്. കാരണം ജപമാല പ്രാർത്ഥന സുവിശേഷങ്ങളുടെ സംഗ്രഹ മാണ്. മിശിഹായുമായി നേരിട്ട് ബന്ധമുള്ള ഇരുപത് സംഭവങ്ങളാണ് ജപ മാലയിൽ ധ്യാനിക്കുന്നത്. ഈശോയുടെ മനുഷ്യാവതാരത്തിൽ തുടങ്ങി കുരി ശുമരണത്തിലൂടെ അവൻ നേടിത്തന്ന മനുഷ്യവംശത്തിന്റെ രക്ഷയുടെ പ്രതീ

കമായ മറിയത്തിന്റെ മഹത്വീകരണത്തിൽ എത്തിനിൽക്കുന്നതാണ് ജപമാല യുടെ ധ്യാനവിഷയം. അങ്ങനെ ജപമാല പ്രാർത്ഥന സുവിശേഷങ്ങളുടെ സംഗ്രഹമാകുന്നു. "കന്യകാമറിയത്തിന്റെ ജപമാല" എന്ന അപ്പസ്തോലിക ലേഖനത്തിൽ വി. ജോൺപോൾ രണ്ടാമൻ മാർപ്പാപ്പ ഇങ്ങനെ എഴുതി: "ജപ മാലയ്ക്ക് വ്യക്തമായ മരിയൻ സ്വഭാവം ഉണ്ടെങ്കിലും അത് ക്രിസ്തു കേന്ദ്രീ കൃതമായ പ്രാർത്ഥനയാണ്. സുവിശേഷത്തിന്റെ അന്തസത്ത മുഴുവൻ അതിൽ അടങ്ങിയിരിക്കുന്നു".

ജപമാലയിൽ നമ്മൾ ആവർത്തിച്ച് ചൊല്ലുന്ന 'നന്മ നിറഞ്ഞ മറിയമേ" എന്ന പ്രാർത്ഥനയും പൂർണമായും ബൈബിൾ അധിഷ്ഠിതമാണ്. ലൂക്കാ യുടെ സുവിശേഷം 1: 28 ൽ ഗബ്രിയേൽ ദൂതൻ മറിയത്തെ അഭിസംബോധന ചെയ്യുന്നത് ദൈവകൃപ നിറഞ്ഞവളെ സ്വസ്തി, കർത്താവ് നിന്നോട് കൂടെ" എന്ന വാക്കുകളോടുകൂടിയാണ്. തന്നെ ശുശ്രൂഷിക്കാൻ കടന്നുവന്ന മറിയത്തെ കണ്ടപ്പോൾ എലിസബത്ത് പരിശുദ്ധാത്മാവിനാൽ നിറഞ്ഞ് ഇപ്രകാരം പറഞ്ഞു "നീ സ്ത്രീകളിൽ അനുഗ്രഹീതയാണ്, നിന്റെ ഉദരഫലവും അനു ഗ്രഹീതം. ഈ പ്രാർത്ഥനയുടെ രണ്ടാം ഭാഗം ലോകത്തിന് മുഴുവൻ വേണ്ടി യുള്ള മദ്ധ്യസ്ഥ പ്രാർത്ഥനയാണ്. എത്ര തിരക്ക് പിടിച്ച ജീവിതത്തിനിടയിലും ചൊല്ലാവുന്ന ഒരു പ്രാർത്ഥനയാണ് ജപമാല. ജോലി ചെയ്യുമ്പോഴും, യാത്ര ചെയ്യുമ്പോഴും, രോഗശയ്യയിലും, ഒഴിവ് സമയം കിട്ടുമ്പോഴുമെല്ലാം നമുക്ക് ജപമാല ചൊല്ലി അമ്മയുടെ വിമലഹൃദയത്തിന് സമർപ്പിക്കാൻ സാധിക്കും.


നമ്മുടെ രൂപതയുടെ ആത്മീയ നവീകരണ കേന്ദ്രമായ പുല്ലൂരാംപാറ ബഥാനിയ റിന്യൂവൽ സെന്ററിൽ നടക്കുന്ന അഖണ്ഡജപമാലയിൽ സംബ ന്ധിച്ച് ആയിരങ്ങൾ ദിവ്യരഹസ്യങ്ങളുടെ ആഴം അനുഭവിച്ചറിയുന്നത് കാണു മ്പോൾ കാരുണ്യവാനായ ദൈവത്തിന് നന്ദി പറയാതിരിക്കുവാനാകില്ല. ഒരു ദിവസമെങ്കിലും ബഥാനിയായിൽ വന്ന് പരി. അമ്മയോടൊപ്പം പ്രാർത്ഥിക്കു വാൻ എല്ലാവരും പരിശ്രമിക്കണം. കാൽനടയായി പരിഹാര ചൈതന്യ ത്തോടെ ജപമാല ചൊല്ലി ഒരു തീർത്ഥാടനമായി ബഥാനിയായിലെത്തി പ്രാർത്ഥിക്കുന്ന ധാരാളം ആളുകളെ കാണുവാൻ സാധിച്ചിട്ടുണ്ട്. ഇടവകകളു ടെയോ കുടുംബ കൂട്ടായ്മകളുടെയോ, ഭക്ത സംഘടനകളുടെയോ നേതൃത്വ ത്തിൽ ഗ്രൂപ്പുകളായും ബഥാനിയായിൽ എത്തി പ്രാർത്ഥിക്കുന്നത് അനുഗ്ര ഹപ്രദമാകും. ഈ വർഷത്തെ അഖണ്ഡജപമാലയുടെ പ്രത്യേക നിയോഗം 'ലോകസമാധാനവും കുടുംബ വിശുദ്ധീകരണവും' എന്നതാണ്. പൊതുനി യോഗങ്ങളോടൊപ്പം വ്യക്തിപരമായ നിയോഗങ്ങളും സമർപ്പിച്ച് നമുക്ക് പ്രാർത്ഥിക്കാം. മറിയം മാനവരാശിയുടെ അമ്മയാണ്, സഭയ്ക്ക് സംരക്ഷക യാണ്, ക്രിസ്ത്യാനികളുടെ സഹായമാണ്, കുടുംബങ്ങളുടെ രാജ്ഞിയാണ്,

നമ്മുടെ സഭയുടെയും, നമ്മുടെ രൂപതയുടെയും, കുടുംബത്തിന്റെയും നിയോഗങ്ങൾ അമ്മയുടെ കരങ്ങൾ വഴി ദൈവത്തിന് സമർപ്പിക്കാം.

ഈ ഒക്ടോബർ മാസത്തിൽ ഇടവകകളിൽ നടക്കുന്ന 10 ദിവസത്തെ ജപമാല യജ്ഞത്തിൽ മുടങ്ങാതെ പങ്കെടുക്കുകയും കുമ്പസാരിച്ച് നമ്മെത്തന്നെ വിശുദ്ധീകരിക്കുകയും ചെയ്യുന്നത് ഉചിതമാണ്. കൂടാതെ 10 ദിവസം കുടുംബകൂട്ടായ്മയിലെ വീടുകകളിൽ മാറിമാറി പ്രത്യേകം ജപമാല ചൊല്ലി പ്രാർത്ഥിക്കണം. അടുത്ത പത്ത് ദിവസം വീടുകളിൽ മാതാവിന്റെ തിരുസ്വരൂപം പ്രത്യേകം അലങ്കരിച്ച് വി. ഗ്രന്ഥത്തിന്റെ സാന്നിധ്യത്തിൽ കുടുംബാംഗങ്ങൾ എല്ലാവരും ഒരുമിച്ച് ജപമാല ചൊല്ലി പ്രാർത്ഥിക്കാം. അങ്ങനെ ഒക്ടോബർ മാസം മുഴുവൻ നമുക്ക് അമ്മയോടൊത്ത് ആഘോഷമായി ദിവ്യരഹസ്യങ്ങൾ ധ്യാനിക്കുവാനും ധാരാളം അനുഗ്രഹങ്ങൾ പ്രാപിക്കുവാനും ഇടയാകും. നിങ്ങളുടെ ജപമാല സമർപ്പണത്തിൽ എന്റെ അജപാലനശുശ്രൂഷകളെയും സ്മരിക്കണമെന്നും എനിക്കുവേണ്ടി പ്രത്യേകം പ്രാർത്ഥിക്കണമെന്നും ഞാൻ നിങ്ങളോട് അഭ്യർത്ഥിക്കുന്നു.

പീഡിതരുടെ ആശ്രയവും സങ്കേതവും സംരക്ഷകയുമാണ് മറിയം. സഭയും സമൂഹവും എപ്പോഴെല്ലാം അതിഭീകരമായ വിപത്തുകളെ അഭിമുഖീകരിച്ചിട്ടുണ്ടോ അപ്പോഴെല്ലാം സ്വർഗ്ഗത്തിന്റെ സഹായവുമായി എത്തിയത് പരിശുദ്ധ കന്യകാമറിയമാണ്. കാനായിലെ കല്യാണവിരുന്നിൽ സമയോചിതമായ മാതാവിന്റെ മാദ്ധ്യസ്ഥ്യം വഴി തന്റെ ആദ്യത്തെ അത്ഭുതം പ്രവർത്തിച്ച ഈശോ (യോഹ. 2) ഭക്തിയോടെ ജപമാല ചൊല്ലി പ്രാർത്ഥിക്കുന്ന നമ്മുടെ ജീവിതത്തിൽ അനുഗ്രഹങ്ങൾ വർഷിക്കട്ടെ എന്ന് പ്രാർത്ഥിക്കുന്നു.

സ്നേഹപൂർവ്വം,



**മാർ റെമീജിയോസ് ഇഞ്ചനാനിയിൽ**

താമരശ്ശേരി രൂപതയുടെ മെത്രാൻ

ഈ സർക്കുലർ 2023 ഒക്ടോബർ 1 ഞായറാഴ്ച വി. കുർബാനമദ്ധ്യേ വായിക്കേണ്ടതാണ്.

# പരിശുദ്ധ പിതാവ് ഫ്രാൻസിസ് പാപ്പാ 2023 ആഗോളപ്രേഷിതദിനത്തിൽ നൽകുന്ന സന്ദേശം

ജ്വലിക്കുന്ന ഹൃദയങ്ങൾ, ചലിക്കുന്ന പാദങ്ങൾ (ലൂക്കാ 24:3-35 കാണുക)

പ്രിയ സഹോദരീസഹോദരന്മാരേ,

വിശുദ്ധ ലൂക്കായുടെ സുവിശേഷത്തിൽ കാണുന്ന എമ്മാവൂസി ലേക്ക് പോയ ശിഷ്യരുടെ കഥയെ ആസ്പദമാക്കി, "ജ്വലിക്കുന്ന ഹൃദയങ്ങൾ, ചലിക്കുന്ന പാദങ്ങൾ," എന്ന ആപ്തവാക്യമാണ് ഈ വർഷത്തെ ആഗോളപ്രേഷിത ഞായറിന് ഞാൻ തിരഞ്ഞെടുത്തി രിക്കുന്നത്. ആ രണ്ട് ശിഷ്യരും അസ്വസ്ഥരും നിരാലംബരും ആയിരുന്നു. എന്നാൽ, വചനത്തിലും അപ്പം മുറിക്കലിലും ക്രിസ്തു വിനെ കണ്ടുമുട്ടിയ അവരിൽ പുതിയൊരു ചൈതന്യം ഉടലെടു ക്കുകയുണ്ടായി. ഉടൻതന്നെ ജറുസലേമിലേക്ക് തിരികെ പോകാനും "കർത്താവ് സത്യമായി ഉയിർത്തെഴുന്നേറ്റു" എന്ന് പ്രഖ്യാപിക്കാ നുമുള്ള ആഗ്രഹം അവരിൽ ജനിക്കുകയുണ്ടായി. ശിഷ്യർക്ക് ഉണ്ടായ ഈ മാനസാന്തരം സുവിശേഷത്തിലെ വിവരണത്തിൽ വ്യക്തമാണ്. ശിഷ്യരിൽ ഉണ്ടായ വ്യത്യാസത്തിലേക്ക് സുവിശേഷ വിവരണത്തിലെ ചില സൂചനകൾ പ്രകടമായി വിരൽചൂണ്ടുന്നു: യേശു വിശുദ്ധ ലിഖിതങ്ങൾ വ്യാഖ്യാനിച്ചു കൊടുത്തപ്പോൾ, അവരുടെ ഉള്ളിൽ "അവരുടെ ഹൃദയങ്ങൾ ജ്വലിക്കുക" ആയി രുന്നു; അവർ അവിടത്തെ തിരിച്ചറിഞ്ഞു കഴിഞ്ഞപ്പോൾ "അവരുടെ നയനങ്ങൾ തുറക്കപ്പെട്ടു;" അവസാനമായി, "അവരുടെ പാദങ്ങൾ പാത പുൽകി." പ്രേഷിതശിഷ്യരായ എല്ലാവരുടെയും സഞ്ചാരത്തെ പ്രതിഫലിപ്പിക്കുന്ന ഈ മൂന്ന് ചിത്രങ്ങളെ ധ്യാനിച്ചുകൊണ്ട് ഇന്നത്തെ ലോകത്തിൽ സുവിശേഷവൽക്കരണ പ്രക്രിയയിൽ ഏർപ്പെടാനുള്ള വിളി നമുക്ക് നവീകരിക്കാം.

1. "അവൻ നമുക്ക് വിശുദ്ധ ലിഖിതങ്ങൾ വ്യാഖ്യാനിച്ചു തന്നപ്പോൾ," നമ്മുടെ ഹൃദയങ്ങൾ ജ്വലിക്കുക ആയിരുന്നു. നമ്മുടെ പ്രേഷിത പ്രവർത്തനത്തിൽ *ദൈവവചനം നമ്മുടെ ഹൃദയങ്ങളെ പ്രകാശിപ്പിക്കുകയും പരിവർത്തനപ്പെടുത്തുകയും ചെയ്യുന്നു.*

ജെറുസലേമിൽനിന്ന് എമ്മാവൂസിലേക്കുള്ള യാത്രയ്ക്കിടെ ആ രണ്ട് ശിഷ്യരുടെ ഹൃദയങ്ങൾ ദുഃഖഭരിതമായിരുന്നു. അവരുടെ മ്ലാനവദനങ്ങൾ അക്കാര്യം വ്യക്തമാക്കിയിരുന്നു; അവർ വിശ്വാസം അർപ്പിച്ചിരുന്ന യേശുവിന്റെ മരണമായിരുന്നു അതിനു കാരണം. ക്രൂശിക്കപ്പെട്ട തങ്ങളുടെ ഗുരുവിന്റെ

പരാജയ പശ്ചാത്തലത്തിൽ അവിടന്ന് മിശിഹാ ആണെന്നുള്ള അവരുടെ പ്രത്യാശപൂർവ്വമായ വിശ്വാസം തകർക്കപ്പെട്ടിരുന്നു (വാ. 21 കാണുക).

"അവർ സംസാരിക്കുകയും തർക്കിക്കുകയും ചെയ്തു കൊണ്ടു പോകുമ്പോൾ യേശുതന്നെ അടുത്തെത്തി അവരോടൊപ്പം യാത്ര ചെയ്തു" (വാ. 15). ആദ്യശിഷ്യരെ വിളിച്ച വേളയിൽ എന്നപോലെ, ഇപ്പോൾ അവർ മ്ളാനവദനരായിരുന്ന നേരത്ത് കർത്താവ് മുൻകൈ യെടുത്തുകൊണ്ട് അവരുടെ മധ്യേ വരുന്നു; അവിടന്ന് അവരെ സമീ പിച്ച്, അവരുടെ കൂടെനടക്കുന്നു. അതുപോലെ തന്റെ നിസ്സീമമായ കരുണയാൽ അവിടുത്തേക്ക് നമ്മോട് ഒരിക്കലും മടുപ്പ് തോന്നു കയില്ല. നമ്മുടെ എല്ലാ പരാജയങ്ങൾക്കും സംശയങ്ങൾക്കും ബലഹീനതകൾക്കും ഉപരിയാണ് അവിടത്തെ കരുണ; അല്പ വിശ്വാസികളായ നാം നമ്മുടെ ദുഃഖവും നൈരാശ്യവാദവുംമൂലം "ഭോഷന്മാരും ഹൃദയം മന്ദീഭവിച്ചവരും" (വാ. 25) ആയാൽപ്പോലും.

അന്നത്തെപ്പോലെ ഇന്നും ഉത്ഥിതനായ കർത്താവ് തന്റെ പ്രേഷിത ശിഷ്യരോട് ചേർന്നിരിക്കുന്നു. അവിടന്ന് അവരുടെ ചാരെ നടക്കുന്നു, ഏറെ പ്രത്യേകിച്ച് അവർ ലക്ഷ്യരഹിതരും നിരുത്സാഹ പ്പെട്ടവരും തങ്ങൾക്ക് ചുറ്റും നിൽക്കുന്നതും തങ്ങളെ വലയം ചെയ്യാൻ ഉദ്ദേശിക്കുന്നതുമായ തിന്മയുടെ രഹസ്യത്തെ ഭയപ്പെടുന്നവരും ആകുമ്പോൾ. ആകയാൽ, "പ്രത്യാശ മോഷ്ടിക്കപ്പെട്ടവരാകാതി രിക്കാൻ നമുക്ക് ശ്രമിക്കാം" (*സുവിശേഷത്തിന്റെ സന്തോഷം*, [*Evangelii Gaudium*], 86). നമ്മുടെ എല്ലാ പ്രശ്നങ്ങൾക്കും അതീത നായവനാണ് കർത്താവ്, പ്രത്യേകിച്ച് ലോകത്തോട് സുവിശേഷം പ്രഘോഷിക്കുക എന്ന നമ്മുടെ ദൗത്യത്തിന് മുന്നിലാണ് പ്രസ്തുത പ്രശ്നങ്ങൾ നാം അഭിമുഖീകരിക്കുന്നതെങ്കിൽ. എന്തെന്നാൽ, ഈ ദൗത്യം അവിടത്തേതാണ്; നമ്മൾ കേവലം വിനീത സഹപ്രവർത്ത കരത്രേ, "പ്രയോജനമില്ലാത്ത ദാസർ" (ലൂക്കാ 17:10 കാണുക).

ഇത്തരുണത്തിൽ പ്രേഷിതപ്രവർത്തനത്തിൽ ഏർപ്പെട്ടിരി ക്കുന്ന ലോകംമുഴുവനുള്ള എല്ലാ സ്ത്രീ പുരുഷന്മാരെയും എന്റെ സാമിപ്യം അറിയിക്കുവാൻ ഞാൻ ആഗ്രഹിക്കുന്നു, ഏറെ പ്രത്യേകിച്ച് ഏതെങ്കിലും തരത്തിൽ ഈ പ്രക്രിയയിൽ ആയിരിക്കുമ്പോൾ വലിയ സഹനം ഏറ്റെടുത്തിരിക്കുന്നവരോട്. പ്രിയ സുഹൃത്തുക്കളേ, ഉത്ഥിതനായ നാഥൻ നിങ്ങളോടൊപ്പം എപ്പോഴുമുണ്ട്. നിങ്ങളുടെ ഔദാര്യവും വിദൂര നാടുകളിൽ സുവിശേഷവൽക്കരണം നടത്തുന്ന നിങ്ങളുടെ ദൗത്യത്തിൽ നിങ്ങൾ ചെയ്യുന്ന ത്യാഗപൂർണമായ പ്രവൃത്തികളെയും അവിടന്ന് കാണുന്നു. നിങ്ങളുടെ ദിവസങ്ങളെല്ലാം സ്വസ്ഥവും കാർമേഘരഹിതവും ആണെന്ന് ഞാൻ കരുതുന്നില്ല. എന്നാൽ, തന്റെ പീഡാനുഭവത്തിനുമുമ്പായി തന്റെ സുഹൃത്തുക്ക ളോട് അവിടന്ന് പറഞ്ഞത് നമുക്ക് വിസ്മരിക്കാതിരിക്കാം: "ലോകത്തിൽ നിങ്ങൾക്കു

ഞെരുക്കം ഉണ്ടാകും. എങ്കിലും ധൈര്യ മുള്ളവരായിരി ക്കുവിൻ; ഞാൻ ലോകത്തെ കീഴടക്കിയിരിക്കുന്നു” (യോഹ 16:33).

എമ്മാവൂസിലേക്കുള്ള വഴിയിലെ രണ്ട് ശിഷ്യരെ ശ്രവിച്ച ശേഷം, “മോശ മുതൽ എല്ലാ പ്രവാചകന്മാരും വിശുദ്ധ ലിഖിതങ്ങ ളിലെല്ലാം തന്നെപ്പറ്റി എഴുതിയിരുന്നവ അവൻ അവർക്കു വ്യാഖ്യാ നിച്ചു കൊടുത്തു” (ലൂക്കാ 24:27). ശിഷ്യരുടെ ഹൃദയങ്ങൾ, അവർ പിന്നീട് പരസ്പരം പങ്കുവച്ചതുപോലെ, ഉത്സാഹഭരിതമായി: “വഴിയിൽവച്ച് അവൻ നമ്മോടു സംസാരിച്ചു കൊണ്ടിരുന്നപ്പോഴും നമ്മോടു വിശുദ്ധ ലിഖിതങ്ങൾ വ്യാഖ്യാനിച്ചു കൊണ്ടിരുന്നപ്പോഴും നമ്മുടെ ഹൃദയം ജ്വലിക്കുകയായിരു ന്നില്ലേ?” (വാ.32). യേശുതന്നെ യാണ് ജീവിക്കുന്ന വചനം; അവിടത്തേക്കു മാത്രമേ നമ്മുടെ ഹൃദയങ്ങളെ ജ്വലിപ്പിക്കാനാവൂ; എന്തെന്നാൽ അവിടന്ന് അവയെ പ്രകാശിപ്പിക്കുകയും പരിവർത്തനപ്പെടുത്തുകയും ചെയ്യുന്നു.

ഈ പശ്ചാത്തലത്തിലാണ് നാം വിശുദ്ധ ജെറോമിന്റെ സൂക്തം കൂടുതൽ വ്യക്തമായി മനസ്സിലാക്കുന്നത്: “വിശുദ്ധലിഖി തങ്ങളെ ക്കുറിച്ചുള്ള അജ്ഞത ക്രിസ്തുവിനെക്കുറിച്ചുള്ള അജ്ഞതയാണ്” (*ഏശയ്യായുടെ ഗ്രന്ഥത്തിന്റെ വ്യാഖ്യാനം*, ആമുഖം [ *Commentary on Isaiah*, Prologue]). “കർത്താവ് നമുക്കത് വ്യാഖ്യാനിച്ചു തന്നില്ലെങ്കിൽ, വിശുദ്ധലിഖിതങ്ങൾ ആഴത്തിൽ മനസ്സിലാക്കാൻ നമുക്ക് കഴിയുകയില്ല; അതേസമയം, മറിച്ചുള്ളതും ഇതുപോലെ തന്നെ സത്യമാണ്: വിശുദ്ധലിഖിതങ്ങൾ ഇല്ലാതെ യേശുവിന്റെ ദൗത്യത്തിലെ സംഭവങ്ങളും ലോകത്തിൽ അവന്റെ സഭയുടെ ദൗത്യവും അസ്പഷ്ട മായിരിക്കും” (*അവൻ അവർക്ക് തുറന്നു കൊടുത്തു*, 1 [*Aperuit Illis*]). ആയതിനാൽ, ക്രിസ്തീയ ജീവിത ത്തിൽ വിശുദ്ധ ലിഖിത ങ്ങളെക്കുറിച്ചുള്ള അറിവ് പ്രധാനപ്പെട്ടതാണ്; ക്രിസ്തുവിനെയും അവിടത്തെ സുവിശേഷത്തെയും പ്രസംഗിക്കണ മെങ്കിലാകട്ടെ ഈ അറിവ് അതിലേറെ പ്രാധാന്യമർഹിക്കുന്ന ഒന്നാണ്. അങ്ങനെയല്ലെങ്കിൽ, നിങ്ങൾ കൈമാറുന്നത് നിങ്ങളുടെ ആശയങ്ങളും പദ്ധതികളും ആയിരിക്കില്ലേ? ഒരു തണുത്ത ഹൃദയ ത്തിന് മറ്റുഹൃദയങ്ങളെ ഒരിക്കലും ജ്വലിപ്പിക്കാൻ ആകുകയില്ലല്ലോ!

ഉത്ഥിതനായ നാഥൻതന്നെ നമുക്ക് വിശുദ്ധ ലിഖിതങ്ങളുടെ അർത്ഥം വ്യാഖ്യാനിച്ചുതരുന്നതിനാൽ അവിടന്നിനാൽ അനുഗമനം ചെയ്യപ്പെടാൻ നാം സദാ സന്നദ്ധരായിരിക്കണം. അവിടന്ന് നമ്മുടെ ഉള്ളിൽ നമ്മുടെ ഹൃദയങ്ങളെ ജ്വലിപ്പിക്കട്ടെ; അവിടന്ന് നമ്മെ പ്രകാശിപ്പിക്കുകയും പരിവർത്തനപ്പെടുത്തുകയും ചെയ്യട്ടെ. അങ്ങനെ നമുക്ക് ലോകത്തിന്റെ മുമ്പിൽ അവിടത്തെ ആത്മാവിൽ നിന്നുവരുന്ന ശക്തിയിലും ജ്ഞാനത്തിലും രക്ഷയുടെ രഹസ്യം പ്രഘോഷിക്കാനാകും.

2. അപ്പം മുറിച്ചപ്പോൾ "ഞങ്ങളുടെ കണ്ണുകൾ തുറക്കുകയും ഞങ്ങൾ അവനെ തിരിച്ചറിയുകയും ചെയ്തു." ദിവ്യകാരുണ്യ ത്തിലെ യേശു നമ്മുടെ പ്രേഷിതദൗത്യത്തിന്റെ ഉറവയും ഉച്ചിയും ആണ്.

ദൈവവചനത്തിനായി തങ്ങളുടെ ഹൃദയങ്ങൾ ജ്വലിച്ചു കൊണ്ടിരുന്നതിനാൽ എമ്മാവൂസിലേക്ക് പോയ ശിഷ്യർ നേരം സന്ധ്യയായ തിനാൽ തങ്ങളുടെ കൂടെചേർന്ന ആ അപരിചിതനായ വഴിപോ ക്കനെ തങ്ങളോടൊപ്പം വസിക്കാൻ ക്ഷണിച്ചു. അവർ മേശക്കരികിൽ ഇരുന്നനേരം അവിടന്ന് അപ്പം മുറിച്ച് നൽകിയപ്പോൾ അവരുടെ നയനങ്ങൾ തുറക്കപ്പെടുകയും അവർ അവിടത്തെ തിരിച്ചറിയുകയും ചെയ്തു. ശിഷ്യരുടെ നയനങ്ങൾ തുറക്കപ്പെടാൻ ഇടയാക്കിയ നിർണായക ഘടകം യേശു നിർവഹിച്ച അനുക്രമമായ ചില പ്രവൃത്തികൾ ആണ്: അവിടന്ന് അപ്പമെടുത്ത് ആശീർവദിച്ചു മുറിച്ച് അവർക്കു കൊടുത്തു. ഒരു യഹൂദ ഭവനത്തിലെ കുടുംബനാഥൻ സാധാരണ ചെയ്തിരുന്ന പ്രവൃത്തികളാണവ. എന്നാൽ പരിശുദ്ധാ ത്മാവിന്റെ കൃപാവരത്തിൽ യേശുക്രിസ്തു അത് ചെയ്തപ്പോൾ മേശയ്ക്കരികിൽ ഇരുന്ന ആ രണ്ടുപേർക്കും അത് അപ്പം വർദ്ധിപ്പി ക്കലിന്റെയും, എല്ലാറ്റിനും ഉപരിയായി, കുരിശിലെ ബലിയുടെ കൂദാശയായ ദിവ്യകാരുണ്യത്തിന്റെയും അടയാളം ആവർത്തിക്കുന്നതിന്റെ അനുഭവമായിരുന്നു. എന്നാൽ അപ്പം മുറിച്ച് അതേ നിമിഷം തന്നെ, അവർ യേശുവിനെ തിരിച്ചറിഞ്ഞപ്പോൾതന്നെ, "അവൻ അവരിൽനിന്ന് അപ്രത്യക്ഷനായി" (ലൂക്കാ 24:31). ഇവിടെ നാം നമ്മുടെ വിശ്വാസത്തിന്റെ ഒരു അടിസ്ഥാന യാഥാർത്ഥ്യം തിരിച്ചറി യുന്നു: അപ്പം മുറിക്കുന്ന ക്രിസ്തു ഇപ്പോൾ മുറിക്കപ്പെടുന്ന അപ്പമായി ഭവിക്കുന്നു; അവിടന്ന് ശിഷ്യരുടെ ഇടയിൽ പങ്കുവയ്ക്കപ്പെടുകയും ഉൾക്കൊള്ളപ്പെടുകയും ചെയ്യുന്നു. അവിടന്ന് ഇനിമേൽ കാണപ്പെടു ന്നില്ല; അവിടന്നിപ്പോൾ ശിഷ്യരുടെ ഹൃദയങ്ങളിൽ പ്രവേശിച്ചവനായി; അങ്ങനെ അവർ കൂടുതൽ ജ്വലിക്കുന്നവരായിത്തീരും. അത് അവരെ ഉത്ഥിതനായ നാഥനെ കണ്ടുമുട്ടിയതിന്റെ അതുല്യമായ അനുഭവം എല്ലാവരുമായി പങ്കുവയ്ക്കാൻ ഉടനെതന്നെ ഇറങ്ങിപുറ പ്പെടാൻ പ്രേരിപ്പിക്കുന്നു. ആകയാൽ, ഉത്ഥിതനായ ക്രിസ്തു അപ്പം മുറിക്കുന്നവനും അതേസമയംതന്നെ നമുക്കായി മുറിക്കപ്പെട്ട അപ്പമായും ഭവിക്കുന്നു. അതിനാൽ, ഓരോ പ്രേഷിതശിഷ്യനും യേശുവിനെപ്പോലെ ആയിത്തീരാൻ വിളിക്കപ്പെട്ടിരിക്കുന്നു. അങ്ങനെ ക്രിസ്തുവിലൂടെയും പരിശുദ്ധാത്മാവിന്റെ പ്രവർത്തനത്താലും അവൻ അപ്പം മുറിക്കുന്നവനും ലോകത്തിനുവേണ്ടി മുറിക്കപ്പെടുന്ന അപ്പമായും മാറേണ്ടിയിരിക്കുന്നു.

യഥാർത്ഥത്തിൽ ക്രിസ്തുനാമത്തിൽ വിശക്കുന്നവരുമായി ഭൗതികമായ അപ്പം മുറിക്കുന്നതുതന്നെ ക്രൈസ്തവ പ്രേഷിത പ്രവൃ ത്തിയാണെന്ന് തിരിച്ചറിയേണ്ടതുണ്ട്. അങ്ങനെയെങ്കിൽ, ദിവ്യകാ രുണ്യ അപ്പംമുറിക്കൽ അതിനേക്കാളേറെ വലിയ പ്രേഷിത പ്രവർത്തനം അല്ലേ? കാരണം, ക്രിസ്തു

തന്നെയാണ് മുറിക്കപ്പെടു ന്നത്; അത് പ്രേഷിതപ്രവർത്തനത്തിന്റെ സമുന്നത ഭാവമാണ്; എന്തെന്നാൽ സഭയുടെ ജീവിതത്തിന്റെയും പ്രേഷിതദൗത്യത്തി ന്റെയും ഉറവയും ഉച്ചിയും ആണ് ദിവ്യകാരുണ്യം.

ബെനഡിക്ട് പതിനാറാം പാപ്പാ ചൂണ്ടിക്കാണിച്ചിട്ടുള്ള തുപോലെ: "ദിവ്യകാരുണ്യ കൂദാശയിൽ നാം ആഘോഷിക്കുന്ന സ്നേഹം നമുക്ക് സ്വകാര്യമായി വയ്ക്കാവുന്ന ഒന്നല്ല. എല്ലാവരുമായി അത് പങ്കുവയ്ക്കണം എന്ന് അത് അതിന്റെ സ്വഭാവത്തിൽത്തന്നെ ആവശ്യപ്പെടുന്നു. ലോകത്തിനു ആവശ്യമായിരിക്കുന്നത് ദൈവ ത്തിന്റെ സ്നേഹമാണ്. ക്രിസ്തുവിനെ കണ്ടുമുട്ടുകയും അവനിൽ വിശ്വസിക്കുകയും ചെയ്യുക ലോകത്തിന്റെ ആവശ്യമാണ്. അതു കൊണ്ട് ദിവ്യകാരുണ്യം സഭയുടെ ജീവിതത്തിന്റെ മാത്രമല്ല, അവളുടെ പ്രേഷിതദൗത്യത്തിന്റെയും ഉറവിടവും അത്യൂച്ചസ്ഥാന വുമാണ്: 'യഥാർത്ഥ ദിവ്യകാരുണ്യപരമായ സഭ ഒരു പ്രേഷിത സഭ യാണ്'" (*സ്നേഹത്തിന്റെ കൂദാശ* [Sacramentum Caritatis], 84).

ഫലം പുറപ്പെടുവിക്കണമെങ്കിൽ നാം യേശുവുമായി ഐക്യ പ്പെട്ടിരിക്കണം (യോഹ 15;4-9 കാണുക). ദൈനംദിനമുള്ള പ്രാർത്ഥനവഴിയാണ് ഈ ഐക്യം സാധ്യമാകുന്നത്, ഏറെ പ്രത്യേ കിച്ച് ദിവ്യകാരുണ്യ ആരാധനവഴി. ദിവ്യകാരുണ്യ ആരാധനയിൽ ദിവ്യകൂദാശയിൽ നമ്മോടൊപ്പം ആയിരിക്കുന്ന കർത്താവിന്റെ സാന്നിധ്യത്തിൽ നാം നിശബ്ദരായി ഇരിക്കുകയാണെല്ലോ! ക്രിസ്തുവുമായുള്ള ഐക്യം സ്നേഹപൂർവ്വം പരിപോഷിപ്പിക്കുന്ന തുവഴി പ്രേഷിതശിഷ്യന് ഒരു പ്രവർത്തനനിരതനായ യോഗിയായി (mystic in action) തീരാൻ സാധിക്കും. നമ്മുടെ ഹൃദയങ്ങൾ എപ്പോഴും യേശുവുമായുള്ള സഹവാസത്തിൽ ആയിരിക്കാൻ കാംക്ഷിക്കട്ടെ, ഏറെ പ്രത്യേകിച്ച് സായംസന്ധ്യകളിൽ; എമ്മാവൂസിലേക്ക്പോയ ആ രണ്ട് ശിഷ്യരുടെ തീക്ഷ്ണമായ യാചന അവയിൽ പ്രതിധ്വനി ക്കട്ടെ: "നാഥാ ഞങ്ങളോടൊത്ത് വസിച്ചാലും" (ലൂക്ക 24:29 കാണുക).

3. നമ്മുടെ പാദങ്ങൾ പാതയിൽ ആയിരിക്കുകയും ഉത്ഥിതനായ ക്രിസ്തുവിനെക്കുറിച്ച് മറ്റുള്ളവരോട് സന്തോഷപൂർവ്വം സംസാരി ക്കുകയും ചെയ്യുന്നു. എപ്പോഴും പുറത്തേക്ക് ഗമിക്കുന്ന സനാതന യുവത്വമുള്ള ഒരു സഭയുടെ ചിത്രമാണിത്.

അപ്പം മുറിക്കലിൽ കണ്ണുകൾ തുറക്കപ്പെടുകയും അങ്ങനെ യേശുവിനെ തിരിച്ചറിയുകയും ചെയ്ത ആ ശിഷ്യർ "ഉടനെതന്നെ ജറുസലേമിലേക്ക് തിരികെ പോയി" (ലൂക്കാ 24:33 കാണുക). കർത്താവിനെ കണ്ടതിന്റെ സന്തോഷം മറ്റുള്ളവരുമായി പങ്കുവയ് ക്കാൻ തിടുക്കത്തിൽ നടത്തിയ ഈ പുറപ്പാട് ഒരു കാര്യം വ്യക്തമാ ക്കുന്നു: "സുവിശേഷത്തിന്റെ സന്തോഷം യേശുവിനെ കണ്ടുമുട്ടുന്ന എല്ലാവരുടെയും ഹൃദയങ്ങളിലും ജീവിതം

മുഴുവനിലും നിറയുന്നു. അവിടന്നുവഴിയായി രക്ഷ പ്രാപിക്കാനായി തങ്ങളെത്തന്നെ അനുവദിക്കുന്നവർ പാപം, ദുഃഖം, ആന്തരികശൂന്യത, ഏകാന്തത എന്നിവയിൽനിന്ന് സ്വതന്ത്രരാക്കപ്പെടുന്നു. യേശുക്രിസ്തുവിനോടൊപ്പം സന്തോഷം നിരന്തരം ജനിക്കുകയും പുനർജനിക്കുകയും ചെയ്യുന്നു" (*സുവിശേഷത്തിന്റെ സന്തോഷം*, 1).

അവിടത്തെക്കുറിച്ച് എല്ലാവരോടും പറയാനുള്ള അത്യുത്സാഹം ജനിപ്പിക്കപ്പെടാതെ ഒരാൾക്ക് താൻ ഉത്ഥിതനായ യേശുവിനെ യഥാർത്ഥമായും കണ്ടുമുട്ടി എന്ന് പറയാൻ ആകില്ല. ആകയാൽ, നമ്മുടെ പ്രേഷിതദൗത്യത്തിന് പ്രഥമവും പ്രധാനവുമായ വിഭവം എന്ന് പറയുന്നത് ഉത്ഥിതനായ ക്രിസ്തുവിനെ വിശുദ്ധലിഖിതങ്ങളിലും ദിവ്യകാരുണ്യത്തിലും തിരിച്ചറിഞ്ഞ ആളുകളാണ്; തങ്ങളുടെ ഹൃദയങ്ങളിൽ അവിടത്തെ അഗ്നിയും മിഴികളിൽ അവിടത്തെ പ്രകാശവും പേറുന്നവരാണവർ. ബുദ്ധിമുട്ടേറിയതും അന്ധകാര പൂരിതവുമായ വേളകളിൽപോലും ഒരിക്കലും അവസാനിക്കാത്ത ജീവനെക്കുറിച്ച് അവർക്ക് സാക്ഷ്യം നൽകാനാകും.

"പാതകളിൽ ആയിരിക്കുന്ന പാദങ്ങൾ" എന്ന ചിത്രം ജനതക ളോടുള്ള പ്രേഷിതദൗത്യത്തിന്റെ (*missio ad gentes*) സനാതന സാധ്യതയെക്കുറിച്ച് വീണ്ടും നമ്മെ ഓർമിപ്പിക്കുന്നു. അതായത്, ഉത്ഥിതനായ നാഥൻ സഭയെ ഭരമേല്പിച്ച ഭൂമിയുടെ അതിർത്തി കൾവരെ എല്ലാ വ്യക്തികളെയും ജനപദങ്ങളെയും സുവിശേഷ വൽക്കരിക്കുക എന്ന് പ്രേഷിതദൗത്യം. അനീതിയുടെ അസംഖ്യം സാഹചര്യങ്ങളാലും ഒട്ടനവധി ഭിന്നതകളാലും യുദ്ധങ്ങളാലും മുറിവേറ്റിരിക്കുന്ന നമ്മുടെ മനുഷ്യകുടുംബത്തിന് ഇന്ന് മറ്റെന്നേക്കാളും ഉപരി സമാധാനത്തിന്റെ സദ്വാർത്തയും ക്രിസ്തു വിലുള്ള രക്ഷയും ആവശ്യമായിരിക്കുന്നു. ഈ അവസരത്തിൽ വീണ്ടും ഞാൻ ഊന്നിപ്പറയുന്നു, "സുവിശേഷം ലഭിക്കാൻ എല്ലാവർക്കും അവകാശമുണ്ട്. ആരെയും ഒഴിവാക്കാതെ സുവി ശേഷം പ്രഘോഷിക്കാൻ ക്രൈസ്തവർക്ക് കടമയുമുണ്ട്. പുതിയ ബാധ്യതകൾ അടിച്ചേൽപ്പിക്കുന്നുവെന്നു തോന്നിപ്പിക്കാതെ അവർ തങ്ങളുടെ സന്തോഷം പങ്കുവയ്ക്കാൻ ആഗ്രഹിക്കന്നവരായി, സൗന്ദര്യത്തിന്റെ നവചക്രവാളം ചൂണ്ടിക്കാണിക്കുന്നവരായി, മറ്റുള്ളവരെ രുചികരമായ സദ്യയിലേക്ക് ക്ഷണിക്കുന്നവരായി കാണപ്പെടണം" (*സുവിശേഷത്തിന്റെ സന്തോഷം*, 14). നാം വ്യക്തി കൾ എന്ന നിലയിലും സമൂഹങ്ങൾ എന്ന നിലയിലും പ്രേഷിത ദൗത്യത്തിനായി പരിവർത്തനപ്പെടണം എന്നതായിരിക്കണം നമ്മുടെ മുഖ്യലക്ഷ്യം, എന്തെന്നാൽ, സഭയുടെ മുഴുവൻ പ്രവർത്തനത്തിനും അടിസ്ഥാന മാതൃക ആയിരിക്കുന്നത് പ്രേഷിതപ്രവർത്തനം തന്നെയാണ്" (*സുവിശേഷത്തിന്റെ സന്തോഷം*, 15).

പൗലോസ് അപ്പോസ്തലൻ പറയുന്നതുപോലെ ക്രിസ്തുവിന്റെ സ്നേഹം നമ്മെ കീഴടക്കുകയും നിർബന്ധിക്കുകയും ചെയ്യുന്നു (2 കോറി 5:14 കാണുക). ഈ സ്നേഹത്തിന് രണ്ടു വശങ്ങളുണ്ട്: ക്രിസ്തുവിന് നമ്മോടുള്ള സ്നേഹം; അത് നമ്മുടെ സ്നേഹത്തെ ക്ഷണിക്കുകയും പ്രചോദിപ്പിക്കുകയും അവനോടുള്ള സ്നേഹ ത്തിനായി നമ്മെ പ്രേരിപ്പിക്കുകയും ചെയ്യുന്നു. ഈ സ്നേഹമാണ് സഭയെ രൂപപ്പെടുത്തുന്നത്; അത് നിരന്തരം നവമായിക്കൊണ്ടി രിക്കുകയും സഭയെ യുവത്വത്തിൽ നിലനിറത്തുകയും ചെയ്യുന്നു. എന്തെന്നാൽ, ക്രിസ്തുവിന്റെ സുവിശേഷം പ്രസംഗിക്കുക എന്ന ദൗത്യം സഭ അവളുടെ എല്ലാ അംഗങ്ങളെയും ഭരമേൽപ്പിക്കുന്നു: "ജീവിക്കുന്നവർ ഇനിയും തങ്ങൾക്കുവേണ്ടി ജീവിക്കാതെ, തങ്ങളെപ്രതി മരിക്കുകയും ഉയിർക്കുകയും ചെയ്തവനുവേണ്ടി ജീവിക്കേണ്ടതിനാണ് അവിടന്ന് എല്ലാവർക്കുംവേണ്ടി മരിച്ചത്" (2 കോറി 5:15) എന്ന ബോധ്യത്തിന്റെ അടിസ്ഥാനത്തിലാണിത്. നമുക്കെല്ലാവർക്കും ഈ പ്രേഷിതദൗത്യത്തിനോട് സഹകരിക്കാ നാകും: നമ്മുടെ പ്രാർത്ഥനകൾ, പ്രവർത്തനങ്ങൾ, നമ്മുടെ ഭൗതിക കാഴ്ചവസ്തുക്കൾ, നമ്മുടെ സഹനത്തിലുള്ള കാഴ്ചവയ്പ്പ്, നമ്മുടെ വ്യക്തിപരമായ സാക്ഷ്യം എന്നിവവഴി. ഭൗതികവും ആധ്യാത്മിക വുമായ തലങ്ങളിലുള്ള പ്രേഷിത സഹകരണത്തിന് ഉത്തമ സാഹചര്യങ്ങൾ ഒരുക്കുന്ന പ്രസ്ഥാനങ്ങളാണ് പൊന്തിഫിക്കൽ മിഷൻ സൊസൈറ്റികൾ. അതിനാൽ, ലോക മിഷൻ ഞായറാഴ്ച യിലെ ധനസമാഹരണം വിശ്വാസ പ്രചാരണത്തിനുള്ള പൊന്തി ഫിക്കൽ സൊസൈറ്റിക്ക് (Pontifical Society for the Propagation of the Faith) വേണ്ടിയുള്ളതാണ്.

മിഷനറി പ്രവർത്തനത്തിനുവേണ്ടിയുള്ള സഭയുടെ ത്വര അവളുടെ എല്ലാ അംഗങ്ങളും തമ്മിലുള്ളതും എല്ലാ തലത്തിലുള്ള തുമായ പ്രേഷിതസഹകരണത്തിന് നമ്മെ ക്ഷണിക്കുന്നു. കൂട്ടായ്മ, പങ്കാളിത്തം, പ്രേഷിതദൗത്യം എന്നീ താക്കോൽ സംജ്ഞകളാൽ നയിക്കപ്പെട്ട് സഭ ഇപ്പോൾ നടത്തുന്ന സിനഡാത്മക സഞ്ചാര ത്തിന്റെ അടിസ്ഥാന ലക്ഷ്യങ്ങളിലൊന്ന് ഇതുതന്നെയാണ്. ഈ സഞ്ചാരം എന്ന് പറയുന്നത് സഭ തന്നിലേക്ക്തന്നെ തിരിയുന്നതിന്റെ ഭാവമല്ല; സഭ എന്ത് വിശ്വസിക്കുയും എന്ത് നടപ്പിൽ വരുത്തുകയും ചെയ്യണമെന്നതിന്റെ വോട്ടെടുപ്പല്ല അത്; അത് മാനുഷീകമായ മുൻഗണനകൾ നിർണ്ണയിക്കുന്ന ഒരു കാര്യവും അല്ല. മറിച്ച്, എമ്മാവൂസിലേക്കുപോയ ശിഷ്യരെപ്പോലെ, ഉത്ഥിതനായ നാഥനെ ശ്രവിച്ചുകൊണ്ട് ഇറങ്ങിപ്പുറപ്പെടുന്ന ഭാവമാണ് സഭയ്ക്കുള്ളത്. എന്തെന്നാൽ, വിശുദ്ധ ലിഖിതങ്ങൾ വ്യാഖ്യാനിച്ചുതരാനും നമുക്കായി അപ്പം മുറിച്ചുതരാനും കർത്താവ് എപ്പോഴും നമ്മുടെ പക്കലേക്ക് വരുന്നു; അങ്ങനെ

പരിശുദ്ധാത്മാവിന്റെ ശക്തിയാൽ ലോകത്തിൽ അവിടത്തെ ദൗത്യം നമുക്ക് നിർവഹിക്കാനാകും.

വഴിമധ്യേ എന്താണ് സംഭവിച്ചതെന്ന് എമ്മാവൂസിലേക്ക് പോയ ആ രണ്ട് ശിഷ്യർ മറ്റുള്ളവരോട് പറഞ്ഞതുപോലെ (ലൂക്കാ 24:35 കാണുക) നമ്മുടെ പ്രഘോഷണം കർത്താവായ ക്രിസ്തുവിനെക്കു റിച്ച് ആയിരിക്കും; അത് അവിടത്തെ ജീവൻ, പീഡാനുഭവം, മരണം, ഉത്ഥാനം എന്നിവയെയും അവിടന്ന് നമ്മുടെ ജീവിതങ്ങളിൽ നടത്തിയ സ്നേഹത്തിന്റെ വിസ്മയങ്ങളെക്കുറിച്ചും ആയിരിക്കും. ആകയാൽ, ഉത്ഥിതനായ നാഥനുമായ കണ്ടുമുട്ടലിനാൽ പ്രകാശി തരും അവിടത്തെ ആത്മാവാൽ പ്രചോദിതരുമായി നമുക്ക് വീണ്ടും ഇറങ്ങിപുറപ്പെടാം. ജ്വലിക്കുന്ന ഹൃദയവുമായി നമുക്ക് ഇറങ്ങി ചെല്ലാം; നമ്മുടെ നയനങ്ങൾ തുറന്നു വയ്ക്കാം; നമ്മുടെ പാദങ്ങൾ പാതയിൽ മുന്നേറട്ടെ. മറ്റുള്ളവരുടെ ഹൃദയങ്ങൾ ദൈവവചനത്താൽ ഉജ്ജ്വലിപ്പിക്കപ്പെടുന്നതിനും ദിവ്യകാരുണ്യത്തിലുള്ള യേശുവിലേക്ക് അവരുടെ കണ്ണുകൾ തിരിക്കുന്നതിനും ദൈവം മനുഷ്യരാശിക്കു മുഴുവനുമായി ചൊരിഞ്ഞിരിക്കുന്ന സമാധാനത്തിന്റെയും രക്ഷയുടെയും പാതയിലൂടെ ഒരുമിച്ച് സഞ്ചരിക്കുന്നതിനുമായി നമുക്ക് അവരെ ക്ഷണിക്കുകയും ചെയ്യാം.

ക്രിസ്തുവിന്റെ പ്രേഷിതശിഷ്യരുടെ മാതാവും പ്രേഷിതരം ഗങ്ങളുടെ രാജ്ഞിയും പാതയിലെ സ്ത്രീയുമായ പരിശുദ്ധ കന്യക മറിയം നമുക്കുവേണ്ടി പ്രാർത്ഥിക്കട്ടെ.

റോമിലെ വിശുദ്ധ ജോൺ ലാറ്ററൻ മഹാദേവാലയത്തിൽവച്ച് കർത്താവിന്റെ പ്രത്യക്ഷവൽക്കരണ മഹോത്സവദിനത്തിൽ, 2023 ജനുവരി ആറാം തീയതി നൽകിയത്.

ഫ്രാൻസിസ് പാപ്പാ

**പി.ഒ.സി., കേരള കത്തോലിക്കാസഭയുടെ ആസ്ഥാനകാര്യാലയം**

# കച്ചേരിക്കാര്യം

## 1. New appointments

| | | |
|---|---|---|
| Rev. Fr. Antony Varakil | : | Judicial Vicar, Eparchial Tribunal |
| Rev. Fr. Sebastian Karackal | : | Vicar, Peruvannamuzhy |

## 2. അഭിവന്ദ്യ പിതാവിന്റെ നാമഹേതുകത്തിരുനാൾ

ഒക്ടോബർ 1-ാം തീയതി സ്വർഗീയമദ്ധ്യസ്ഥന്റെ തിരുനാൾ ആഘോഷിക്കുന്ന രൂപതാദ്ധ്യക്ഷൻ അഭിവന്ദ്യ മാർ റെമീജിയോസ് ഇഞ്ചനാനിയിൽ പിതാവിനു വേണ്ടി നമുക്ക് പ്രാർത്ഥിക്കാം. തന്റെ ശുശ്രൂഷകളിലൂടെ രൂപതയ്ക്കും ദൈവജനത്തിനും പൊതുസമൂഹത്തിനും ഇനിയും നന്മകൾ വർഷിക്കാൻ ആവശ്യമായ ദൈവാനുഗ്രഹം പിതാവിനു ലഭിക്കട്ടെ. നാമഹേതുകത്തിരുനാളിന്റെ മംഗളങ്ങൾ രൂപതാകുടുംബത്തിന്റെ പേരിൽ ആശംസിക്കുന്നു.

## 3. കൊന്തനമസ്കാരം

ഒക്ടോബർ മാസത്തിൽ ദൈവാലയത്തിൽ വി. കുർബാന എഴുന്നള്ളിച്ചു വച്ചു നടത്തുന്ന പത്തുദിവസത്തെ ആഘോഷമായ ജപമാലയർപ്പണം നമ്മുടെ നല്ല പാരമ്പര്യത്തിന്റെ ഭാഗമാണല്ലോ. ആധുനിക കാലഘട്ടത്തിൽ പരിശുദ്ധ അമ്മയുടെ പ്രത്യേക മാദ്ധ്യസ്ഥ്യവും അഭയവും ആശ്രയവും നമുക്ക് തേടാം. ദൈവാല യത്തിൽ കൊന്തനമസ്കാരം നടത്തുന്നതോടൊപ്പം കുടുംബകൂട്ടായ്മകളിലും പത്തുദിവസത്തെ കൊന്തനമസ്കാരം നടത്തുന്നത് ഉചിതമായിരിക്കും.

## 4. അഖണ്ഡജപമാല സമർപ്പണ സമാപനം - ഒക്ടോബർ 27

ബഥാനിയ സെന്ററിൽ ജൂലൈ 19 മുതൽ നടന്നുവന്നിരുന്ന 101 ദിവസത്തെ അഖണ്ഡജപമാല സമർപ്പണത്തിന്റെ സമാപനം ഒക്ടോബർ 27 നാണ്. ലോകസമാധാനത്തിനും കുടുംബങ്ങളുടെ നവീകരണത്തിനും വേണ്ടി പരിശുദ്ധ അമ്മയുടെ പ്രത്യേക മാദ്ധ്യസ്ഥ്യം നമുക്ക് യാചിക്കാം.

## 5. മിഷൻ ഞായർ

ഈ വർഷത്തെ മിഷൻ ഞായർ ഒക്ടോബർ 22-ാം തീയതിയാണ്. അന്നേദിവസം സഭയുടെ വിവിധ മിഷൻ പ്രവർത്തനങ്ങൾക്കുവേണ്ടി പ്രാർത്ഥിക്കുവാനുള്ള പ്രത്യേക അവസരമാണ്. അന്ന് വി. കുർബാനമദ്ധ്യേ എടുക്കുന്ന പ്രത്യേക സ്തോത്രക്കാഴ്ച മിഷൻ പ്രവർത്തനങ്ങൾക്കുവേണ്ടി രൂപതാകേന്ദ്രത്തിൽ ഏൽപ്പിക്കേണ്ടതാണ്.

**6. ക്ലർജി സെമിനാർ**

ഈ വർഷത്തെ ക്ലർജി സെമിനാർ പി.എം.ഒ.സി.യിൽ വച്ച് 2023 നവംബർ 27-ാം തീയതി തിങ്കളാഴ്ച വൈകുന്നേരം 7 മണിക്ക് ആരംഭിക്കുന്നതും 30-ാം തീയതി വ്യാഴാഴ്ച സമാപിക്കുന്നതുമാണ്. സംഘടനകളുടെയും സ്ഥാപനങ്ങളുടെയും ബഹു. ഡയറക്ടറച്ചന്മാർ പ്രവർത്തന റിപ്പോർട്ടും സാമ്പത്തിക റിപ്പോർട്ടും തയ്യാറാക്കേണ്ടതാണെന്ന കാര്യം ഓർമ്മിപ്പിക്കുന്നു. എല്ലാ വൈദികരും സെമിനാറിൽ മുഴുവൻ സമയവും പങ്കെടുക്കേണ്ടതാണ്.

**7. പുതിയ മേൽവിലാസം**

**Francis Kaviyil**
Kirchstraße 22,
53797 Lohmar
Germany
Tel: +49 15152002259; +49 1608412442
E-mail: franciskaviyil@gmail.com;
Francis.Kaviyil@Erzbistum-koeln.de

**8. ആദരാഞ്ജലി**

ബഹു. മാത്യു ചൂരപ്പൊയ്കയിൽ അച്ചന്റെ മാതാവ് **റോസക്കുട്ടി ചൂരപ്പൊയ്കയിൽ** (98) 2023 സെപ്റ്റംബർ 3-ാം തീയതി തന്റെ നിത്യസമ്മാനത്തിനായി വിളിക്കപ്പെട്ടു. 4-ാം തീയതി തിങ്കളാഴ്ച വിലങ്ങാട് ഇടവകയിൽ നടന്ന മൃതസംസ്കാര ശുശ്രൂഷകൾക്ക് അഭിവന്ദ്യ മാർ ജോർജ് വലിയമറ്റം പിതാവ് കാർമ്മികത്വം വഹിച്ചു. സന്തപ്ത കുടുംബാംഗങ്ങളോട് പ്രത്യേകിച്ച് ബഹു. മാത്യു അച്ചനോട് രൂപതയുടെ അനുശോചനവും പ്രാർത്ഥനകളും അറിയിക്കുകയും പരേതയുടെ ആത്മശാന്തിക്കുവേണ്ടി പ്രാർത്ഥിക്കുകയും ചെയ്യുന്നു.

ബഹു. കുര്യാക്കോസ് കൊച്ചുകൈപ്പേൽ അച്ചന്റെ മാതാവ് **വത്സമ്മ കൊച്ചുകൈപ്പേൽ** (63) 2023 സെപ്റ്റംബർ 22-ാം തീയതി നിത്യസമ്മാനത്തിനായി വിളിക്കപ്പെട്ടു. വിളക്കാംതോട് ഇടവകയിൽ നടന്ന മൃതസംസ്കാര ശുശ്രൂഷകൾക്ക് രൂപത വികാരി ജനറാൾ മോൺ. അബ്രാഹം വയലിൽ കാർമ്മികത്വം വഹിച്ചു. സന്തപ്ത കുടുംബാംഗങ്ങളോട് പ്രത്യേകിച്ച് ബഹു. കുര്യാക്കോസ് അച്ചനോട് രൂപതയുടെ അനുശോചനവും പ്രാർത്ഥനകളും അറിയിക്കുകയും പരേതയുടെ ആത്മശാന്തിക്കുവേണ്ടി പ്രാർത്ഥിക്കുകയും ചെയ്യുന്നു.

**9. നാല്പതുമണി ആരാധന**

നമ്മുടെ രൂപതയുടെ റൂബി ജൂബിലിയോടനുബന്ധിച്ച് നടത്തുന്ന നാല്പതുമണി ആരാധാന ഒക്ടോബർ 4 മുതൽ ആരംഭിക്കുകയാണ്.

ഒക്ടോബർ- നവംബർ മാസങ്ങളിൽ ആരാധന നടത്തുന്ന ഇടവകകളുടെ പേരുകളും തീയതിയും താഴെ കൊടുക്കുന്നു.

**2023 ഒക്ടോബർ 4 മുതൽ 31 വരെ വരെ - വിലങ്ങാട് ഫൊറോന**

| | | |
|---|---|---|
| വിലങ്ങാട് | ഒക്ടോബർ | 4, 5, 6,7. |
| വാളൂക്ക് | ഒക്ടോബർ | 9, 10, 11, 12. |
| പാലൂർ | ഒക്ടോബർ | 13, 14, 16, 17. |
| മഞ്ഞക്കുന്ന് | ഒക്ടോബർ | 18, 19, 20, 21. |
| വടകര | ഒക്ടോബർ | 23, 24, 25, 26. |
| വളയം | ഒക്ടോബർ | 27, 28, 30, 31. |

**2023 നവംബർ 1 മുതൽ ഡിസംബർ 2 വരെ - മരുതോങ്കര ഫൊറോന**

| | | |
|---|---|---|
| മരുതോങ്കര | നവംബർ | 1, 2, 3, 4 |
| ചാപ്പൻതോട്ടം | നവംബർ | 6, 7, 8, 9 |
| ചാത്തൻകോട്ടുനട | നവംബർ | 10, 11, 13, 14 |
| ചെമ്പനോട | നവംബർ | 15, 16, 17, 18 |
| കരിങ്ങാട് | നവംബർ | 20, 21, 22, 23 |
| കുണ്ടുതോട് | നവംബർ | 24, 25, 27, 28 |
| പടത്തുകടവ് | നവംബർ | 29, 30, ഡിസം. 1,2 |

**10. സ്മരണാഞ്ജലി**

| | | |
|---|---|---|
| 01-10-2006 | - | റവ. ഫാ. ബർത്തലോമ്യോ സി.എം.ഐ |
| 04-10-1994 | - | റവ. ഫാ. ജേക്കബ് ആലുങ്കൽ |
| **04-10-2014** | **-** | **റവ. ഫാ. ജെയിംസ് മുണ്ടയ്ക്കൽ** |
| 07-10-2001 | - | റവ. ഫാ. ജോസഫ് കച്ചിറമറ്റം |
| 07-10-2006 | - | റവ. ഫാ. എവരിസ്റ്റസ് പാംബ്ലാനി സി.എം.ഐ |
| **07-10-2018** | **-** | **റവ. ഫാ. മാണി കണ്ടനാട്ട്** |
| 22-10-2009 | - | റവ. ഫാ. വർഗീസ് ചക്കുങ്കൽ വി.സി. |
| 23-10-1982 | - | റവ. ഫാ. സബാസ് സി.എം.ഐ. |
| 26-10-1978 | - | റവ. ഫാ. ആഡ്രിയാൻ സി.എം.ഐ. |
| **29-10-2022** | **-** | **റവ. ഫാ. പോൾ പുത്തൻപുര** |
| 30-10-2002 | - | റവ. ഫാ. ജേക്കബ് കുന്നപ്പള്ളിൽ |

**പ്രോട്ടോസിഞ്ചെല്ലൂസ്**

# പാവനസ്മരണയ്ക്ക്



റവ. ഫാ. ജെയിംസ്
മുണ്ടയ്ക്കൽ
04.10.2014
തിരുവമ്പാടി



റവ. ഫാ. മാണി
കണ്ടനാട്ട്
07.10.2018
പാലാ



റവ. ഫാ. പോൾ
പുത്തൻപുര
29.10.2022
മുത്തോലപുരം, പാലാ

**George Cardinal Alencherry**
**Major Archbishop**
**Syro-Malabar Church**

Prot. No. 1006/2023

# DECREE

## Particular Law on Betrothal and Publishing of Banns in Mixed Marriages Solemnized with Dispensation from Catholic Form of Marriage

Whereas the III Session of the XXXI Synod of Bishops of the Syro-Malabar Church held from August 21 to 26, 2023, in accordance with CCEO c. 110 §1, approved by voting the law on betrothal and publishing of banns in mixed marriages solemnized with dispensation from Catholic form of marriage, the undersigned Cardinal George Alencherry, Major Archbishop of the Syro-Malabar Church, as per c. 112 §1 of CCEO, promulgates the following:

i. Betrothal and publication of banns shall be allowed in mixed marriages solemnized with dispensation from the Catholic form of marriage if requested by at least one of the parties.

ii. Banns shall indicate that the marriage announced is solemnized with dispensation from the Catholic form of marriage granted by the Major Archbishop and that it will be solemnized in the Church of the non-Catholic party.

Given from the Major Archiepiscopal Curia of the Syro-Malabar Church at Mount St. Thomas, Kakkanad on 21 September 2023, the Feast of St. Mathew the Apostle.

MAR GEORGE ALENCHERRY · MAJOR ARCHBISHOP OF THE SYRO-MALABAR CHURCH

Cardinal George Alenchery
Major Archbishop of the
Syro-Malabar Church

Fr. Abraham Kavilpurayidathil
Major Archiepiscopal Chancellor

The Syro-Malabar Major Archiepiscopal Curia
Mount St. Thomas, P.B.No. 3110, P.O. Kakkanad, Kochi – 682 030, Kerala, India
Tel: (0484) 2424780, 2424768, 2426235; Fax: (0484) 2422727. E-mail: majorarchbishop@gmail.com, Website:www.syromalabarchurch.in

George Cardinal Alencherry
Major Archbishop
Syro-Malabar Church

Prot. No. 1007/2023

# DECREE

## Particular Law on Civil Registration of Marriage for Obtaining Family Visa before Sacramental Solemnization of Marriage

Whereas the III Session of the XXXI Synod of Bishops of the Syro-Malabar Church held from 21 to 26 August, 2023, in accordance with CCEO c. 110 §1, approved by voting the law on civil registration of marriage of Syro-Malabar faithful before solemnizing sacramental marriage for the purpose of obtaining family visa, the undersigned Cardinal George Alencherry, Major Archbishop of the Syro-Malabar Church, as per c. 112 §1 of CCEO, promulgates the following:

i. The Syro-Malabar faithful who, for serious reasons such as obtaining family visa to foreign countries find it necessary to register their marriages under relevant civil law before the sacramental solemnization of the marriage in the church, may approach their own local hierarch, with proper application and testimonial letter from the parish priest concerned, for obtaining permission to that effect.

ii. The party who approaches the local hierarch for permission shall present a written request to that effect which shall carry the undertaking that they will not live together, being aware of the sinfulness of cohabitation before the sacramental marriage and that they will get marriage sacramentally solemnized at the earliest possibility. In addition, the request shall also carry the signatures of both the bride and the bridegroom.

iii. The testimonial letter shall indicate whether the applicant/s belong to the parishes indicated in the application and whether the facts mentioned are true.

iv. Ordinarily the request is to be addressed to the local hierarch of the bridegroom. However, when the local hierarch of the bridegroom cannot be accessed, then the local hierarch of the bride may be approached.

The Syro-Malabar Major Archiepiscopal Curia
Mount St. Thomas, P.B.No. 3110, P.O. Kakkanad, Kochi – 682 030, Kerala, India
Tel: (0484) 2424780, 2424768, 2426235; Fax: (0484) 2422727. E-mail: majorarchbishop@gmail.com, Website:www.syromalabarchurch.in

v. In the permission it shall be specifically mentioned that it is granted under condition that the applicants agree not to cohabit before sacramental marriage and that they will get married sacramentally at the earliest possibility.

i. vi. After the civil registration of the marriage a copy of the certificate of registration shall be given to both parish priests and the information about the marriage shall be entered in a special section of the marriage registers of both the parishes.

vii. If at least one of the parties requests for betrothal and publication of banns before the solemnization of the sacramental marriage, the request shall be granted by the parish priests. To do so, no permission from the local hierarch is required.

viii. The date of marriage to be entered in the marriage register after the sacramental marriage is the date of the sacramental marriage. In the remark column, however, the date of the civil marriage is to be mentioned.

ix. While issuing marriage certificates the parish priests shall indicate the date of sacramental solemnization.

All contrary dispositions notwithstanding.

Given from the Major Archiepiscopal Curia of the Syro-Malabar Church at Mount St. Thomas, Kakkanad on 21 September 2023, the Feast of St. Mathew the Apostle.

Cardinal George Alenchery
Major Archbishop of the
Syro-Malabar Church

Fr. Abraham Kavilpurayidathil
Major Archiepiscopal Chancellor

The Syro-Malabar Major Archiepiscopal Curia
Mount St. Thomas, P.B.No. 3110, P.O. Kakkanad, Kochi – 682 030, Kerala, India
Tel: (0484) 2424780, 2424768, 2426235; Fax: (0484) 2422727. E-mail: majorarchbishop@gmail.com, Website:www.syromalabarchurch.in

# ശാന്തതയിലൂടെ മറ്റുള്ളവരിലേക്ക് കുടിയേറിയ തോമസ് കൊച്ചുപറമ്പിൽ അച്ചൻ



യിലെ കടപ്ലാമറ്റം പരേതരായ കൊച്ചുപറമ്പിൽ
കളുടെ മൂന്നുമക്കളിൽ മൂന്നാമനായി ജനിച്ചു. കട
ൾ വിദ്യാ ഭ്യാസം പൂർത്തിയാക്കിയ ശേഷം പാലാ
ാ രിയിൽ പഠനം ആരംഭിച്ചു. ആലുവ സെന്റ്
ൽ സെമിനാരിയിൽ തത്വശാസ്ത്ര -
ൂർത്തി യാക്കി, അവിഭക്ത തലശ്ശേരി രൂപത
ാരാഷ്ട്ര ദിവ്യകാരുണ്യ കോൺഗ്രസ്സിൽ,
ുടെ സാന്നിധ്യത്തിൽ ബോംബെയിൽ വച്ച് 1964
രൂപതയുടെ പ്രഥമ മെത്രാനായിരുന്ന മാർ
താവിൽ നിന്ന് വൈദികപട്ടം സ്വീകരിച്ചു. തുടർന്ന്
കടപ്ലാമറ്റം ഇടവകയിൽ പ്രഥമ ദിവ്യബലി അർപ്പിച്ചു.

അഭിവക്ത തലശ്ശേരി അതിരൂപതയിലെ കോടഞ്ചേരി ഇടവകയിൽ അസിസ്റ്റന്റ് വികാരിയായും മഞ്ഞുവയൽ, കട്ടിപ്പാറ, കൊളക്കാട്, ഭീമനടി, അടയ്ക്കാകുണ്ട്, കുളിരാമുട്ടി, മഞ്ഞക്കടവ്, ഇടവകകളിലും താമരശ്ശേരി രൂപത സ്ഥാപനത്തിനു ശേഷം പുന്നയ്ക്കൽ, കുളത്തുവയൽ, കുണ്ടുതോട്, വിലങ്ങാട്, പാതിരിക്കോട്, അശോകപുരം, പെരുവണ്ണാമൂഴി, മലപ്പുറം, പടത്തുകടവ് എന്നീ ഇടവകകളിലും വികാരിയായും സേവനമനുഷ്ഠിച്ചിട്ടുണ്ട്. കല്ല്യാൺ രൂപതയിൽ പത്തുവർഷത്തോളം ബഹു. തോമസ് അച്ചൻ സേവനം ചെയ്തിരുന്നു. മഞ്ഞുവയൽ യു.പി. സ്കൂൾ, കട്ടിപ്പാറ ദൈവാലയം, പടത്തുകടവ് ഹയർ സെക്കണ്ടറി സ്കൂൾ എന്നിവയുടെ നിർമ്മാണം ബഹു. കൊച്ചുപറമ്പിൽ അച്ചന്റെ കാലത്തായിരുന്നു. 2016 ൽ ഔദ്യോഗിക ജീവിതത്തിൽ നിന്ന് വിരമിച്ച് ഈരൂട് വിയാനി പ്രീസ്റ്റ് ഹോമിൽ വിശ്രമ ജീവിതം നയിക്കുകയായിരുന്നു.

അച്ചനെ അറിയാവുന്നവർക്കെല്ലാം ഒരു പാട് നല്ല ഓർമ്മകൾ മാത്രം സമ്മാനിച്ച ഒരു നല്ല ഇടയനായിരുന്നു തോമസച്ചൻ. എല്ലാവരോടും നിറഞ്ഞ പുഞ്ചിരിയോടെ ഇടപഴകിയിരുന്ന ലാളിത്യത്തിന്റെ ഉദാത്ത മാതൃക സമ്മാനിച്ച, മുന്നിലുള്ളത് ആരാണെങ്കിലും മുഖം നോക്കാതെ, നീതിക്കുവേണ്ടി ശക്തമായി നിലകൊണ്ടിരുന്ന, ആലംബഹീനർക്ക് അത്താണിയും ആശയറ്റവർക്ക് പ്രതീക്ഷയും ആരോരുമില്ലാത്തവർക്ക് ആശ്രയവും അഗതികൾക്ക് ആലംബവുമായി തോമസച്ചൻ മാറി.

അസൗകര്യങ്ങൾ മാത്രം കൈമുതലുണ്ടായിരുന്ന കുടിയേറ്റ ജനതയുടെ

മനസ്സറിഞ്ഞ ഇടയനായിരുന്നു തോമസച്ചൻ. തന്നെ ഏല്പിച്ച എല്ലാ ഉത്തരവാദിത്വങ്ങളും തികഞ്ഞ ആത്മാർത്ഥതയോടും വിശ്വസ്തതയോടും കൂടി പൂർത്തിയാക്കുവാൻ അച്ചന് സാധിച്ചിട്ടുണ്ട്. ഇടവകകളിൽ തന്റെ ശക്തമായ നേതൃത്വവും കഠിനാദ്ധ്വാനവും കൊണ്ട് ഇടവകജനത്തെ മുന്നോട്ട് നയിക്കാൻ അച്ചന് സാധിച്ചിരുന്നു. കണ്ടുമുട്ടുന്ന എല്ലാവരെയും നിറപുഞ്ചിരിയോടെ സ്വീകരിക്കുവാൻ അച്ചനു കഴിയുമായിരുന്നു. അച്ചന്റെ ആ പുഞ്ചിരി അവസാന കാലം വരെയും മുഖത്ത് നിന്നും മാഞ്ഞിരുന്നില്ല. 2016 ൽ അജപാലന ശുശ്രൂഷകളിൽനിന്ന് വിരമിച്ച് വിശ്രമജീവിതം നയിച്ചുവരികയാ യിരുന്ന അച്ചന് പ്രായാധിക്യത്തിന്റെ ബുദ്ധിമുട്ടുകൾ  ഉണ്ടായിരുന്നു. ആരോടും പരാതിയോ പരിഭവമോ ഇല്ലാതെ തന്റെ രോഗ പീഡകളെ സന്തോഷത്തോടെ അച്ചൻ സ്വീകരിച്ചു. രോഗാവസ്ഥകൾ വീണ്ടും അസ്വസ്ഥനാക്കാൻ തുടങ്ങിയപ്പോഴും ആരോഗ്യം മോശമായപ്പോഴും മനസ്സിൽ സ്വർഗ്ഗീയ യാത്രയുടെ ഒരുക്കങ്ങൾ നടക്കുന്നതിനാൽ ശാന്തനായിരുന്നു. ഇതിനോടകം അഭിവന്ദ്യ പിതാവിൽ നിന്നും രോഗീലേപന കൂദാശ സ്വീകരിച്ചു. 2023 ആഗസ്റ്റ് 28ന് രാവിലെ കൂടുതൽ ശാരീരിക അസ്വസ്ഥത അനുഭവപ്പെടുകയും തുടർ പരിശോധനകൾക്കായി താമ രശ്ശേരി, ചാവറ ഹോസ്പിറ്റലിലേക്കുള്ള യാത്രാമധ്യേ തന്നെ ഇത്രയും നാൾ പരിപാലിച്ച ദിവ്യനാഥനോട് ചേരാൻ തോമസച്ചൻ വിളിക്കപ്പെട്ടു. തോമസച്ചന്റെ ഭൗതിക ദേഹം 28-ാം തീയ്യതി ഉച്ചയ്ക്ക് 1 മണി മുതൽ 29-ാം തീയ്യതി രാവിലെ 10 മണി വരെ അച്ചൻ അവസാനകാലത്ത് വിശ്രമജീവിതം നയിച്ചുവന്ന ഈരൂട് വിയാനി വൈദിക മന്ദിരത്തിൽ പൊതു ദർശനത്തിന് വച്ചു. തുടർന്ന് 10 മണി യോടെ തലശ്ശേരി അതിരൂപതയിലെ കൊട്ടോടി ഇടവകയിലെ അച്ചന്റെ ഭവന ത്തിലേക്ക് ഭൗതികദേഹം സംവഹിക്കപ്പെട്ടു. ആഗസ്റ്റ് 30ന് രാവിലെ 9 മണിക്ക് കൊട്ടോടി സെന്റ് സേവ്യേഴ്സ് ദൈവലായത്തിൽ, അഭിവന്ദ്യ മാർ ജോർജ്ജ് വലിയമറ്റം പിതാവിന്റെയും അഭിവന്ദ്യ മാർ റെമീജിയോസ് പിതാവിന്റെയും കാർമ്മികത്വത്തിൽ ബഹു. തോമസച്ചന്റെ മൃതസംസ്കാര ശുശ്രൂഷകൾ നടന്നു.

"സ്നേഹിക്കാനും സേവനം ചെയ്യാനും" എന്നുള്ള ആപ്തവാക്യം സ്വീക രിച്ച തോമസ് കൊച്ചുപറമ്പിലച്ചൻ അതിനനുസരിച്ചുള്ള ജീവിതമാണ് നയിച്ച തെന്ന് നിസ്സംശയം പറയാം. എത്രയേറെ സഹായങ്ങൾ തന്നെക്കൊണ്ട് ചെയ്യാൻ സാധിക്കുമെന്നതായിരുന്നു തോമസച്ചന്റെ ചിന്ത. ആരെയും പിണക്കാത്ത, ശാന്ത സ്വഭാവക്കാരനായിരുന്ന, ആരെങ്കിലും ദേഷ്യപ്പെട്ട് സംസാരിച്ചാൽ പുഞ്ചിരി യോടെ അവയെ നേരിടുന്ന കൊച്ചുപറമ്പിലച്ചനെയേ നമ്മൾ കണ്ടിട്ടുള്ളൂ. ബഹുമാനപ്പെട്ട തോമസച്ചനെ താമരശ്ശേരി രൂപതയ്ക്ക് നൽകിയ കൊച്ചുപറ മ്പിൽ കുടുംബാംഗങ്ങളോട് താമരശ്ശേരി രൂപതയുടെ കടപ്പാടും സ്നേഹവും അറിയിക്കുന്നു. ധന്യമായ ജീവിതം നയിച്ച് നമുക്കേവർക്കും മാതൃകയായ തോമസച്ചനെ നമ്മുടെ പ്രാർത്ഥനകളിൽ സ്മരിക്കാം.

# വിശ്വാസപരിശീലനം

“ദൈവത്തിന്റെ വചനം സജീവവും ഊർജസ്വലവുമാണ്; ഇരുതലവാളിനെക്കാൾ മൂർച്ചയേറിയതും, ചേതനയിലും ആത്മാവിലും സന്ധിബന്ധങ്ങളിലും മജ്ജയിലും തുളച്ചുകയറി ഹൃദയത്തിന്റെ വിചാരങ്ങളെയും നിയോഗങ്ങളെയും വിവേചിക്കുന്നതുമാണ്” (ഹെബ്രായർ 4:12).

## ലൂമിന 2023

സെപ്റ്റംബർ 3 ഞായറാഴ്ച മലപ്പുറം മേഖലയിലെ യുവജനങ്ങൾക്കായുള്ള ലൂമിന പ്രോഗ്രാം മഞ്ചേരി പള്ളിയിൽ വച്ച് നടന്നു. 112 യുവജനങ്ങൾ പങ്കെടുത്തു . സെപ്റ്റംബർ 6 ബുധനാഴ്ച്ച പെരിന്തൽമണ്ണമേഖലയിലെ ലൂമിന പ്രോഗ്രാം പെരിന്തൽമണ്ണ ഫൊറോന പള്ളിയിൽ വച്ച് നടന്നു. 200 യുവജനങ്ങൾ പങ്കെടുത്തു.

## Power Cell (മതാധ്യാപക സംഗമം)

സെപ്റ്റംബർ 11 തിങ്കളാഴ്ച കാളികാവ് സെന്ററിൽ വച്ച് നടന്ന പവർസെൽ -6 ൽ കരുവാരകുണ്ട് മേഖലയിലെ എല്ലാ ഇടവകകളിൽ നിന്നുമായി 55 അധ്യാപകർ പങ്കെടുത്തു. സെപ്റ്റംബർ 25 തിങ്കളാഴ്ച കരികണ്ടൻപാറ സെന്ററിൽ വച്ച് നടന്ന പവർസെൽ - 8 ൽ കൂരാച്ചുണ്ട്, കരികണ്ടൻപാറ, പാത്തിപ്പാറ, കാറ്റുള്ളമല എന്നീ ഇടവകകളിൽ നിന്നും അധ്യാപകർ പങ്കെടുത്തു. സെപ്റ്റംബർ 26 ചൊവ്വാഴ്ച കല്ലാനോട് സെന്ററിൽ വച്ച് നടന്ന പവർ സെൽ-9 ൽ കല്ലാനോട്, കക്കയം, കരിയാത്തുംപാറ എന്നീ ഇടവകകളിൽ നിന്ന് അധ്യാപകർ പങ്കെടുത്തു.

## Faith @ Home

എല്ലാ ഇടവകകളിലും മതബോധന വിദ്യാർത്ഥികളുടെ മാതാപിതാക്കൾക്കായി ഒരുക്കുന്ന Faith @ Home റിസോഴ്സ് ടീമിന്റെ ട്രെയ്നിങ് പ്രോഗ്രാം സെപ്റ്റംബർ 9 ശനിയാഴ്ച്ച രാവിലെ 9.30 മുതൽ 12.30 വരെ ബിഷപ്പ്സ് ഹൗസ് ഓഡിറ്റോറിയത്തിൽ നടന്നു. രൂപത മതബോധന ഡയറക്ടർ റവ. ഫാ. ജോൺ പള്ളിക്കാവയലിൽ എല്ലാവരെയും സ്വാഗതം ചെയ്തു. രൂപത വികാരി ജനറാൾ മോൺ. അബ്രാഹം വയലിൽ മീറ്റിങ് ഉദ്ഘാടനം ചെയ്തു. റൂബി ജൂബിലി കോഡിനേറ്റർ റവ. ഫാ. ജോൺ ഒറവുങ്കര റിസോഴ്സ് ടീമിന് വേണ്ട മാർഗനിർദേശങ്ങൾ നൽകി. തൃശ്ശൂർ ഹോളി ഫാമിലി സിസ്റ്റേഴ്സിന്റെ നേതൃത്വത്തിൽ ഗ്രൂപ്പ് അടിസ്ഥാനത്തിൽ ക്ലാസ്സുകൾ നൽകി. ഫൊറോന ടീം ഗാതറിംങ്ങോടെ ക്യാമ്പ് സമാപിച്ചു. സണ്ണി കോക്കാപ്പള്ളിൽ എല്ലാവർക്കും നന്ദി പറഞ്ഞു.

## ACC 13,14 ക്ലാസ്സുകൾ

സെപ്റ്റംബർ മാസത്തെ ACC 13 ന്റെ 2 ക്ലാസ്സുകൾ , ACC 14 ന്റെ 2 ക്ലാസ്സുകളും കാറ്റിക്കിസം യൂട്യൂബ് ചാനലിൽ സംപ്രേക്ഷണം ചെയ്തു. ACC 13 ൽ "ഏകമധ്യസ്ഥനായ ക്രിസ്തുവും വിശുദ്ധരുടെ മാധ്യസ്ഥ വും" എന്ന വിഷയത്തെ കുറിച്ച് റവ. ഫാ. മാത്യു തൂമുള്ളിൽ, "ആരാധനക്രമവും വിശ്വാസജീവിതവും" എന്ന വിഷയത്തെ കുറിച്ച് റവ. ഫാ. അഗസ്റ്റിൻ തുറവക്കൽ എന്നിവർ ക്ലാസ്സുകളെടുത്തു. ACC 14 ൽ "വി.കുർബാനയിലൂടെ ലഭിക്കുന്ന അനുഗ്രഹങ്ങൾ" എന്ന വിഷയത്തെകുറിച്ച് റവ.സി. ജെസ്‌ലിൻ സി.എം.സി, "ഉത്ഥിതനായ ക്രിസ്തുവിന്റെ സാന്നിദ്ധ്യം ഇന്ന്" എന്ന വിഷയത്തെ കുറിച്ച് റവ. ഫാ. ചെറിയാൻ പൊങ്ങൻപാറ എന്നിവർ ക്ലാസ്സുൾ എടുത്തു. ACC 13,14 Mr. Johnson Poovathinkal ന്റെ ഇതേ ക്ലാസ്സുകൾ പവർപോയിന്റ് പ്രസന്റേഷനോടുകൂടി സംപ്രേക്ഷണം ചെയ്തു.

## മീഡിയ കാറ്റക്കേസിസ്

സെപ്റ്റംബർ മാസത്തിൽ നടത്തപ്പെട്ട ലൂമിന, പവർ സെൽ, Faith @ Home, ACC ക്ലാസ്സുകൾ എന്നിവയുടെ വീഡിയോസ് കാറ്റക്കിസം യൂട്യൂബ് ചാനലിൽ സംപ്രേക്ഷണം ചെയ്തു.

## ഓൺലൈൻ ക്ലാസ്സ് Assignment

സീറോ മലബാർ കാറ്റെകെറ്റിക്കൽ കമ്മീഷൻ സംഘടിപ്പിച്ച കൂദാശകളെക്കുറിച്ചുള്ള ഓൺലൈൻ ക്ലാസുകളുടെ Assignment രൂപതയിൽ 350 അധ്യാപകർ സമർപ്പിച്ചു. ആമുഖ സെമിനാറിൽ പങ്കെടുത്ത 49 അധ്യാപകർ കാറ്റെകെറ്റിക്കൽ കമ്മീഷന്റെ നിർദ്ദേശ പ്രകാരം വർക്കുകൾ സമർപ്പിച്ചു.

## Faith @ Parish

സെപ്റ്റംബർ 17 ഞായറാഴ്ച്ച കൂടത്തായി ഇടവകയിൽ രൂപത മതബോധന ഡയറകട്ർ ഫാ. ജോൺ പള്ളിക്കാവയലിൽ സന്ദർശനം നടത്തുകയും. മതബോധന പ്രവർത്തനങ്ങൾ വിലയിരുത്തുകയും ചെയ്തു. കൂടത്തായി ഇടവകയിലെ മാതാപിതാക്കൾക്ക് ക്ലാസ്സുകൾ എടുക്കുകയും കുടുംബവിശ്വാസ പരിശീലനത്തിന്റെ ആവശ്യകതയെക്കുറിച്ച് ബോധ്യപ്പെടുത്തുകയും ചെയ്തു.

## ഒക്ടോബർ 2023

01 ഞായർ – ഏലിയാ ശ്ലീവാ മൂശ 5-ാം ഞായർ, ജപമാല മാസാരംഭം, വി. കൊച്ചുത്രേസ്യ, അഭിവന്ദ്യ റെമീജിയോസ് പിതാവിന്റെ നാമഹേതുക തിരുനാൾ, ലഹരി വിരുദ്ധ ദിനാചരണം, ACC 13, 14 Online Class

02 തിങ്കൾ – കാവൽ മാലാഖ

04 ബുധൻ - വി. ഫ്രാൻസിസ് അസീസി, ഫ്രാൻസിസ് മാർപാപ്പയുടെ തിരുനാൾ

05 വ്യാഴം - Power Cell: പേരാമ്പ്ര സെന്റർ (ചക്കിട്ടപ്പാറ, കുളത്തുവയൽ, മുതുകാട്, പേരാമ്പ്ര, പെരുവണ്ണാമൂഴി, നരിനട) ആവിലായിലെ വി. ത്രേസ്യ, വാ. തേവർപറമ്പിൽ കുഞ്ഞച്ചൻ

08 ഞായർ - ഏലിയാ ശ്ലീവാ മൂശ 6-ാം ഞായർ

11 ബുധൻ - Power Cell: കൂരോട്ടുപാറ സെന്റർ (വലിയകൊല്ലി, കൂരോട്ടുപാറ, മഞ്ഞുമല, മഞ്ഞുവയൽ, ചെമ്പുകടവ്)

14 ശനി - മേഖലാതല പ്രതിഭാസംഗമം (HCC II)

15 ഞായർ - ഏലിയാ ശ്ലീവാ മൂശ 7-ാം ഞായർ
ACC 13, 14 Online Class

17 ചൊവ്വ - വി. ലൂക്കാ സുവിശേഷകൻ

20 വെള്ളി - Power Cell: ചാത്തൻകോട്ടുനട ധ്യാനകേന്ദ്രം സെന്റർ (ചാത്തൻകോട്ടുനട, ചാപ്പൻതോട്ടം, പൊയിലോംചാൽ, പി.ടി. ചാക്കോ നഗർ, പൂതംപാറ, കരിങ്ങാട്)

21 ശനി - അർധവാർഷിക പരീക്ഷയുടെ ചോദ്യപേപ്പറുകൾ മേഖലാ കമ്മറ്റിക്കു നൽകുന്നു. മിഷൻ പിരിവ്

22 ഞായർ - ഏലിയാ ശ്ലീവാ മൂശ 8-ാം ഞായർ
മിഷൻ ഞായർ, വി. ജോൺ പോൾ രണ്ടാമൻ മാർപാപ്പ

29 ഞായർ - ഏലിയാ ശ്ലീവാ മൂശ 9-ാം ഞായർ
മതബോധന അർധവാർഷിക പരീക്ഷ (11am- 01 pm)

30 വെള്ളി - Power Cell : മഞ്ചേരി സെന്റർ (കൂമംകുളം, മഞ്ചേരി, പന്തല്ലൂർ, പയ്യനാട്)

31 ചൊവ്വ - Power Cell : മഞ്ഞക്കടവ് സെന്റർ (കൂടരഞ്ഞി, തേക്കുംകുറ്റി, കുളിരാമുട്ടി, പൂവാറൻതോട്, മഞ്ഞക്കടവ്)

**ഫാ. ജോൺ പള്ളിക്കാവയലിൽ**
ഡയറക്ടർ, വിശ്വാസപരിശീലനം

# ലിറ്റർജി കമ്മീഷൻ

**മർഗാനീസ ക്ലാസ് രണ്ടാം ഭാഗം**

വിശുദ്ധ കുർബാനയാകുന്ന മഹാരഹസ്യത്തെക്കുറിച്ച് ആഴത്തിൽ മനസ്സിലാക്കാൻ വിശ്വാസികളെ സഹായിക്കുന്ന ഓൺലൈൻ പഠന പരമ്പരയായ മർഗാനീസയുടെ രണ്ടാം ഭാഗം ഇപ്പോൾ നടന്നുകൊണ്ടിരിക്കുന്നു.

സെപ്റ്റംബർ 9 ന് ക്ലാസ് നയിച്ചത് പ്രസിദ്ധ കാനൻ നിയമ വിദഗ്ധനായ ബഹു. ഡോ. ജെയിംസ് മാത്യു പാമ്പാറ സി.എം. ഐ അച്ചനായിരുന്നു. 'പരിശുദ്ധ കുർബാനയും സഭാ നിയമവും' എന്ന വിഷയത്തെ ആസ്പദമാക്കിയായിരുന്നു ക്ലാസ്സ്.

സെപ്റ്റംബർ 30ലെ ക്ലാസ് നയിച്ചത് താമരശ്ശേരി രൂപതയിലെ പോപ്പ് ബെനഡിക്ട് ഇൻസ്റ്റിറ്റ്യൂട്ട് ഡയറക്ടർ ബഹു. ഡോ. മാത്യു കുളത്തിങ്കലച്ചനായിരുന്നു. 'വിശുദ്ധ കുർബാനയുടെ ചരിത്ര പശ്ചാത്തലം' എന്ന വിഷയത്തെ ആസ്പദമാക്കിയാണ് അദ്ദേഹം ക്ലാസ് നയിച്ചത്. വൈകിട്ട് 8.30 മുതൽ 9.30 വരെ സൂം മീറ്റിലൂടെ നടത്തിയ ഈ ക്ലാസുകളിൽ വിവിധ സ്ഥലങ്ങളിൽ നിന്നായി നൂറോളം പേർ സംബന്ധിച്ചു.

ഈ ക്ലാസുകൾ നടത്താൻ ആവശ്യമായ എല്ലാ സാങ്കേതിക സഹായങ്ങളും നൽകിയ പോപ്പ് ജോൺപോൾ ഇൻസ്റ്റിറ്റ്യൂട്ട് ഡയറക്ടർ ബഹു. കുര്യൻ പുരമഠത്തിൽ, കോട്ടയ്ക്കൽ ലിറ്റിൽ ഫ്ളവർ ഇടവക പാരിഷ് സെക്രട്ടറി ശ്രീ. ഷിജു കുഴികണ്ടത്തിൽ എന്നിവർക്ക് പ്രത്യേകം നന്ദി അർപ്പിക്കുന്നു.

എല്ലാ മാസത്തെയും രണ്ടാമത്തെയും നാലാമത്തെയും ആഴ്ചയിൽ നടക്കുന്ന ഈ ക്ലാസുകളിൽ പങ്കെടുക്കാൻ ബഹു. അച്ചന്മാർ ഇടവകാംഗങ്ങളെ പ്രോത്സാഹിപ്പിക്കുകയും ഇതുമായി ബന്ധപ്പെട്ട് അയച്ചുതരുന്ന പോസ്റ്ററുകൾ ഇടവക വാട്സ്ആപ്പ് കൂട്ടായ്മകളിൽ ഷെയർ ചെയ്യുകയും ചെയ്യുമല്ലോ.

**ഫാ. ജോസഫ് കളത്തിൽ**
കൺവീനർ, ലിറ്റർജി കമ്മീഷൻ

# സെമിനാരി വാർത്തകൾ

## റീ ഓപ്പണിംഗ്

ആഗസ്റ്റ് 27 ന് തുടങ്ങിയ ഓണാവധിക്ക് ശേഷം സെപ്റ്റംബർ 7 ന് മൈനർ സെമിനാരി വിദ്യാർത്ഥികൾ കൂടുതൽ ഉണർവോടും ഉന്മേഷത്തോടുകൂടെ തങ്ങളുടെ അമ്മഭവനത്തിലേക്ക് തിരിച്ചെത്തി.

## വാർഷിക ധ്യാനം

ആത്മീയ വിശുദ്ധീകരണവും ജീവിത നവീകരണവും ലക്ഷ്യമാക്കി മൈനർ സെമിനാരി വിദ്യാർത്ഥികൾ ഈ വർഷത്തെ വാർഷിക ധ്യാനത്തിൽ പങ്കുചേർന്നു. തൃശ്ശൂർ ഗാഗുൽത്താ ധ്യാന കേന്ദ്രത്തിൽവച്ച് സെപ്റ്റംബർ 10 ന് ആരംഭിച്ച ധ്യാനം സെപ്റ്റംബർ 15 ന് അവസാനിച്ചു. ബഹു. ഫാ. ബെന്നി പീറ്റർ വെട്ടിക്കനാംകുടിയിൽ അച്ചന്റെ നേതൃത്വത്തിലുള്ള ടീമാണ് ധ്യാനം നയിച്ചത്.

## വി. മത്തായി ശ്ലീഹായുടെ തിരുനാൾ

കർത്താവിന്റെ ഒറ്റവാക്കിന് ലോകാദരങ്ങൾ താഴെവച്ച് ക്രിസ്തുവിന്റെ ലഘുവും മധുരവുമായ നുകം തോളിലെടുത്ത സുവിശേഷകനായ വി. മത്തായി ശ്ലീഹായുടെ തിരുനാൾ സെമിനാരിയിൽ സാഘോഷം കൊണ്ടാടി.

**ഫാ. ജേക്കബ് അരീത്തറ**
റെക്ടർ, അൽഫോൻസ സെമിനാരി

# ചെറുപുഷ്പ മിഷൻലീഗ്

## മേഖല ശാഖാ സന്ദർശനങ്ങൾ

2022-23 പ്രവർത്തന വർഷത്തെ മികച്ച ശാഖയും മേഖലയും തിരഞ്ഞെടുക്കുന്നതിനായി ബഹു. ഡയറക്ടർ അച്ചനും ടീം അംഗങ്ങളും കട്ടിപ്പാറ, കണ്ണോത്ത്, മരിയാപുരം, മാലാപറമ്പ് എന്നീ ശാഖകളും പെരിന്തൽമണ്ണ മേഖലയും സന്ദർശിച്ച് വിലയിരുത്തൽ നടത്തി.

## സംസ്ഥാന സമിതി സന്ദർശനം

സംസ്ഥാന സമിതി അംഗങ്ങൾ സെപ്റ്റംബർ16ന് രൂപതാ മിഷൻ ലീഗ് ഓഫീസ് സന്ദർശിച്ച് ചെറുപുഷ്പ മിഷൻ ലീഗിന്റെ 2022-23 വർഷത്തെ പ്രവർത്തനങ്ങൾ വിലയിരുത്തുകയും റെക്കോർഡുകൾ പരിശോധിക്കുകയും ചെയ്തു. തുടർന്ന് പെരിന്തൽമണ്ണ മേഖലയും മരിയാപുരം, മാലാപറമ്പ് കട്ടിപ്പാറ എന്നീ ശാഖകളിലും സന്ദർശനം നടത്തി.

## ഫാ. ജോസഫ് മാലിപ്പറമ്പിൽ സിൽവർ ജൂബിലി മെമ്മോറിയൽ പ്രസംഗ മത്സരം

ചെറുപുഷ്പ മിഷൻ ലീഗ് സ്ഥാപക ഡയറക്ടർ ഫാ. ജോസഫ് മാലിപ്പറമ്പിൽ സിൽവർ ജൂബിലി മെമ്മോറിയൽ എവർ റോളിംഗ് ട്രോഫിക്ക് വേണ്ടിയുള്ള പ്രസംഗ മത്സരത്തിൽ സംസ്ഥാന തലത്തിൽ മൂന്നാം സ്ഥാനം കരസ്ഥമാക്കിയ കൂടരഞ്ഞി ശാഖയിലെ ബ്ലെസി തങ്കച്ചൻ വരകാപ്പിള്ളിലിന് അഭിനന്ദനങ്ങൾ.

ചെറുപുഷ്പ മിഷൻലീഗ് സ്ഥാപക ഡയറക്ടർ ഫാ. ജോസഫ് മാലിപ്പറമ്പിൽ മരണവാർഷിക രജത ജൂബിലി പ്രസംഗ മത്സരത്തിൽ ഒന്നാം സ്ഥാനം നേടുന്നവർക്കുള്ള എവർ റോളിങ് ട്രോഫി സ്പോൺസർ ചെയ്ത തിരുവമ്പാടി അൽഫോൻസാ കോളേജിന് സംസ്ഥാന സമിതി നന്ദി അറിയിച്ചു.

## ചെറുപുഷ്പ മിഷൻ ലീഗ് സംസ്ഥാന സാഹിത്യ മത്സരങ്ങൾ

ചെറുപുഷ്പ മിഷൻ ലീഗ് സംസ്ഥാന സാഹിത്യ മത്സരങ്ങൾ സെപ്റ്റംബർ 22 വെള്ളിയാഴ്ച രാവിലെ മേരിക്കുന്ന് PMOC യിൽ വച്ച് നടത്തപ്പെട്ടു.

## ഗോൾഡൻ സ്റ്റാർ അംഗീകാരം

2022-23 പ്രവർത്തന വർഷത്തെ മികവിന് സംസ്ഥാന തലത്തിൽ താമരശ്ശേരി രൂപതയ്ക്കും പെരിന്തൽമണ്ണ മേഖലക്കും കട്ടിപ്പാറ ശാഖക്കും ഗോൾഡൻ സ്റ്റാർ പുരസ്കാരം ലഭിച്ചു.

## 2022-23 വർഷത്തെ പ്രവർത്തന പുരസ്ക്കാരങ്ങൾ

| | | |
|---|---|---|
| ഗോൾഡൻ സ്റ്റാർ മേഖല | - | പെരിന്തൽമണ്ണ |
| മിഷൻ സ്റ്റാർ മേഖല | - | കോടഞ്ചേരി |
| ഗോൾഡൻ സ്റ്റാർ ശാഖ | - | കട്ടിപ്പാറ |
| സിൽവർസ്റ്റാർ ശാഖ | - | മരിയാപുരം |
| മിഷൻ സ്റ്റാർ ശാഖ | - | മാലാപറമ്പ് |

## മികവുറ്റ പ്രകടനം കാഴ്ചവച്ച ശാഖകൾ

കണ്ണോത്ത്, പെരിന്തൽമണ്ണ, തിരുവമ്പാടി, മൈലെള്ളാംപാറ, പുല്ലൂരാംപാറ, കുപ്പായക്കോട്, കോടഞ്ചേരി.

## അറിയിപ്പ്

രൂപത മിഷൻ കലോത്സവം പ്രേഷിതം 2k23 ഒക്ടോബർ 14 ശനിയാഴ്ച രാവിലെ തിരുവമ്പാടി അൽഫോൻസാ കോളേജിൽ വച്ച് നടത്തപ്പെടുന്നതാണ്.

## ഒക്ടോബർ മാസ പ്രോഗ്രാം

| | |
|---|---|
| 01 ഞായർ | **വി. കൊച്ചുത്രേസ്യായുടെ തിരുനാൾ,** അസാധാരണ സമ്മേളനം, പൊതുദിവ്യകാരുണ്യ സ്വീകരണം, അംഗത്വ നവീകരണം, മിഷൻ മാസാചരണം, അഭിവന്ദ്യ റെമീജിയോസ് പിതാവിന്റെ നാമഹേതുക തിരുനാൾ, രൂപത കലോത്സവത്തിന്റെ ലിസ്റ്റ് തരേണ്ട അവസാന തീയതി |
| 02 തിങ്കൾ | സംസ്ഥാന വാർഷികം - തലശ്ശേരി അതിരൂപതയിൽ, കാവൽ മാലാഖമാരുടെ തിരുനാൾ |
| 03 ചൊവ്വ | CML 77-ാം ജന്മദിനം, പതാക ദിനം, പോസ്റ്റർ നിർമ്മാണം |
| 04 ബുധൻ | വി. ഫ്രാൻസീസ് അസീസ്സിയുടെ തിരുനാൾ ഫ്രാൻസീസ് മാർപാപ്പയുടെ നാമഹേതുക തിരുനാൾ |
| 08 ഞായർ | ചെറുപുഷ്പ മിഷൻലീഗ് ദേശീയ വാർഷികം |
| 12 വ്യാഴം | വാ. കാർലോസ് അകിറ്റസിന്റെ തിരുനാൾ |
| 14 ശനി | രൂപത കലോത്സവം (അൽഫോൻസ കോളേജ്, തിരുവമ്പാടി) |
| 15 ഞായർ | ആവിലായിലെ വി. ത്രേസ്യാ |
| 16 തിങ്കൾ | വാ. തേവർപറമ്പിൽ കുഞ്ഞച്ചൻ |
| 18 ബുധൻ | വി. ലൂക്കാ സുവിശേഷകൻ |

| | |
|---|---|
| 22 ഞായർ | **മിഷൻ ഞായർ–** രൂപതാതല ആഘോഷം<br>ചക്കിട്ടപാറ ശാഖയിൽ, വി. ജോൺ പോൾ രണ്ടാമൻ പാപ്പ |
| 28 ശനി | കലോത്സവ ട്രെയിനിംങ്ങ് പ്രോഗ്രാം |
| 30 തിങ്കൾ | മിഷൻമാസ സമാപനം |

## *പ്രവർത്തനങ്ങൾ*

* പ്രേഷിത ചൈതന്യം ഉൾക്കൊണ്ട് മിഷൻ ഞായർ ആചരണം ആഘോഷമായി കൊണ്ടാടുന്നു
* മിഷൻ പ്രദേശങ്ങളിൽ പ്രവർത്തിക്കുന്നവർക്ക് വേണ്ടി പ്രത്യേകം പ്രാർത്ഥിക്കുന്നു, മിഷൻ പ്രദേശങ്ങളെ പരിചയപ്പെടുത്തുന്നു.
* പതാകദിനത്തോടനുബന്ധിച്ച് ആകർഷകമായ പോസ്റ്ററുകൾ തയ്യാറാക്കുന്നു
* രൂപതാ കലോത്സവം

**ഫാ. ജോർജ്ജ് വെള്ളാരംകാലായിൽ**
ഡയറക്ടർ, ചെറുപുഷ്പ മിഷൻലീഗ്



# തിരുബാലസഖ്യം

"കുഞ്ഞുങ്ങൾ കുഞ്ഞുങ്ങളെ സഹായിക്കട്ടെ കുഞ്ഞുങ്ങൾ കുഞ്ഞുങ്ങൾക്കു വേണ്ടി പ്രാർത്ഥിക്കട്ടെ." എന്ന ആപ്തവാക്യവുമായി താമരശ്ശേരി രൂപതയിൽ ഉണ്ണീശോയുടെ കുഞ്ഞുമക്കളുടെ സംഘടന (തിരുബാലസഖ്യം) ഉണർവോടെ മുന്നേറുന്നു. രൂപതയിലെ ഇടവകകളിൽ വ്യത്യസ്തമായ പ്രവർത്തനങ്ങളിൽ കുഞ്ഞുമക്കൾ പങ്കുകാരാകുന്നു.

- ഓരോ ഞായറാഴ്ചയും കുഞ്ഞുങ്ങൾക്കായി തിരുബാലസഖ്യം രൂപത ഓഫീസിൽ നിന്നും നല്കി വരുന്ന 'Jesus Talk' പ്രോഗ്രാമിൽ രൂപതയിലെ എല്ലാ ഇടവകകളിലെയും തിരുബാലസഖ്യ കുഞ്ഞുങ്ങൾ പങ്കാളികളാകുന്നു.
- പാവങ്ങളുടെ അമ്മയായ മദർതെരേസയുടെ തിരുനാൾ ദിനമായ സെപ്റ്റംബർ 5 ന് വിവിധ ഇടവകകളിൽ കുഞ്ഞുങ്ങൾക്കായി 'മദർ തെരേസ പ്രച്ഛന്ന വേഷ മത്സരം' നടത്തി.
- സെപ്റ്റംബർ 8 ന് പരി. അമ്മയുടെ ജനനതിരുനാളിനായി കുഞ്ഞുങ്ങൾ പ്രാർത്ഥിച്ചൊരുങ്ങി. അന്നേ ദിനം പുല്ലൂരാംപാറ ഇടവക തിരുബാലസഖ്യ അംഗം കുമാരി ഐശ്വര്യ ഷിജു രൂപതയിലെ ഏവർക്കും തിരുനാൾ മംഗളങ്ങൾ നേർന്ന സ്റ്റാറ്റസ് വീഡിയോ ഗ്രൂപ്പുകളിൽ നല്കി.
- പരി. അമ്മയുടെ തിരുനാളിനോടനുബന്ധിച്ച് തിരുബാലസഖ്യം കുഞ്ഞുങ്ങൾക്കായ് രൂപതയിൽ നിന്നും സ്നേഹപൂർവ്വം പരി. അമ്മയ്ക്ക് എന്ന ആശയത്തിൽ കത്തെഴുതൽ മത്സരം നടത്തി.
- അമ്മയുടെ തുരുനാൾ ദിനത്തിൽ ഏതാനും ഇടവകകളിൽ കുഞ്ഞുങ്ങൾക്കായ് പരി. അമ്മയ്ക്ക് ബർത്തേഡേ കാർഡ് നിർമ്മാണം, പരി. അമ്മയെ അലങ്കരിക്കൽ എന്നീ മത്സരങ്ങൾ നടത്തി.
- കുരിശിന്റെ പുകഴ്ചയുടെ തിരുനാൾ ദിനമായ സെപ്റ്റംബർ 14 ന് ഏതാനും ഇടവകകളിൽ കുഞ്ഞുങ്ങൾക്കായ് 'കുരിശ് നിർമ്മാണം' മത്സരം നടത്തി.

### ഒക്ടോബർ മാസ പ്രോഗ്രാം

വി. കൊച്ചുത്രേസ്യായ്ക്കു പ്രതിഷ്ഠിതം

| | |
|---|---|
| പരിചയപ്പെടുന്ന വിശുദ്ധർ | കാവൽ മാലാഖ, വി. അമ്മത്രേസ്യ |
| പ്രാർത്ഥനാ നിയോഗം | എല്ലാ അമ്മമാർക്കും വേണ്ടി |
| സുകൃതജപം | എന്റെ ഈശോയെ എന്നെ അങ്ങയുടെ സമാധാനത്തിന്റെ ഉപകരണമാക്കണമെ |

| | |
|---|---|
| വചനം | ഇതാ, നിനക്കുമുമ്പേ ഞാൻ എന്റെ ദൂതനെ അയയ്ക്കുന്നു. അവൻ നിന്റെ വഴി ഒരുക്കും.<br>വി. മർക്കോസ് 1 : 2 |
| 01 ഞായർ | *വി. കൊച്ചുത്രേസ്യായുടെ തിരുനാൾ,*<br>അഭിവന്ദ്യ റെമീജിയോസ് പിതാവിന്റെ നാമഹേതുക തിരുനാൾ |
| 02 തിങ്കൾ | *കാവൽ മാലാഖയുടെ തിരുനാൾ* |
| 04 ബുധൻ | വി. ഫ്രാൻസീസ് അസീസ്സിയുടെ തിരുനാൾ, ഫ്രാൻസീസ് മാർപാപ്പയുടെ തിരുനാൾ |
| 12 വ്യാഴം | വാ. കാർലോസ് അക്വിറ്റസിന്റെ തിരുനാൾ |
| 15 ഞായർ | ആവിലായിലെ വി. അമ്മത്രേസ്യാ,<br>വാ. തേവർപറമ്പിൽ കുഞ്ഞച്ചൻ |
| 18 ബുധൻ | വി. ലൂക്കാ സുവിശേഷകൻ |
| 22 ഞായർ | **മിഷൻ ഞായർ**<br>വി. ജോൺ പോൾ രണ്ടാമൻ പാപ്പ |
| പ്രവൃത്തി | സുകൃതജപങ്ങൾ എഴുതിയ ഒരു ചാർട്ട് കളർഫുൾ ആയി നിർമ്മിക്കുക |
| ഗീതം | കൂടെയിരിക്കും മാലാഖ<br>കൂട്ടിനിരിക്കും മാലാഖ |

**ഫാ. ജോർജ്ജ് വെള്ളാരംകാലായിൽ**
ഡയറക്ടർ, തിരുബാലസഖ്യം



# പോപ്പ് ജോൺ പോൾ II ഇൻസ്റ്റിറ്റ്യൂട്ട്

### കൗൺസിലിംഗ്

മാറി മാറി വരുന്ന ജീവിത സാഹചര്യങ്ങളിലും അനുഭവങ്ങളിലും പകച്ചുനിന്നു പോകുന്നവരുടെയും മാനസിക പിരിമുറക്കം അനുഭവിക്കുന്നവരുടെയും പ്രശ്നങ്ങൾക്ക് പരിഹാരം തേടുന്നതിനും ജീവിതസാഹചര്യങ്ങളെ തന്മയത്വത്തോടെ നേരിടുന്നതിനും സഹായിക്കുക എന്ന ലക്ഷ്യത്തോടെ JPI യിൽ കൗൺസിലിംഗ് നടത്തുന്നു.

കൗൺസിലിംഗ് ആവശ്യമുള്ളവർ 9037370180 എന്ന നമ്പറിൽ ബന്ധപ്പെടുവാൻ താൽപര്യപ്പെടുന്നു.

കോഴ്സുകൾ സിംഗാനിയ യൂണിവേഴ്സിറ്റിയുമായി ചേർന്ന് ചെയ്തു

1. എം എസ് സി ഇൻ കൗൺസിലിംഗ് സൈക്കോളജി
2. എം എസ് സി ഇൻ ഗൈഡൻസ് ആൻഡ് കൗൺസലിംഗ്

എന്നീ കോഴ്സുകൾ ഇവിടെ നടക്കുന്നു. മാസ്റ്റേഴ്സ് പ്രോഗ്രാം അഞ്ചാം ബാച്ചിന്റെ (2023-2023) ഓഫ്‌ലൈൻ ആൻഡ് ഓൺലൈൻ ക്ലാസുകൾ ഫലപ്രദമായി നടക്കുന്നു.

**ഫാ. കുര്യൻ പുരമഠത്തിൽ**
ഡയറക്ടർ, പോപ്പ് ജോൺ പോൾ II ഇൻസ്റ്റിറ്റ്യൂട്ട്



# അൽഫോൻസ കോളേജ് തിരുവമ്പാടി

## മേളം 2k23

ഈ വർഷത്തെ ഓണാഘോഷം മേളം '2k23' വിവിധ പരിപാടികളോടുകൂടി ആഘോഷിച്ചു. ഓണാഘോഷങ്ങളുടെ വിളംബര പ്രഖ്യാപനം കോളേജ് പ്രിൻസിപ്പൽ ഡോക്ടർ ചാക്കോ കെ വി നിർവഹിച്ചു. ഓഗസ്റ്റ് 24ന് ഘോഷയാത്രയോടുകൂടി ഓണാഘോഷ പരിപാടികൾ ആരംഭിച്ചു. തുടർന്ന് 60 പെൺകുട്ടികൾ പങ്കെടുത്ത ചാന്ദ്രയാൻ വിജയ മെഗാ തിരുവാതിര നടന്നു. കോളേജ് യൂണിയനാണ് ഓണാഘോഷ പരിപാടികൾക്ക് നേതൃത്വം നൽകിയത്. കോളേജ് മാനേജർ ഫാ. സ്കറിയ മങ്കരയിൽ, പ്രിൻസിപ്പൽ ഡോ. ചാക്കോ കെ.വി, വൈസ് പ്രിൻസിപ്പൽ ഫാ. ഷെനിഷ് അഗസ്റ്റിൻ, യൂണിയൻ സ്റ്റാഫ് അഡ്വൈസർ ദീപ ഡോമിനിക്, മി. റോബിൻ ജോർജ്, അജു, അർഷിൻ, അരവിന്ദ്, ബ്ര. ഡെന്നി, ആൽബിന എന്നിവർ വിവിധ കമ്മിറ്റികളെ ഏകോപിപ്പിച്ച് പ്രവർത്തിച്ചു.

## ഗുരുവന്ദനം

അധ്യാപക ദിനത്തോടനുബന്ധിച്ച് കോളേജ് യൂണിയന്റെ നേതൃത്വത്തിൽ ഗുരുവന്ദനം നടന്നു. കോളേജ് ഓഡിറ്റോറിയത്തിൽ വച്ച് നടന്ന ചടങ്ങിൽ വിദ്യാർത്ഥികൾ അധ്യാപകരെ ആദരിക്കുകയും സ്നേഹസമ്മാനങ്ങൾ നൽകുകയും ചെയ്തു. ബ്ര. ഡെന്നി ജോസഫ്, ലിവീന സിബി, സ്വാൻ ലൂയി, അൽബിന, ലയ എന്നിവർ പ്രോഗ്രാമുകൾക്ക് നേതൃത്വം നൽകി. പ്രിൻസിപ്പൽ ഡോക്ടർ ചാക്കോ കെ വി, സ്റ്റാഫ് കോഡിനേറ്റർ മി. സെബാസ്റ്റ്യൻ എം സി, യൂണിയൻ സ്റ്റാഫ് അഡ്വൈസർ മിസിസ് ദീപ ഡൊമിനിക് എന്നിവർ പ്രസംഗിച്ചു.

## ഡിഫ ബിരുദ ദാനം

തിരുവമ്പാടി അൽഫോൻസാ കോളേജും ജിടെക്കും സംയുക്തമായി നടത്തിയ ഡിഫ കോഴ്സിന്റെ ബിരുദദാന ചടങ്ങ് സെപ്റ്റംബർ അഞ്ചാം തീയതി കോളേജ് ഓഡിറ്റോറിയത്തിൽ നടന്നു. കോളേജ് മാനേജർ റെവ. ഫാ. സ്കറിയ മങ്കരയിൽ, കോളേജ് പ്രിൻസിപ്പൽ ഡോ. ചാക്കോ കെ വി, കൊമേഴ്സ് ഡിപ്പാർട്ട്മെന്റ് മേധാവി മിസിസ് സാനി തോമസ്, ജി ടെ ക് മേധാവി തോമസ് മൂത്തേടത്ത് എന്നിവർ ചടങ്ങിൽ പങ്കെടുത്തു. അധ്യാപക ദിനത്തിന്റെ ഭാഗമായി അൽഫോൻസാ കോളേജിലെ എല്ലാ അധ്യാപകരെയും മെമന്റോകൾ നൽകി ജി ടെ ക് ആദരിച്ചു.

## പ്രകൃതി സൗഹൃദ സൈക്കിൾ മത്സരം നടത്തി

ജില്ലാ ഇക്കോ എസ്.റ്റി. ജി 2023 ന്റെ ഓണാഘോഷത്തിന്റെ ഭാഗമായി സൈക്കിൾ സ്ലോറൈസിംഗ് മത്സരം നടത്തി. പരിപാടി കോളേജ് പ്രിൻസിപ്പൽ ഡോ. ചാക്കോ കെ.വി ഉദ്ഘാടനം ചെയ്തു. കോളേജ് അങ്കണത്തിൽ 3.15 ന് ആരംഭിച്ച മത്സരത്തിൽ കോളേജിലേയും സമീപപ്രദേശങ്ങളിലെ സ്കൂളുകളിൽ നിന്നുമുള്ള നിരവധി വിദ്യാർഥികളും അധ്യാപകരും പങ്കെടുത്തു. അധ്യാപക കോഡിനേറ്റർ ഷീബ മോൾ, വിദ്യാർത്ഥി കോഡിനേറ്റർ ജെ റാൾഡ് ടോം, ആ ശ്രിത റ്റി.കെ എന്നിവർ പരിപാടിക്ക് നേതൃത്വം നൽകി.

## അൽഫോൻസ കോളജിൽ ഇക്കോ എസ്ഡി ജി 2K23 ചലഞ്ച് വോക്കിങ്

ആരോഗ്യമാണ് സമ്പത്ത് എന്ന അവബോധം വിദ്യാർത്ഥികളിൽവളർത്തു ന്നതിനായി തിരുവമ്പാടി അൽഫോൻസാ കോളേജിൽ 'ജില്ലാ എക്കോ എസ് ഡി ജി 2023' ന്റെ ഭാഗമായി കോളജിൽ നിന്നാരംഭിച്ച 'ചലഞ്ച്വാക്കിംഗ്' പ്രിൻ സിപ്പൽ ഡോ. ചാക്കോ കെ.വി യുടെയും സ്റ്റാഫ് കോഡിനേറ്റർ ഷീബ മോളിന്റെയും എല്ലാ അധ്യാപകരുടെയും വിദ്യാർഥികളുടെയും സാന്നിധ്യത്തി ൽ വൈസ് പ്രിൻസിപ്പൽ ഫാ. ഷെനീഷ് അഗസ്റ്റിൻ ഫ്ളാഗ് ഓഫ് ചെയ്തു. അ ധ്യാപകരായ അനീഷ്, അലീന, അഞ്ജലി, ലിതിൻ വിദ്യാർത്ഥികളായ അര വിന്ദ്, അജു ബാബു, ആഷിഷ്, ഷംസീർ എന്നിവർ പ്രോഗ്രാമിന് നേതൃത്വം നൽകി.

## ഡിസാസ്റ്റർ മാനേജ്മെന്റ് ഗ്രൂപ്പിന്റെ ട്രെയിനിങ് പ്രോഗ്രാം

ഡിസാസ്റ്റർ മാനേജ്മെന്റ് ഗ്രൂപ്പിന്റെ നേതൃത്വത്തിൽ സേഫ്റ്റി ഡിസാസ്റ്റർ ആൻഡ് റിസ്ക് മാനേജ്മെന്റ് ട്രെയിനിങ് പ്രോഗ്രാം സംഘടിപ്പിച്ചു. അമല പി ജേക്കബിന്റെ പ്രാർത്ഥന ഗാനത്തോടെ ആരംഭിച്ച പരിപാടിയിൽ പ്രിൻസിപ്പൽ ഡോ. ചാക്കോ കെ.വി സ്വാഗതം ചെയ്തു സംസാരിച്ചു. ഫയർ ആന്റ് റെസ്ക്യൂ ഓഫീസർമാരായ ഷറഫുദീൻ, സുരേന്ദ്രൻ എന്നിവർ ക്ലാസിന് നേതൃത്വം നൽകി. ആപത്ഘട്ടങ്ങളിൽ പകച്ചു നിൽക്കാതെ സമൂഹത്തിനും നാടിനും സേവനം ചെയ്യാൻ ഒരു യുവ സമൂഹത്തെ വാർത്തെടുക്കുക എന്നതായിരുന്നു ഈ പരി പാടിയുടെ ലക്ഷ്യം. അധ്യാപകരും വിദ്യാർത്ഥികളും പങ്കെടുത്ത ഈ പ്രോഗ്രാ മിൽ കോർഡിനേറ്റർ ഷീബ മോൾ ജോസഫ് നന്ദി പറഞ്ഞു.

**റവ. ഫാ. സ്കറിയ മങ്കരയിൽ**
മാനേജർ, അൽഫോൻസ കോളേജ്

# വിദ്യാഭ്യാസരംഗം

## സ്കോളർഷിപ്പ് പരീക്ഷാഫലം

2023 മാർച്ച് മാസത്തിൽ നടന്ന എൽ.എസ്.എസ്., യു.എസ്. എസ്. പരീക്ഷകളിൽ കോർപ്പറേറ്റ് വിദ്യാലയങ്ങൾ തിളക്കമാർന്ന വിജയം കരസ്ഥമാക്കി. മികച്ച വിജയം നേടിയ വിദ്യാർത്ഥികളെയും അവർക്ക് കരുതലും പ്രോത്സാഹനവുമായി വർത്തിച്ച അധ്യാപകർ, മാതാപിതാക്കൾ, പ്രധാനധ്യാപകർ എന്നിവരെയും പ്രത്യേകം അഭിനന്ദിക്കുന്നു.

## ഇംഗ്ലീഷ് പരിശീലനപദ്ധതി

കോർപ്പറേറ്റ് വിദ്യാലയങ്ങളിൽ പഠിക്കുന്ന കുട്ടികൾക്ക് മികച്ച ഇംഗ്ലീഷ് ഭാഷ പരിശീലനം ഉറപ്പാക്കുക എന്ന പ്രഖ്യാപിത ലക്ഷ്യത്തിന്റെ ഭാഗമായി പ്രത്യേക പരിശീലനം സിദ്ധിച്ച ഇംഗ്ലീഷ് ഫാക്കൽറ്റികളുടെ സഹായത്തോടെ പ്രൈമറി അധ്യാപകർക്ക് നൽകുന്ന ഇംഗ്ലീഷ് വർക്ക്ഷോപ്പിന് തുടക്കമായി. കൂരാച്ചുണ്ട് മേഖലയിലെ പ്രൈമറി അധ്യാപകർക്കായി കാറ്റുള്ളമല സ്കൂളിൽ വച്ച് ഒന്നാംഘട്ട പരിശീലനം നൽകി. ഈ പദ്ധതി വരുംവർഷങ്ങളിൽ എല്ലാ കോർപ്പറേറ്റ് സ്കൂളുകളിലേയ്ക്കും വ്യാപിപ്പിക്കാൻ ഉദ്ദേശിക്കുന്നു.

## അധ്യാപകദിനാചരണം

ഈ വർഷത്തെ അധ്യാപകദിനാചരണം എല്ലാ കോർപ്പറേറ്റ് സ്കൂളുകളിലും വൈവിധ്യമാർന്ന കർമ്മപരിപാടികളോടെ നടക്കുന്നു. പൂർവ്വ അധ്യാപകരെ ആദരിക്കൽ, അധ്യാപകർക്ക് ആശംസകാർഡുകൾ കൈമാറൽ, മധുര പലഹാരവിതരണം, പ്രത്യേക അസംബ്ലി, ഗുരുവന്ദനം മുതലായവ അധ്യാപക ദിനാചരണത്തോടനുബന്ധിച്ച് സംഘടിപ്പിച്ചു.

## ഭിന്നശേഷി സംവരണം

സംസ്ഥാനത്തെ എയ്ഡഡ് സ്കൂൾ നിയമനങ്ങളിൽ 1996 മുതൽ മുൻകാല പ്രാബല്യത്തോടെ ഭിന്നശേഷി സംവരണം നടപ്പാക്കണമെന്ന ബഹു. കോടതി വിധിയുടെയും സർക്കാർ ഉത്തരവിന്റെയും അടിസ്ഥാനത്തിൽ നമ്മുടെ കോർപ്പറേറ്റ് സ്കൂളുകളിൽ ഭിന്നശേഷി സംവരണം വഴി നികത്തേണ്ട അധ്യാപക-അനധ്യാപക ഒഴിവുകളുടെ എണ്ണം കണക്കാക്കി വിദ്യാഭ്യാസ വകുപ്പിന് സമയബന്ധിതമായി സമർപ്പിച്ചതിന്റെ ഫലമായി, നിയമനാംഗീകാരം തടസ്സപ്പെട്ടിരുന്ന അധ്യാപകരിൽ ബഹുഭൂരിഭാഗം പേർക്കും നിയമനാംഗീകാരം ലഭിച്ചു.

## ഹിന്ദി അധ്യാപകനിയമനം - അപേക്ഷ ക്ഷണിക്കുന്നു

കോർപ്പറേറ്റ് മാനേജ്മെന്റിനുകീഴിലുള്ള വിവിധ ഹൈസ്കൂളുകളിൽ വരും വർഷങ്ങളിൽ ഉണ്ടാകാനിടയുള്ള ഹൈസ്കൂൾ വിഭാഗം ഹിന്ദി അധ്യാപക ഒഴിവുകളിൽ (എച്ച്.എസ്.ടി. ഹിന്ദി) നിയമിക്കപ്പെടാൻ നിശ്ചിത യോഗ്യതയുള്ള ഉദ്യോഗാർത്ഥികൾക്ക് അപേക്ഷ നൽകാവുന്നതാണ്. കോർപ്പറേറ്റ് ഓഫീസിൽനിന്നും ലഭിക്കുന്ന അപേക്ഷാഫോറം പൂരിപ്പിച്ച്, യോഗ്യത സർട്ടിഫിക്കറ്റുകളുടെ പകർപ്പ് സഹിതം 2023 ഒക്ടോബർ 30 ന് മുൻപായി സമർപ്പിക്കണം.

## ആദരാഞ്ജലികൾ

കോർപ്പറേറ്റിനുകീഴിൽ വിവിധ വിദ്യാലയങ്ങളിൽ നീണ്ടകാലം മികച്ച അധ്യാപകരായി സേവനം അനുഷ്ഠിച്ചശേഷം വിശ്രമജീവിതം നയിച്ചിരുന്ന ശ്രീമതി പി. സുലോചന (എസ്.എച്ച്.യു.പി. സ്കൂൾ, തിരുവമ്പാടി), ശ്രീമതി കെ.വി. ത്രേസ്യാമ്മ (എസ്.എച്ച്. യൂ.പി. എസ്. തിരുവമ്പാടി), ശ്രീമതി വി.ജെ. ത്രേസ്യ (കൂടരഞ്ഞി എൽ.പി. സ്കൂൾ), ശ്രീ. എ.യു. പീറ്റർ (എച്ച്.എം., പന്തല്ലൂർ എൽ.പി. എസ്), ശ്രീ. സി. റ്റി. ജോർജ് (വേനപ്പാറ എച്ച്,എസ്.), ശ്രീമതി എ.സി റോസ (വിലങ്ങാട് എച്ച്.എസ്.), ശ്രീ. എം.ടി. ജോസഫ് (പശുക്കടവ് യൂ.പി. സ്കൂൾ) എന്നിവർ നിത്യസമ്മാനത്തിനായി വിളിക്കപ്പെട്ടു. ഇവരുടെ പാവനസ്മരണയ്ക്കു മുമ്പിൽ ആദരാഞ്ജലികൾ അർപ്പിക്കുകയും ആത്മാവിന്റെ നിത്യശാന്തിയ്ക്കായി പ്രാർത്ഥിക്കുകയും ചെയ്യുന്നു.

**ഫാ. ജോസഫ് വർഗീസ് പാലക്കാട്ട്**
കോർപ്പറേറ്റ് മാനേജർ

# മാതൃവേദി

## ഇലക്ഷൻ

അടുത്ത രണ്ടു വർഷത്തേക്കുള്ള (2024-2025) ഭാരവാഹികളുടെ തെരഞ്ഞെടുപ്പ് 2023 നവംബറിൽ നടത്തുന്നു. നവംബർ 15ന് മുൻപായി എല്ലാ ഇടവകകളിലെയും തെരഞ്ഞെടുപ്പ് നടത്താൻ ശ്രദ്ധിക്കുമല്ലോ. ആധ്യാത്മിക ചൈതന്യവും നേതൃത്വപാടവും, കർമ്മോത്സുകതയും ഉള്ള വ്യക്തികളെയാണ് ഭാരവാഹികളായി തെരഞ്ഞെടു ക്കേണ്ടത്. രണ്ടു ടേമിനു ശേഷം വീണ്ടും തുടർച്ചയായി ആരും തെരഞ്ഞെടുക്കപ്പെടാൻ പാടുള്ളതല്ല. തിരഞ്ഞെടുപ്പ് സംബന്ധിച്ച സംശയങ്ങൾ ദുരീകരിക്കാൻ സീറോ മലബാർ മാതൃവേദി താമരശ്ശേരി രൂപതയുടെ നിയമാവലി (പേജ് 7 മുതൽ) ഉപയോഗപ്പെടുത്തുക.

## മരിയൻ ക്വിസ് വിജയികൾ

9/09/2023 PMOC യിൽ വച്ച് നടന്ന മരിയൻ ക്വിസ് വിജയികൾ

*ഒന്നാം സ്ഥാനം - കോടഞ്ചേരി മേഖല ടീം*

ത്രേസ്സ്യാമ്മ സ്കറിയ വള്ളിയാംപൊയ്കയിൽ, തെയ്യപ്പാറ
റോസമ്മ സോണി കല്ലൂകുളങ്ങര, കോടഞ്ചേരി

*രണ്ടാം സ്ഥാനം - തിരുവമ്പാടി മേഖലാ ടീം*

ആലീസ് എം ഡി ഓലിക്കൽ, കൂടരഞ്ഞി
സോനു ജോമോൻ പഴിയാങ്കൽ, തേക്കുംകുറ്റി

*മൂന്നാം സ്ഥാനം - കൂരാച്ചുണ്ട് മേഖല ടീം*

ബിനിത ജോർജ് വാഴപ്പറമ്പിൽ, കൂരാച്ചുണ്ട്
ലിസ്സി ചെറിയാൻ മുക്കള്ളിൽ, കുളത്തുവയൽ

വിജയികൾക്കും പങ്കെടുത്തവർക്കും അഭിനന്ദനങ്ങൾ

**ഫാ. ജോസഫ് അന്തീനാട്ട്**
ഡയറക്ടർ, മാതൃവേദി

# സൊസൈറ്റി ഓഫ് സെന്റ് വിൻസെന്റ് ഡി പോൾ

താമരശ്ശേരി സെൻട്രൽ കൗൺസിലിന്റെ ഭാഗമായി പുതിയ ഒരു കോൺഫറൻസ് പ്രവർത്തനം ആരംഭിച്ചത് സന്തോഷപൂർവ്വം അറിയിക്കുകയാണ്. പി.ടി. ചാക്കോ നഗർ ഇടവകയിൽ സെന്റ് തോമസ് കോൺഫറൻസ് എന്ന പേരിലാണ് അറിയപ്പെടുക. കോൺഫറൻസ് പ്രസിഡന്റായി ബോബി ചെറ്റികാരിക്കൽ, വൈസ് പ്രസിഡന്റ് തോമസ് കുന്നേൽ, സെക്രട്ടറി ഷാന്റോ അരിമന, ട്രഷറർ ഷാജു എട്ടിയിൽ എന്നിവർ തിരഞ്ഞെടുക്കപ്പെട്ടു. കോൺഫറൻസ് രൂപീകരണത്തിൽ ചാപ്പംതോട്ടം ഇടവക വികാരി ബഹു. സോയി പെരിവേലിയച്ചന്റെ പ്രോത്സാഹനം ഇവിടെ നന്ദിയോടെ ഓർക്കുന്നു. ആദ്യയോഗത്തിൽ മരുതോങ്കര എ.സി. പ്രസിഡന്റ് ബ്രദർ തോമസ് പുതുക്കുളങ്ങര സിസി വൈസ് പ്രസിഡന്റ് ബ്രദർ ജോസ് തകിടിയേൽ എന്നിവർ പങ്കെടുത്തു.

## സെന്റ് മേരീസ് കോൺഫറൻസ് കണ്ണോത്ത്

കണ്ണോത്ത് സെന്റ് മേരീസ് കോൺഫറൻസിന്റെ നേതൃത്വത്തിൽ ഒരു ഭവനം നിർമ്മിച്ച് നല്കി. ഭവനത്തിന്റെ വെഞ്ചരിപ്പ് 30.8. 2023 ന് കണ്ണോത്ത് ഇടവക വികാരി ഫാ. അഗസ്റ്റിൻ ആലുങ്കലും താമരശ്ശേരി സെൻട്രൽ കൗൺസിൽ ആത്മീയ ഉപദേഷ്ടാവ് റവ. ഫാ. തോമസ് നാഗപറമ്പിലും ചേർന്ന് നിർവഹിച്ചു. ചടങ്ങിൽ ബഹു. ജോസ് പെണ്ണാപറമ്പിലച്ചനും സി.സി വൈസ് പ്രസിഡന്റ് ബ്രദർ ഡോ. ഐസക് പാറൻകുളങ്ങരയും എ.സി പ്രസിഡന്റ് ബ്രദർ ഫിലിപ്പ് മുട്ടത്തുപറമ്പിലും കോടഞ്ചേരി ഗ്രാമപഞ്ചായത്ത് പ്രസിഡന്റ് ശ്രീ. അലക്സ് തോമസും പങ്കെടുത്തു. ആറ് അംഗങ്ങളുള്ള കുടുംബത്തിന് 1235530 രൂപ ചെലവഴിച്ചാണ് ഭവനം നിർമ്മിച്ച് നല്കിയത്.

## ഫാത്തിമാ മാതാ കോൺഫറൻസ് മരിയാപുരം

മരിയാപുരം ഫാത്തിമാ മാതാ കോൺഫറൻസിന്റെ പുതിയ ഓഫീസിന്റെ വെഞ്ചരിപ്പ് വാ. ഫ്രഡറിക് ഓസ്സാനാമിന്റെ തിരുനാൾ ദിനമായ സെപ്റ്റംബർ 9 ന് ഫൊറോന വികാരി ബഹു. ജെയിസ് വാമറ്റത്തിൽ അച്ചൻ നിർവ്വഹിച്ചു. കോൺഫറൻസ് 40 വർഷം പൂർത്തിയാക്കിയ അവസരത്തിലാണ് പുതിയ ഓഫീസ് ലഭിച്ചത്.

**ബ്രദർ. തോമസ് പുലിക്കോട്ടിൽ**
CC പ്രസിഡന്റ്, സെന്റ് വിൻസെന്റ് ഡി പോൾ സൊസൈറ്റി

# കെ.സി.വൈ.എം.
# എസ്.എം.വൈ.എം

## മേഖല കലോത്സവങ്ങൾ നടത്തപ്പെട്ടു

രൂപതയിലെ 11 മേഖലകളിലും കലോത്സവങ്ങൾ സംഘടിപ്പിച്ചു. 25 ഓളം വ്യക്തിഗത ഗ്രൂപ്പ് ഇനങ്ങളിലായി യുവജനങ്ങൾ മത്സരിക്കുകയും രൂപതയിലേക്ക് അർഹത നേടുകയും ചെയ്തു. മേഖലാ കലോത്സവങ്ങൾക്ക് മുൻകൈയെടുത്ത ഡയറക്ടർ അച്ചന്മാർക്കും ആനിമേറ്റർമാർക്കും കലോത്സവ കമ്മിറ്റികൾക്കും മേഖലാസമിതികൾക്കും ഇടവകകളിൽ യുവജനങ്ങളെ പ്രോത്സാഹിപ്പിച്ച എല്ലാ വികാരിയച്ചന്മാർക്കും അനിമേറ്റമാർക്കും ഹൃദയപൂർവ്വം നന്ദി.

## എസ് എം വൈ എം യൂത്ത് സർവ്വേ

സീറോ മലബാർ സഭയിലെ യുവജനങ്ങളുടെ വിവരശേഖരണം ലക്ഷ്യമാക്കി മുഴുവൻ സീറോ മലബാർ രൂപതകളിലും PAROC ന്റെ നേതൃത്വത്തിൽ യുവജന സർവ്വേ നടത്തുന്നു. ഇത് സംബന്ധിച്ച് കാക്കനാട് മൗണ്ട് സെന്റ് തോമസിൽ സെപ്റ്റംബർ 6 ന് നടന്ന പ്രാഥമിക മീറ്റിങ്ങിൽ രൂപതയിൽ നിന്നും അസി. ഡയറക്ടർ ഫാ. സബിൻ തൂമുള്ളിൽ ഉൾപ്പെടെ ആറ് പ്രതിനിധികൾ പങ്കെടുത്തു.

## ടാസ്ക് ഫോഴ്സ് പരിശീലനം

ദുരന്തനിവാരണ സേനയായ ടാസ്ക് ഫോഴ്സ് അംഗങ്ങളുടെ രണ്ടാമത്തെ പരിശീലനം സെപ്റ്റംബർ ആറാം തീയതി ബിഷപ്പ്സ് ഹൗസിൽ വച്ച് നടത്തി. ഇരുപതോളം യുവജനങ്ങൾ പങ്കെടുത്ത പരിശീലന പരിപാടിക്ക് ഫാ. ജയ്സൺ കാരക്കുന്നേൽ നേതൃത്വം നൽകി. IFEA യുടെയും കെസിവൈഎം ന്റെയും സംയുക്ത ആഭിമുഖ്യത്തിൽ രൂപീകരിക്കപ്പെട്ട ടാസ്ക് ഫോഴ്സ് നിലവിൽ അറുപതോളം അംഗങ്ങൾ പ്രവർത്തിക്കുന്നു.

## മറ്റ് പ്രവർത്തനങ്ങൾ

1. ചന്ദ്രയാൻ 3 ദൗത്യം വിജയകരമായിക്കിയ ഐഎസ്ആർഒ ടീമിന് അഭിനന്ദനങ്ങൾ അറിയിച്ചു.

2. കർഷകർക്ക് വേണ്ടി നിലപാടെടുത്ത സാംസ്കാരിക നായകന്മാർക്ക് മാതൃകയായ നടൻ ജയസൂര്യയ്ക്ക് അഭിനന്ദനങ്ങൾ അറിയിച്ചു.

3. സെപ്റ്റംബർ 5 ന് ജന്മദിനവും

സെപ്റ്റംബർ 21 ന് നാമഹേതുക തിരുനാളും ആഘോഷിക്കുന്ന താമരശ്ശേരി രൂപത യുവജന പ്രസ്ഥാനത്തിന്റെ അസിസ്റ്റന്റ് ഡയറക്ടർ ഫാദർ മാത്യു തൂമുള്ളിലിന് പ്രാർഥനാശംസകൾ നേർന്നു.

4. സെപ്റ്റംബർ 17 ഞായറാഴ്ച ഡയറക്ടേഴ്സ് അനിമേറ്റേഴ്സ് മീറ്റിംഗ് ഓൺലൈനിൽ ചേർന്നു. കലോത്സവുമായി ബന്ധപ്പെട്ട് ടീം മാനേജേഴ്സ് മീറ്റിംഗ് രണ്ടു തവണയും രൂപത എക്സിക്യൂട്ടീവ് മീറ്റിംഗ് രണ്ട് തവണയും ചേർന്നു.

## അറിയിപ്പുകൾ

*1. രൂപത കലോത്സവം*

2023 വർഷത്തെ യുവ രൂപത കലോത്സവം കോടഞ്ചേരി സെന്റ് മേരീസ് ഹയർസെക്കൻഡറി സ്കൂളിൽ വച്ച് ഒക്ടോബർ രണ്ടാം തീയതി നടത്തുന്നു. ആയിരത്തോളം യുവജനങ്ങൾ 25 ഓളം ഇനങ്ങളിൽ മത്സരിക്കുന്നു. എല്ലാ മത്സരാർത്ഥികളെയും സ്നേഹപൂർവ്വം സ്വാഗതം ചെയ്യുന്നു.

*2. ഹെയർ ഡൊണേഷൻ ക്യാമ്പയിൻ*

തൃശ്ശൂർ അമല ക്യാൻസർ സെന്ററുമായി സഹകരിച്ചു നടത്തുന്ന നാലാമത് ഹെയർ ഡൊണേഷൻ ക്യാമ്പയിൻ 'ഹെയർ ഹാൻഡ് ഔട്ട് ഫോർ പോയിന്റ് ഒ' ഒക്ടോബർ മാസത്തിൽ ആരംഭിക്കുന്നു. കേശദാനം ചെയ്യാൻ ആഗ്രഹിക്കുന്നവർ രൂപത സമിതിയുമായി ബന്ധപ്പെടുമല്ലോ.

*3. പൂജ അവധിക്ക് വിശുദ്ധ കുമ്പസാര ക്രമീകരണം*

യുവജനങ്ങൾക്ക് കുമ്പസാരത്തോടുള്ള താല്പര്യവും അവസരവും വർധിപ്പിക്കാൻ ആഗ്രഹിച്ച് പൂജ അവധിയോട് അനുബന്ധിച്ച്മേഖലകളിൽ കുമ്പസാരത്തിനുള്ള സൗകര്യം ക്രമീകരിക്കാൻ ആഗ്രഹിക്കുന്നു. വിവിധ ഇടങ്ങളിൽ പഠനത്തിലായിരിക്കുന്ന കുട്ടികൾക്ക് അവിടങ്ങളിൽ കുമ്പസാരിക്കാനുള്ള സൗകര്യങ്ങൾ കുറവായതിനാലും നാട്ടിൽ വരുന്ന സമയത്ത് കുമ്പസാരിക്കാൻ ഉള്ള പൊതുവായ അവസരങ്ങൾ ഇല്ലാത്തതിനാലുമാണ് ഇത്തരത്തിൽ ഒരു ക്രമീകരണം നടത്താൻ ആഗ്രഹിക്കുന്നത്. വിശുദ്ധ കുമ്പസാരം നടത്താതെ വിശുദ്ധ കുർബാന സ്വീകരിക്കുന്ന രീതിയും യുവജനങ്ങളുടെ ഇടയിൽ കൂടിവരുന്നതായി വിലയിരുത്തപ്പെടുന്നു. ഇത് സംബന്ധിച്ച് കൂടുതൽ വിവരങ്ങൾ അറിയിക്കുന്നതാണ്.

*4. ഖേലോത്സവ് സംസ്ഥാന റീജിയണൽ സ്പോർട്സ് മത്സരങ്ങൾ*

ആൺ കുട്ടികൾക്ക് ക്രിക്കറ്റ് ഫുട്ബോൾ ഇനങ്ങളിലും പെൺകുട്ടികൾക്ക് ഷട്ടിൽ, ഷൂട്ടൗട്ട് ഇനങ്ങളിലും മലബാറിലെ ആറ് രൂപതകൾ തമ്മിൽ റീജിയണൽ ഗെയിംസ് മത്സരം നടത്തുന്നു. തീയതി അറിയിക്കുന്നതാണ്. വിവിധ അത്‌ലറ്റിക്സ് ഇനങ്ങളിലായി നവംബർ മാസത്തിൽ എറണാകുളത്ത് വച്ച് സംസ്ഥാന സ്പോർട്സ് മീറ്റും സംഘടിപ്പിക്കുന്നു.

*5. ക്രിക്കറ്റ്, ഷട്ടിൽ, ഷൂട്ടൗട്ട് ടൂർണമെന്റുകൾ*

രൂപത സ്പോർട്സ് മീറ്റ് ആയ അത്‌ലറ്റിക്കോസ് ക്രിക്കറ്റ്, ഷൂട്ടൗട്ട്, ഷട്ടിൽ ടൂർണമെന്റുകൾ ഒക്ടോബർ മാസത്തിൽ നടത്തുന്നു. ക്രിക്കറ്റ് മത്സരം ആൺകുട്ടികൾക്കും ഷട്ടിൽ മത്സരം ആൺകുട്ടികൾക്കും പെൺകുട്ടികൾക്കും ഷൂട്ടൗട്ട് പെൺകുട്ടികൾക്കും ക്രമീകരിക്കുന്നു. തീയതി അറിയിക്കുന്നതാണ്.

**ഫാ. ജോർജ്ജ് വെള്ളയ്ക്കാകുടിയിൽ**
കെ.സി.വൈ.എം - എസ്.എം.വൈ.എം

# എയ്ഡർ എഡ്യൂക്കെയർ

എയ്ഡർ എഡ്യൂ കെയറിന് നൽകുന്ന എല്ലാ സഹകരണങ്ങൾക്കും ഹൃദയപൂർവം നന്ദി.

**എഡ്യൂ കണക്ട് പുതിയ ടീം അംഗങ്ങൾക്ക് സ്വാഗതം**

ഏയ്ഡർ എജുകണക്ട് ടീമിലേക്ക് കടന്നുവന്ന സി. മെൽവിൻ എസ് എബിഎസ്, സി. ടിൻസ എസ് എ ബി എസ്, സി. ആൻ മരിയ എസ് എ ബി എസ്, സി. റിൻസി എസ് എഫ് എൻ, സി. ലിൻസി എസ് എഫ് എൻ എന്നിവർക്ക് സ്നേഹപൂർവ്വം സ്വാഗതം. പ്ലസ് വൺ, പ്ലസ് ടു വിദ്യാർഥികളെ നേരിട്ട് ഫോണിൽ വിളിക്കുകയും നിർദ്ദേശങ്ങൾ നൽകുകയും കരിയർ ഗൈഡൻസ് നൽകുകയും ചെയ്യുന്ന ടീമിൽ നിലവിൽ 12 സിസ്റ്റേഴ്സ് പ്രവർത്തിച്ചുവരുന്നു.

**സർവ്വേ അപ്ഡേഷൻ**

എഡ്യൂ കെയറിന്റെ പ്രാഥമിക ഘട്ടമായ സർവ്വേ അപ്ഡേഷൻ നടന്നുവരുന്നു. നിലവിൽ രണ്ടായിരത്തിലധികം പ്ലസ് വൺ പ്ലസ് ടു വിദ്യാർത്ഥികളെ നേരിട്ട് കോൺടാക്ട് ചെയ്യുകയും വിവരങ്ങൾ ശേഖരിച്ച് വരികയും ചെയ്യുന്നു. ഇതിൽ കുട്ടികളുടെ മാമോദിസ തീയതി ലഭിക്കുന്നതിനായി മതാധ്യാപകരുടെയും ബഹുമാനപ്പെട്ട വികാരിയച്ചൻമാരുടെയും സഹായം ആവശ്യമായി വരികയാണെങ്കിൽ നൽകുമല്ലോ.

**വിദ്യാപീഠം എൻറോളിംഗ്**

എഡ്യൂ കെയറിന്റെ രണ്ടാംഘട്ടമായ വിദ്യാപീഠം എൻറോളിങ് ഒക്ടോബർ

മാസം മുതൽ ആരംഭിക്കുന്നു. വിദ്യാഭ്യാസം ഓൺലൈൻ പ്ലാറ്റ്‌ഫോമിൽ അക്കൗണ്ട് നിർമ്മിക്കുന്ന വിദ്യാർഥികൾക്ക് അവരുടെ പ്രാഥമിക വിവരങ്ങൾ അടങ്ങിയ പ്രൊഫൈൽ ക്രിയേഷൻ, സി വി ക്രിയേഷൻ എന്നിവ നടത്താനും സി വി അപ്ഡേറ്റ് ചെയ്ത് സൂക്ഷിക്കാനും ഡൗൺലോഡ് ചെയ്യാനും താല്പര്യമുള്ള ഓൺലൈൻകോഴ്സുകളെ സംബന്ധിച്ച വിവരങ്ങൾ ലഭിക്കാനും താല്പര്യമുള്ള വിദ്യാഭ്യാസ മേഖലകളെ സംബന്ധിച്ച കോഴ്സുകൾ, വിദ്യാഭ്യാസ സ്ഥാപനങ്ങൾ, അഡ്മിഷൻ പ്രോസസ് എന്നിവയെ സംബന്ധിച്ച് കൂടുതൽ വിവരങ്ങൾ ലഭിക്കാനും അവസരം ഒരുങ്ങുന്നു.

### എഡ്യൂ കണക്ട് ടീം മീറ്റുകൾ

എഡ്യൂ കണക്ട് ടീം അംഗങ്ങളുടെ ടീം മീറ്റ് സെപ്റ്റംബർ ആറാം തീയതി താമരശ്ശേരി ബിഷപ് ഹൗസിൽ നടത്തി. എജ്യൂ കണക്ട് പുതിയ ടീം അംഗങ്ങളുടെ പ്രാഥമിക പരിശീലനവും ടീം മീറ്റും സെപ്റ്റംബർ പന്ത്രണ്ടാം തീയതി രൂപത ഭവനിൽ വച്ച് നടത്തപ്പെട്ടു.

**ഫാ. ജോർജ്ജ് വെള്ളയ്ക്കാകുടിയിൽ**
ഏയ്ഡർ എഡ്യൂകെയർ

## ഇൻഫാം

### ഇൻഫാം കാർഷിക നേഴ്സറിയിൽ പുതിയ അതിഥികൾ എത്തി

താമരശ്ശേരി ഇൻഫാം കാർഷിക ജില്ലയുടെ ആഭിമുഖ്യത്തിലുള്ള തെയ്യപ്പാറയിലെ കാർഷിക നേഴ്സറിയിൽ ലോകത്തിലെ വിവിധ ഭാഗങ്ങളിൽ വളരുന്ന പുതിയയിനം പഴവർഗ തൈകളും നാടനും ഹൈബ്രിഡ് ഇനത്തിൽ പെട്ടതുമായ വിവിധയിനം ഫല വൃക്ഷ തൈകളും എത്തിച്ചിട്ടുണ്ട്.

**മാവ്** – ബരാമസീൻ, കുളമ്പ്, ചന്ദ്രകാരൻ, കോട്ടൂർക്കോണം, ഇമാം പസന്ത്, മല്ലിക, ഓൾ സീസൺ, **പ്ലാവ്** – വിയറ്റ്നാം സൂപ്പർ, ഏർലി, ഗം ലെസ് ജാക്ക് (അരക്കില്ല വരിക്ക) സീഡ് ലെസ് ജാക്ക് (കുരുവില്ല വരിക്ക), ജെ 33, കമ്പോഡിയൻ ജാക്ക്, നാപ്ടോക്, വൈറ്റ് ജാക്ക്

**തെങ്ങ്** – കുറ്റിയാടി, ഗംഗ ബോണ്ടം, ജാവ ജയന്റ്, കേരശ്രീ, ഡി X ടി, ടി X ഡി,

**കവുങ്ങ്** – എച്ച് ആർ റെഗൈൻ, മോഹിത് നഗർ, റമ്പുട്ടാൻ (എൻഎടി), അവക്കാഡോ (ട്രോപ്പിക്കൽ) മിൽക്ക് ഫ്രൂട്ട്

**കശുമാവ്** – ബുഷ് പെപ്പർ, നാഗ്പൂർ ഓറഞ്ച്, ബെയർ ആപ്പിൾ, വാട്ടർ ആപ്പിൾ, ജാബോട്ടിക്കാവ (മര മുന്തിരി) സബാറ, മാങ്കോസ്റ്റീൻ (എൻഎടി, കെ 10, ഫിലോസാൻ, മട്ടോവ, ഐസ്ക്രീംമീൻസ്, പപ്പായ (റെഡ് ലേഡി), മലബാർ ചെസ് നട്ട്, സ്വീറ്റ് ലൂവിക്ക, മലവേപ്പ്, സ്വീറ്റ് ഓറഞ്ച് കുടംപുളി, നെല്ലി, സീതപ്പഴം, മുള്ളാത്ത, സപ്പോട്ട (പൂന, ബനാന സപ്പോട്ട), ചെറുനാരകം, ബുഷ് ഓറഞ്ച്, പേര (തായ് പിങ്ക്), ഫോക്സ് ടെയിൽ പാം എന്നീ തൈകൾ മിതമായ നിരക്കിൽ മൊത്തമായും ചില്ലറയായും വിൽക്കപ്പെടുന്നു തെയ്യപ്പാറ കോടഞ്ചേരി റൂട്ടിൽ കൊട്ടാരക്കോത്തിനും തെയ്യപ്പാറ കുരിശുപള്ളിക്കും ഇടയിൽ മെയിൻ റോഡിൽ നിന്നും 200 മീറ്റർ ദൂരത്തിൽ ഇൻഫാം നഴ്സറി സ്ഥിതിചെയ്യുന്നു. കൂടുതൽ വിവരങ്ങൾക്ക് ബന്ധപ്പെടുക 94 47 21 85 86, 8714305086.

**ഫാ. ജോസ് പെണ്ണാപറമ്പിൽ**
ഡയറക്ടർ, ഇൻഫാം

# മരിയൻ പ്രോ-ലൈഫ് മൂവ്മെന്റ്

മരിയൻ പ്രോ-ലൈഫ് താമരശ്ശേരി രൂപത എക്സിക്യൂട്ടീവ് മീറ്റിംഗ് രൂപതാ പ്രസിഡണ്ട് സജീവ് പുരയിടത്തിലിന്റെ അധ്യക്ഷതയിൽ നടത്തി. രൂപത ഡയറക്ടർ ഫാ. ജോസ് പെണ്ണാപറമ്പിൽ യോഗത്തിന് നേതൃത്വം വഹിച്ചു. രുപതാ ആനിമേറ്റർ സിസ്റ്റർ മെറിൻ ജോസ് എസ് എച്ച്, മറ്റ് എക്സിക്യൂട്ടീവ് അംഗങ്ങൾ എന്നിവർ പങ്കെടുത്ത യോഗത്തിൽ പ്രോ-ലൈഫ് സംസ്ഥാന സമിതി ട്രഷറർ ശ്രീ . ടോമി പ്ലാത്തോട്ടത്തിന്റെ ജ്യേഷ്ഠ സഹോദരൻ ഫാദർ മാത്യു പ്ലാത്തോട്ടത്തിന്റെയും എക്സിക്യൂട്ടീവ് അംഗമായ ശ്രീ. ബിജു കണ്ണന്തറയുടെ പ്രിയ മാതാവിന്റെയും വേർപാടിൽ അംഗങ്ങൾ അനുശോചനംരേഖപ്പെടുത്തി. എക്സിക്യൂട്ടീവ് അംഗങ്ങൾ എല്ലാവരും ബഹുമാനപ്പെട്ട ഡയറക്ടർ അച്ചന്റെ നേതൃത്വത്തിൽ അവരുടെ ഭവനങ്ങൾ സന്ദർശിക്കുകയും, കുടുംബാംഗങ്ങളെ അനുശോചനം അറിയിക്കുകയും, റീത്തുകൾ സമർപ്പിക്കുകയും ചെയ്തു.

വർദ്ധിച്ചുവരുന്ന സാമ്പത്തിക പ്രതിസന്ധിയെ കുറിച്ച് യോഗം വിലയിരുത്തി. ഫണ്ട് വർദ്ധിപ്പിക്കുന്നതിന് വേണ്ടി പുതിയ ബെന ഫാക്ടേഴ്സിനെ കണ്ടെത്തുവാൻ സയറകടറേയും പ്രസിഡണ്ടിനെയും സെക്രട്ടറിയെയും യോഗം ചുമതലപ്പെടുത്തി. പ്രോ-ലൈഫ് പ്രവർത്തനങ്ങളിൽ യുവജനങ്ങളുടെ പങ്കാളിത്തം ഉറപ്പുവരുത്താനായി യുവജന സംഗമങ്ങൾ നടത്തുവാനും മക്കൾ ഇല്ലാത്ത ദമ്പതിമാരുടെ സംഗമം നടത്തുവാനും തീരുമാനിച്ചു

**ഫാ. ജോസ് പെണ്ണാപറമ്പിൽ**
ഡയറക്ടർ, മരിയൻ പ്രോ-ലൈഫ് മൂവ്മെന്റ്

# യൂദിത്ത് ഫോറം

## യൂദിത്ത് ഫോറത്തിന് രൂപതയിൽ വിവിധ യൂണിറ്റുകൾ ആരംഭിച്ചു

കെ സി ബി സി അംഗീകാരമുള്ള വിധവകളുടെ സംഘടനയായ യൂദിത്ത് ഫോറത്തിന് താമരശ്ശേരി രൂപതയിൽ തിരുഹൃദയ സന്യാസിനിമാരുടെ നേതൃത്വത്തിൽ വിവിധ യൂണിറ്റുകൾ ആരംഭിച്ചു. താമരശ്ശേരി പ്രോവിൻസിലെ കർമ്മലീത്ത സഹോദരിമാരുടെ നേതൃത്വത്തിൽ മരിയൻ പ്രോ-ലൈഫ് മൂവ്മെന്റിന്റെ ആഭിമുഖ്യത്തിൽ 2016 ൽ ആരംഭിച്ച വിധവകളുടെ സംഘടനയ്ക്ക് തിരുഹൃദയ സന്യാസിനിമാരും ഇപ്പോൾ ശക്തി പകരുന്നു.

ജീവിതത്തിലെ പ്രത്യേക ഘട്ടത്തിൽ പങ്കാളികളെ നഷ്ടപ്പെടുകയും തനിച്ച് കുടുംബ പ്രാരാബ്ദങ്ങൾ ഏറ്റെടുത്ത് മുന്നോട്ട് നീങ്ങുകയും ചെയ്യുന്ന വിധവകളുടെ ആധ്യാത്മികവും ഭൗതികവുമായ ഉന്നമനത്തിനായി രൂപീകൃതമായ യൂദിത്ത് ഫോറത്തിന്റെ ആഭിമുഖ്യത്തിൽ വിവിധങ്ങളായ പ്രവർത്തനങ്ങളാണ് നടന്നുവരുന്നത്. കേരളത്തിലെ ചില രൂപതകളിൽ നവോമി ഫോറം എന്ന പേരിലാണ് വിധവകളുടെ ഈ ഫോറം അറിയപ്പെടുന്നത്.

വിദഗ്ധരായ വ്യക്തികൾ എടുക്കുന്ന ക്ലാസുകൾ, കൗൺസിലിങ്ങ്, കുമ്പസാരം ഇവ നടക്കുന്നു. കൂടാതെ, വിധവകളുടെ സാമ്പത്തിക ഉന്നമനം ലക്ഷ്യമാക്കി റീത്ത് നിർമ്മാണം, ചൂല് നിർമ്മാണം, ലഘു പലഹാരം നിർമ്മാണം എന്നിവ നടത്താൻ സാധിക്കുന്ന യൂണിറ്റുകളിൽ നടത്തുകയും സെൻട്രൽ കമ്മറ്റിയുടെ നേതൃത്വത്തിൽ വിപണനം നടത്തുകയും ചെയ്യുന്നു. കൂടാതെ അമ്മമാർ ഒരുമിച്ചു കൂടുമ്പോൾ മാസംതോറും നിശ്ചിത തുക പിരിച്ച് ബാങ്കിൽ ഡിപ്പോസിറ്റ് ചെയ്യുന്നു. ഈ തുക അംഗങ്ങളുടെ ആവശ്യാനുസരണം രണ്ട് അംഗങ്ങളുടെ ആൾ ജാമ്യത്തിൽ പലിശരഹിത വായ്പ കൊടുക്കുന്നു. സംഘം ചേർന്നുള്ള പച്ചക്കറി കൃഷിയും ചില യൂണിറ്റുകളിൽ നടത്തിവരുന്നു.

രൂപതയിലെ ഫോറത്തിന്റെ പ്രവർത്തനങ്ങൾക്ക് യൂദിത്ത് ഫോറത്തിന്റെ സ്ഥാപക ഡയറക്ടറായ ഫാദർ ജോസ് പെണ്ണാപറമ്പിൽനേതൃത്വം നൽകുന്നു. അച്ചനോടുകൂടെ ആനിമേറ്ററായി സിസ്റ്റർ റെനി സിഎംസി പ്രസിഡണ്ടായി ശ്രീമതി മേരി പൗലോസ് പുളിക്കത്തടത്തിൽ എന്നിവരടങ്ങുന്ന ഒരു സെൻട്രൽ കമ്മിറ്റിയും വളരെ ശക്തമായ രീതിയിൽ പ്രവർത്തിച്ചുവരുന്നു. കൂടാതെ തിരുഹൃദയ സന്യാസിനിമാരുടെ അനിമേറ്ററായി സിസ്റ്റർ വിമല ജോസ് തിരുഹൃദയ മഠങ്ങളുള്ള ഇടവകകളിലെ യൂദിത്ത് ഫോറത്തിന് നേതൃത്വം നൽകുന്നു. കൂടാതെ രൂപതയിലെ വിവിധ ഇടവകകളിൽ സേവനം ചെയ്യുന്ന സന്യാസിനി സമൂഹങ്ങളുടെ നേതൃത്വത്തിൽ അതത് ഇടവകകളിൽ യൂണിറ്റുകൾ രൂപീകരിക്കാനാണ് ഫോറത്തിന്റെ സെൻട്രൽ കമ്മറ്റിയുടെ തീരുമാനം.

## കൂരാച്ചുണ്ട്

കൂരാച്ചുണ്ട് ഇടവകയിൽ നടന്ന വിധവകളുടെ സംഗമത്തിൽ ഇടവക വികാരി ഫാദർ വിൻസെന്റ് കണ്ടത്തിൽ അധ്യക്ഷനായിരുന്നു. യോഗത്തിൽ സിസ്റ്റർ വിനീത എസ് എച്ച് സ്വാഗതം ആശംസിച്ചു. സിസ്റ്റർ ആന്റോയിൻ എസ് എച്ച് ക്ലാസ്സ് നയിച്ചു. തിരുഹൃദയ സന്യാസി സമൂഹത്തിൽനിന്ന് ആനിമേറ്ററായി തിരഞ്ഞെടുക്കപ്പെട്ട സിസ്റ്റർ വിമല എസ് എച്ച് പ്രോഗ്രാമിന് നേതൃത്വം നൽകി.സംഗമത്തിൽ 20 ഓളം വിധവകൾ പങ്കെടുത്തു പ്രസിഡണ്ടായി ശ്രീമതി ലീലാമ്മ കിടക്കലിനെയും സെക്രട്ടറിയായി ലൂസി ചെമ്പോട്ടിക്കലിനെയും തെരഞ്ഞെടുത്തു

## കട്ടിപ്പാറ

കട്ടിപ്പാറ ഹോളി ഫാമിലി ദേവാലയത്തിൽ നടന്ന വിധവകളുടെ സംഗമത്തിൽ വികാരി ഫാദർ മിൽട്ടൺ മുളങ്ങാശേരിൽ ഏവരെയും സ്വാഗതം ചെയ്തു സ്വീകരിച്ചു. ആനിമേറ്റർ സിസ്റ്റർ വിമല ജോസ് എസ് എച്ച് ക്ലാസ് നയിച്ചു സിസ്റ്റർ എൽസി കരിമ്പനയിൽ എസ് എച്ച് പരിപാടികൾക്ക് നേതൃത്വം നൽകി സംഗമത്തിൽ 31 അംഗങ്ങൾ പങ്കെടുത്തു. പ്രസിഡണ്ടായി ലീലാമ്മ പുളിക്കലിനെയും സെക്രട്ടറിയായി എൽസി കളമ്പനായിയിലെയും തെരഞ്ഞെടുത്തു

## തലയാട്

തലയാട് സെൻറ് ജോർജ് ഇടവകയിൽ വികാരി ഫാദർ സായി പാറൻകുളങ്ങര ഇടവകയിലെ വിധവകളെയും വിഭാര്യരെയും വിളിച്ചു കൂട്ടിയ സംഗമത്തിൽ രൂപത ഡയറക്ടർ ഫാദർ ജോസ് പെണ്ണാപറമ്പിൽ ക്ലാസ് നയിച്ചു. ആനിമേറ്റർ സിസ്റ്റർ വിമല എസ് എച്ച്' സിസ്റ്റർ റോയിസ് ജേക്കബ് എസ് എച്ച് എന്നിവർ നേതൃത്വം നൽകി. തുടർന്ന് നടന്ന മീറ്റിങ്ങിൽ വച്ച് പ്രസിഡണ്ടായി തങ്കമ്മ കടമലയിലിനെയും സെക്രട്ടറിയായി ലില്ലി ടോമി ഓലിക്കരോട്ടിനെയും തിരഞ്ഞെടുത്തു. സംഗമത്തിൽ 33 പേർ പങ്കെടുത്തു.

## കുളിരാമുട്ടി

കുളിരാമുട്ടി മാർസ്ലീവാ ദേവാലയത്തിൽ നടന്ന വിധവകളുടെ സംഗമത്തിന് വികാരി ഫാദർ സജി മങ്കരയിൽ സ്വാഗതമാശംസിച്ചു. രൂപതാ ഡയറക്ടർ ജോസ് പെണ്ണാപറമ്പിൽ ക്ലാസ് നയിച്ചു. സിസ്റ്റർ ഫിൽസി എസ് എച്ച് കോൺവെൻറ് സുപ്പീരിയർ സിസ്റ്റർ ലിസ മരിയ എസ് എച്ച് എന്നിവർ പരിപാടികൾക്ക് നേതൃത്വം നൽകി. സംഗമത്തിൽ വച്ച് ശ്രീമതി അച്ചാമ്മ മുണ്ടയ്ക്കലിനെ പ്രസിഡന്റായും മേരി മാണിക്യത്ത്കുന്നേലിനെ സെക്രട്ടറിയായും സെലിൻ മാണിക്യത്ത്കുന്നേലിനെ വൈസ് പ്രസിഡണ്ടായും ശ്രീമതി ലൗലി അറക്കലിനെ ജോയിൻ സെക്രട്ടറിയായും ലിസി വടക്കുംകരയെ ഖജാൻ ജിയായും തെരഞ്ഞെടുത്തു മീറ്റിങ്ങിൽ 20 ഓളം വിധവകൾ പങ്കെടുത്തു.

**ഫാ. ജോസ് പെണ്ണാപറമ്പിൽ**
ഡയറക്ടർ, യൂദിത്ത് ഫോറം

# ബഥാനിയ ധ്യാനകേന്ദ്രം

"അവന്റെ മുറിവിനാൽ നിങ്ങൾ സൗഖ്യമുള്ളവരാക്കപ്പെട്ടിരിക്കുന്നു" (1 പത്രോ. 2:24).

കാനായിലെ വിവാഹവിരുന്നിന്റെ അവസരത്തിൽ ആ കുടുംബത്തിനുവേണ്ടി പരി. അമ്മ ഈശോയുടെ മുമ്പിൽ മാദ്ധ്യസ്ഥ്യം വഹിച്ചതുപോലെ പരി. അമ്മ തങ്ങൾക്കുവേണ്ടിയും മാധ്യസ്ഥ്യം വഹിക്കുമെന്ന വിശ്വാസത്തോടെ ആയിരങ്ങളാണ് ഓരോ ദിവസവും അഖണ്ഡജപമാല സമർപ്പണത്തിൽ പങ്കെടുക്കുന്നത്. ഒരു തീർത്ഥാടനകേന്ദ്രം പോലെ എല്ലായ്പ്പോഴും പ്രാർത്ഥനകളും ശുശ്രൂഷകളും നടക്കുന്നയിടമായി ബഥാനിയ ഈ നാളുകളിൽ ഒരുക്കപ്പെട്ടിരിക്കുന്നു.

## ധ്യാനങ്ങൾ

സെപ്റ്റംബർ മാസത്തിൽ 8 മുതൽ 11 വരെയും 29 മുതൽ ഒക്ടേബർ 2 വരേയുമായി 2 ധ്യാനങ്ങൾ നടന്നു. സഭയുടെ ഔദ്യോഗിക ഡെലിവറൻസ് ശുശ്രൂഷയെ കേന്ദ്രീകരിച്ച് നടക്കുന്ന ഈ ധ്യാനങ്ങളിൽ കുടുംബാംഗങ്ങൾ ഒരുമിച്ച് പങ്കെടുക്കുന്നു. ബഹു. സെബാസ്റ്റ്യൻ പുളിക്കൽ അച്ചൻ ധ്യാനങ്ങൾക്ക് നേതൃത്വം നൽകി.

## അഖണ്ഡജപമാല സമർപ്പണം

2023 ലെ അഖണ്ഡജപമാല സമർപ്പണം പകുതിയിലധികം ദിവസങ്ങൾ പിന്നിട്ടിരിക്കുമ്പോൾ പതിനായിരങ്ങളാണ് ഇതിനകം ഈ ശുശ്രൂഷയിൽ പങ്കെടുത്തത്. പരി. അമ്മയുടെ മുമ്പാകെ സമർപ്പിക്കപ്പെട്ടിരിക്കുന്ന പ്രാർത്ഥനാ നിയോഗങ്ങൾക്കായി എല്ലാ ദിവസവും വി. കുർബാനയിൽ പ്രത്യേകം പ്രാർത്ഥിക്കുന്നു. 101 ദിവസങ്ങൾ നീണ്ടുനിൽക്കുന്ന ഈ ശുശ്രൂഷയിൽ പങ്കെടുക്കുവാൻ വിവിധ ഇടവകകളിൽ നിന്നും ജപമാല റാലികൾ ഈ വർഷവും ഉണ്ടായിരുന്നു. പല ഇടവകകളിൽനിന്നും മാതൃവേദി, വിൻസെന്റ് ഡി പോൾ സൊസൈറ്റി, കെ.സിവൈഎം തുടങ്ങിയ ഭക്തസംഘടനകളിലെ അംഗങ്ങൾ ഒരുമിച്ച് വന്ന് അഖണ്ഡജപമാലയിൽ പങ്കെടുക്കുന്നുണ്ട്. യുവജനങ്ങൾ ധാരാളമായി ഈ ശുശ്രൂഷയിൽ പങ്കെടുക്കുന്നു എന്നത് എടുത്തു പറയേണ്ടതാണ്.

ഒക്ടോബർ 27-ാം തീയതിയാണ് അഖണ്ഡജപമാല സമർപ്പണം സമാപിക്കുന്നത്. 100-ാം ദിവസമായ 26-ാം തീയതി വൈകിട്ട് 7 മണിക്കുള്ള വി. കുർബാനയ്ക്കു മുമ്പ് കത്തിച്ചമെഴുകുതിരികളുമായി ജപമാല റാലി ക്രമീകരിച്ചിട്ടുണ്ട്.

സമാപന ദിവസമായ 27-ാം തീയതിയിലെ ശുശ്രൂഷകൾ ഇപ്രകാരമാണ് ക്രമീകരിച്ചിരിക്കുന്നത്.

3 am - കരുണക്കൊന്ത, കുരിശിന്റെവഴി
4 am - ജപമാല തുടരുന്നു
6 am - വി. കുർബാന
7 am - ജപമാല തുടരുന്നു
10.30 am - സമാപന ജപമാല
11 am - ദിവ്യകരുണ്യ ആരാധന
ദിവ്യകാരുണ്യ പ്രദക്ഷിണം
11.30 am - വി. കുർബാന (അഭിവന്ദ്യ മാർ റെമീജിയോസ് ഇഞ്ചനാനിയിൽ (താമരശ്ശേരി രൂപത മെത്രാൻ)
1.30 pm - നേർച്ച ഭക്ഷണം

**ഏകദിന കൺവെൻഷൻ**

സെപ്റ്റംബർ മാസത്തിലെ എല്ലാ വെള്ളിയാഴ്ചകളിലും ഏകദിന കൺവെൻഷനുകൾ നടന്നു. ആയിരങ്ങളാണ് ഓരോ ശുശ്രൂഷയിലും പങ്കെടുത്തത്. സെപ്റ്റംബർ 1-ാം തീയതി ആദ്യ വെള്ളിയാഴ്ച ആവേ മരിയാ ഹാളിൽ നടന്ന ശുശ്രൂഷ അക്ഷരാർത്ഥത്തിൽ ജന നിബിഡമായിരുന്നു. ദിവ്യകാരുണ്യ ആരാധനയുടെ അവസാനം നടന്ന ദിവ്യകാരുണ്യ പ്രദക്ഷിണത്തിൽ വിശ്വാസി സമൂഹം ഭക്തിപുരസരമാണ് പങ്കെടുത്തത്.

രാവിലെ 9 ന് ആരംഭിച്ച ഏകദിന ശുശ്രൂഷയിൽ കുരിശിന്റെ വഴി, ജപമാല, ദിവ്യകാരുണ്യ ആരാധന, സൗഖ്യശുശ്രൂഷ, ഡെലിവറൻസ് ശുശ്രൂഷ, വി. കുർബാന, വി. കുമ്പസാരം, കൗൺസിലിങ്ങ് തുടങ്ങിയവ ഒരുക്കിയിരുന്നു.

**ദിവ്യകാരുണ്യ കൺവെൻഷൻ**

സെപ്റ്റംബർ 22-ാം തീയതി ദിവ്യകാരുണ്യ കൺവെൻഷൻ ബഥാനിയായിൽ വച്ച് നടക്കുകയുണ്ടായി. ദിവ്യകാരുണ്യത്തെ കൂടുതൽ അറിയുവാനും കൂടുതൽ സ്നേഹിക്കുവാനും അന്നേദിവസത്തെ ശുശ്രൂഷകൾ സഹായിച്ചു. ബഥാനിയ ഡയറക്ടർ ബഹു. സെബാസ്റ്റ്യൻ പുളിക്കൽ അച്ചൻ ശുശ്രൂഷകൾക്ക് നേതൃത്വം നൽകി.

**പിറവിത്തിരുനാൾ**

എട്ടുദിവസത്തെ നോമ്പിന്റെ ഒരുക്കത്തോടെ പരി. അമ്മയുടെ പിറവിത്തിരുനാൾ ആഘോഷിച്ചു. ഈ ദിവസങ്ങൾ മുഴുവൻ വി. കുർബാനയോട് ചേർന്ന്

പരി. അമ്മയോട് പ്രത്യേക പ്രാർത്ഥനകൾ ഉണ്ടായിരുന്നു. നൂറുകണക്കിന് ആളുകൾ 8 നോമ്പുദിവസങ്ങളിൽ വി. കുർബാനയിലും ശുശ്രൂഷകളിലും പങ്കെടുത്തു.

### വി. കുർബാനയും വി. കുമ്പസാരവും

അഖണ്ഡ ജപമാലയോടനുബന്ധിച്ച് ഞായർ ഒഴികെ എല്ലാ ദിവസവും രാവിലെ 6 മണിക്കും ഉച്ചയ്ക്ക് 12 മണിക്കും വൈകിട്ട് 7 മണിക്കും വി. കുർബാനകൾ അർപ്പിക്കുന്നു. ഉച്ചയ്ക്ക് 12 മണിക്കുള്ള വി. കുർബാനയോടനുബന്ധിച്ച് ദിവ്യകാരുണ്യ ആരാധനയും സൗഖ്യശുശ്രൂഷയും ഉണ്ട്. എല്ലാദിവസവും വി. കുമ്പസാരത്തിനുള്ള അവസരമുണ്ട്.

### സ്പിരിച്വൽ ഷെയറിങ്ങ്

ഞായർ ഒഴികെ എല്ലാദിവസവും സ്പിരിച്വൽ ഷെയറിങ്ങ് ഉണ്ട്. ഓരോ ദിവസവും അനേകർ ഈ ശുശ്രൂഷയിൽ പങ്കെടുക്കുന്നു. രാവിലെ 9 മണി മുതൽ ആരംഭിക്കുന്ന ഈ ശുശ്രൂഷയ്ക്ക് നേതൃത്വം നൽകുന്നത് പ്രത്യേകം പരിശീലനം ലഭിച്ച ബഹു. സിസ്റ്റേഴ്സും അത്മായരുമാണ്.

### മദ്ധ്യസ്ഥപ്രാർത്ഥന

എല്ലാദിവസവും ബഥാനിയായിൽ മധ്യസ്ഥപ്രാർത്ഥന നടക്കുന്നു. പ്രത്യേകം തെരഞ്ഞെടുക്കപ്പെട്ട ശുശ്രൂഷകരാണ് രാവിലെ 9 മണി മുതൽ വിവിധ ചാപ്പലുകളിൽ ലോകം മുഴുവനുവേണ്ടിയും പ്രാർത്ഥിക്കുന്നത്. ബഥാനിയായിലെ എല്ലാ ആത്മീയ ശുശ്രൂഷകളുടേയും ശക്തി സ്രോതസ്സ് ഈ മദ്ധ്യസ്ഥ പ്രാർത്ഥനയാണ്.

### ഒക്ടോബർ മാസത്തിലെ ശുശ്രൂഷകൾ

| | | |
|---|---|---|
| 6 ആദ്യവെള്ളി | - | ഏകദിന കൺവെൻഷൻ<br>അഖണ്ഡജപമാല സമർപ്പണം 80-ാം ദിവസം |
| 13 വെള്ളി | - | ഏകദിന കൺവെൻഷൻ |
| 14 ശനി | - | ബഥാനിയ ശുശ്രൂഷകരുടെ കൂട്ടായ്മ |
| 16 തിങ്കൾ | - | അഖണ്ഡജപമാല സമർപ്പണം 90-ാം ദിവസം |
| 20 വെള്ളി | - | ഏകദിന കൺവെൻഷൻ<br>ജീവിതവിശുദ്ധീകരണ ധ്യാനം (20-23) |
| 26 വ്യാഴം | - | അഖണ്ഡജപമാല സമർപ്പണം 100-ാം ദിവസം |
| 27 വെള്ളി | - | അഖണ്ഡജപമാല സമർപ്പണം സമാപനം |

**ഫാ. സെബാസ്റ്റ്യൻ പുളിക്കൽ**
ഡയറക്ടർ, ബഥാനിയ ധ്യാനകേന്ദ്രം

# വികസനവേദി

## ഓണാഘോഷം നടത്തി

സി.ഒ.ഡി. യുടെ കീഴിൽ പ്രവർത്തിക്കുന്ന ഗ്രാമ വികസന സമിതികൾ (GVS), MCC കൾ, സ്വാശ്രയ സംഘങ്ങൾ (SHG) കൾ എന്നിവ വിവിധ പരിപാടികളോടെ വിവിധ സ്ഥലങ്ങളിൽ വച്ച് ഓണാഘോഷം നടത്തി. വിവിധ ഇനം കായിക മത്സരങ്ങൾ , വടംവലി എന്നിവയും ഓണസദ്യയും പരിപാടികൾക്ക് കൊഴുപ്പേകി. കോടഞ്ചേരി , പാറമല, തുഷാരഗിരി, മൈലള്ളാംപാറ, ചുണ്ടത്തുംപൊയിൽ, കൂടരഞ്ഞി, വെറ്റിലപ്പാറ, കൂരാച്ചുണ്ട്,ചെമ്പനോട, മരുതോങ്കര, വിലങ്ങാട്, പരിയാപുരം, ചിരട്ടമല എന്നീ സ്ഥലങ്ങളിൽ വച്ച് വൻ ജന പങ്കാളിത്തത്തോടെ ആഘോഷം നടത്തി, സി.ഒ.ഡി ഏരിയ കോർഡിനേറ്റർമാർ, പരിപാടികൾക്ക് നേതൃത്വം നല്കി. മത്സര ഇനങ്ങൾക്ക് സമ്മാനങ്ങളും നല്കി. ഗ്രാമീണ മേഖലയിൽ ഓണം വലിയ ഉത്സവം തന്നെ ആയിരുന്നു.

മദർ തെരേസ Ielts & Oet ട്രെയിനിംഗ് സെന്റർ ഓണം സമുചിതമായി ആഘോഷിച്ചു. വൈവിദ്യമാർന്ന മത്സരങ്ങൾ സംഘടിപ്പിച്ചു. സമാപന ചടങ്ങ്, സെന്റർ ഡയറക്ടർ റവ. ഫാ. ബിജോ ചെമ്പരത്തിക്കൽ ഉദ്ഘാടനം ചെയ്തു. മത്സരാർഥികൾക്ക് സമ്മാനങ്ങൾ വിതരണം ചെയ്തു. പരിപാടികൾക്ക്, പ്രിൻസിപ്പൽ ശ്രീ. മത്തായി എം. ഏ, ശ്രീ. തങ്കച്ചൻ, ശ്രീ. മിഥുൻ തോമസ്, മറ്റു അധ്യാപകരും നേതൃത്വം നൽകി. തുടർന്ന് ഗംഭീരമായ ഓണസദ്യയും നടന്നു.

## സ്വാതന്ത്ര്യദിനാഘോഷം

സി.ഒ.ഡി. യുടെ കീഴിൽ പ്രവർത്തിക്കുന്ന ഗ്രാമ വികസന സമിതികളിൽ സ്വാതന്ത്ര്യദിനാഘോഷം നടത്തി. ത്രിതല പഞ്ചായത്തുതല ജനപ്രതിനിധികൾ പതാക ഉയർത്തി ആശംസകൾ നേർന്നു സംസാരിച്ചു. സി.ഒ.ഡി. ഏരിയ കോർഡിനേറ്റർമാർ, സ്വാശ്രയ സംഘ പ്രതിനിധികൾ എന്നിവർ പങ്കെടുത്തു. തുടർന്ന് മധുര പലഹാരം വിതരണം ചെയ്തു.

## പച്ചമരുന്ന് നിർമ്മാണം

കായണ്ണ ഗ്രാമ വികസന സമിതിയിലെ ദർശന മഹിളാ സമാജം അംഗങ്ങൾ ചേർന്ന് മുറിവെണ്ണ നിർമ്മിച്ചു. സി.ഒ.ഡി.ഏരിയ കോർഡിനേറ്റർ മോളി സെബാസ്റ്റ്യൻ പരിശീലനം നല്കി.

## മറ്റു പരിപാടികൾ

കേന്ദ്ര സർക്കാർ മില്ലറ്റ് വർഷമായി ആചരിക്കുന്നതിന്റെ ഭാഗമായി തിരുവമ്പാടി അൽഫോൻസ കോളേജും തിരുവമ്പാടി ഗ്രാമ പഞ്ചായത്തും സംയുക്തമായി സംഘ

ടിപ്പിച്ച സെമിനാറിൽ സി.ഒ.ഡി.യിൽ നിന്നും പ്രൊജക്റ്റ് കോ-ഓർഡിനേറ്റർ സിദ്ധാർഥ് എസ് നാഥ്, പ്രോഗ്രാം കോ-ഓർഡിനേറ്റർ ജോയ് കെ സി, സി.ഒ.ഡി. ഏരിയ കോ-ഓർഡിനേറ്റർ എന്നിവർ പങ്കെടുത്തു.

## പഠനോപകരണങ്ങൾ വിതരണം ചെയ്തു

കാരിത്താസ് ഇന്ത്യയുടെ സഹായത്തോടെ താമരശ്ശേരി സി ഒ ഡി യുടെയും രൂപത കോർപ്പറേറ്റ് എജുക്കേഷണൽ ഏജൻസിയുടെയും നേതൃത്വത്തിൽ സെന്റ് തോമസ് എൽ പി എസ് കോടഞ്ചേരിയിൽ വെച്ച് അതിഥി തൊഴിലാളികളുടെ വിദ്യാർത്ഥികൾക്കായി പഠന കിറ്റ് വിതരണംചെയ്തു. താമരശ്ശേരി രൂപത കോർപ്പറേറ്റ് മാനേജർ ഫാ.ജോസഫ് പാലക്കാട്ട് പരിപാടി ഉദ്ഘാടനം ചെയ്തു. കോടഞ്ചേരി സെന്റ് തോമസ് എൽ പി സ്കൂൾ മാനേജർ ഫാ. കുര്യാക്കോസ് ഐക്കുളമ്പിൽ, സി ഒ ഡി ഡയറക്ടർ ഫാ. ജോർജ് ചെമ്പരത്തി, സ്കൂൾ സ്റ്റാഫ് അംഗങ്ങൾ, സി ഒ ഡി പ്രൊജക്റ്റ് ഓഫീസർ സിദ്ധാർഥ് എസ് നാഥ് എന്നിവരും പരിപാടിയിൽ പങ്കെടുത്തു. അതിഥി തൊഴിലാളികളുടെ കുട്ടികളുടെ വിദ്യാഭ്യാസ ഉന്നമനത്തിനു വേണ്ടി ആരംഭിച്ച ഈ സംരംഭത്തെക്കുറിച്ച് COD ഡയറക്ടർ റവ ഫാദർ ജോർജ് ചെമ്പരത്തി പദ്ധതി വിശദീകരിച്ച് സംസാരിച്ചു. 40 വിദ്യാർത്ഥികൾക്ക് ബാഗ്, കുട, ലഞ്ച് ബോക്സ്, നോട്ട് ബുക്കുകൾ, നിഘണ്ടു, അറ്റ്ലസ്, പേന, പെൻസിൽ, കളറുകൾ, ഇൻസ്ട്രുമെന്റ് ബോക്സ് എന്നീ പഠനോപകരണങ്ങൾ അടങ്ങിയ കിറ്റ് വിതരണം ചെയ്തു.

## ജല ജീവൻ പദ്ധതി

ജല ജീവൻ പദ്ധതിയുടെ ഭാഗമായി താമരശ്ശേരി പഞ്ചായത്തിലെ വിവിധ സ്കൂളുകളിൽ ജലജന്യ രോഗങ്ങൾ എന്നിവയെക്കുറിച്ചു ബോധവത്കരണ ക്ലാസുകൾ നടത്തി. ISA പ്രതിനിധി ആഷിക തസ്നീം ക്ലാസ്സുകൾക്ക് നേതൃത്വം നൽകി.

## കാവൽ പദ്ധതി

സി.ഒ.ഡി. താമരശ്ശേരി കാവൽ പദ്ധതിയുടെ ഭാഗമായി കുട്ടികൾക്ക് ലൈഫ് സ്കിൽ പ്രോഗ്രാം നടത്തി. പത്തു തരം ലൈഫ് സ്കിൽ കുട്ടികൾക്ക് പരിചയപ്പെടുത്തി. കാവൽ കോ-ഓർഡിനേറ്റർ അമൽ, കേസ് വർക്കർ അശ്വന എന്നിവർ നേതൃത്വം നല്കി. 16 കുട്ടികൾ പങ്കെടുത്തു.

## മദർ തെരേസ ട്രെയ്നിങ് സെന്റർ സ്ഥാപക ദിനം ആഘോഷിച്ചു

താമരശ്ശേരി രൂപതയുടെ കീഴിൽ പുതുപ്പാടിയിൽ പ്രവർത്തിക്കുന്ന ഇംഗ്ലീഷ് ഭാഷാ പരിശീലന കേന്ദ്രമായ മദർ തെരേസ OET&IELTS ട്രെയ്നിങ് സെന്ററിന്റെ ഒമ്പതാം സ്ഥാപക ദിനാഘോഷം രൂപതാ ചാൻസലർ ഫാ. ചെറിയാൻ പൊങ്ങൻപാറ ഉദ്ഘാടനം ചെയ്തു.

ഇന്നിന്റെ പ്രലോഭനങ്ങളിൽപെട്ട് ഒന്നിലും ശ്രദ്ധ കേന്ദ്രീകരിക്കാൻ കഴിയാതെ ഉഴലുന്നവർക്ക് മദർ തെരേസ ട്രെയ്നിങ് സെന്ററിലെ വിദ്യാർത്ഥികൾ മാതൃകയാണെന്ന് ഫാ. ചെറിയാൻ പൊങ്ങൻപാറ അഭിപ്രായപ്പെട്ടു. ചടങ്ങിൽ സി.ഒ.ഡി ഡയറക്ടർ ഫാ . ബിജോ ചെമ്പരത്തിക്കൽ അധ്യക്ഷത വഹിച്ചു. കേരള വിദ്യാഭ്യാസ ചരിത്രത്തിൽ കത്തോലിക്കാസഭ വഹിച്ച വിപ്ലവകരമായ പങ്ക് തമസ്ക്കരിച്ച് പുതിയ കഥകൾ രചിക്കുന്ന ഇന്നത്തെ സത്യാനന്തരകാലത്ത് മദർ തെരേസ ട്രെയ്നിങ് സെന്റർ ലാഭേച്ഛ കൂടാതെയാണ് പ്രവർത്തിക്കുന്നതെന്ന് ഫാ. ബിജോ ചെമ്പരത്തിക്കൽ ഓർമ്മിപ്പിച്ചു.

സി.ഒ.ഡി അസി. ഡയറക്ടർമാരായ ഫാ. ഷെറിൻ പുത്തൻപുരയ്ക്കൽ, ഫാ. ജിജോ കളപ്പുരയ്ക്കൽ, മാർ ബസേലിയോസ് സ്കൂൾ സി ഇ ഒ ഫാ. തോമസ് മണ്ണിത്തോട്ടം , എസ് എച്ച് ഒ ഡി കെ. ജെ. തങ്കച്ചൻ, അലൈൻ ആൻ ഫിലിപ്പ് എന്നിവർ പ്രസംഗിച്ചു. പ്രിൻസിപ്പൽ എം. എ. മത്തായി വാർഷിക റിപ്പോർട്ട് അവതരിപ്പിച്ചു. ട്രെയ്നിങ് സെന്ററിൽ ഐ ഇ എൽ ടിഎസ്, ഒ ഇ ടി കോഴ്സുകളിൽ പരിശീലനം നേടിയ 638 വിദ്യാർത്ഥികളില് 392 പേര് ഉന്നത വിജയം നേടി. CBT, UKVI കോഴ്സുകളില് 100 ശതമാനം വിജയം കൈവരിക്കാൻ മദർ തെരേസ ട്രെയ്നിങ് സെന്ററിന് സാധിച്ചു.

**ഫാ. ജോർജ്ജ് ചെമ്പരത്തിക്കൽ**
ഡയറക്ടർ, വികസനവേദി



# യേശുനിധി

2023 ആഗസ്റ്റ് മാസത്തിൽ യേശുനിധിയിൽ നിന്ന് വിവിധ ആവശ്യ ങ്ങൾക്കായി നല്കിയ തുകയും ഇടവകയും താഴെചേർക്കുന്നു.

## Education

| | | |
|---|---|---|
| 1 | Karikandanpara | 8,000.00 |
| 2 | Koodaranji | 10,000.00 |
| 3 | Koorachundu | 10,000.00 |
| 4 | Mailellampara | 5,000.00 |
| 5 | Manjeri | 5,000.00 |
| 6 | Mariapuram | 10,000.00 |
| 7 | Nenmeni | 8,000.00 |
| 8 | Nenmeni | 10,000.00 |
| 9 | Panamplave | 8,000.00 |
| 10 | Thekkumkutty | 5,000.00 |
| 11 | Thekkumkutty | 5,000.00 |
| 12 | Thiruvambady | 10,000.00 |
| 13 | Vilakkamthode | 5,000.00 |
| 14 | Vilangad | 5,000.00 |

## Home

| | | |
|---|---|---|
| 15 | Balussery | 10,000.00 |
| 16 | Kattipara | 10,000.00 |
| 17 | Manjakunnu | 8,000.00 |
| 18 | Mariapuram | 8,000.00 |
| 19 | Passukadave | 8,000.00 |
| 20 | Perambra | 8,000.00 |
| 21 | Poovaramthode | 8,000.00 |
| 22 | Poozhithode | 10,000.00 |
| 23 | Pushpagiri | 10,000.00 |
| 24 | Vilangad | 10,000.00 |

## Marriage

| | | |
|---|---|---|
| 25 | Kakkayam | 20,000.00 |
| 26 | Pallorkkothu | 20,000.00 |

## Medical

| | | |
|---|---|---|
| 27 | Anackampoil | 10,000.00 |
| 28 | Kakkadampoil | 8,000.00 |
| 29 | Kakkavayal | 8,000.00 |
| 30 | Kakkayam | 10,000.00 |
| 31 | Kallurutty | 8,000.00 |
| 32 | Kodanchery | 10,000.00 |
| 33 | Kuppayakode | 8,000.00 |
| 34 | Kuppayakode | 8,000.00 |
| 35 | Manjuvayal | 5,000.00 |
| 36 | Mariapuram | 10,000.00 |
| 37 | Maruthomkara | 15,000.00 |
| 38 | Muthukad | 10,000.00 |
| 39 | Panamplave | 8,000.00 |
| 40 | Poozhithode | 10,000.00 |
| 41 | Pushpagiri | 10,000.00 |
| 42 | Thamarassery | 8,000.00 |
| 43 | Thekkumkutty | 8,000.00 |
| 44 | Theyyappara | 8,000.00 |
| 45 | Vettilappara | 15,000.00 |
| 46 | Vilakkamthode | 10,000.00 |
| 47 | Vilangad | 10,000.00 |

**Total 4,31,000.00**

ഫാ. കുര്യാക്കോസ് മുകാല
ഫിനാൻസ് ഓഫീസർ

# അജപാലനക്കുറിപ്പുകൾ

## ആഗസ്റ്റ് 2023

27 രാവിലെ, കുണിഞ്ഞി സെന്റ് ആന്റണീസ് ഇടവകയിൽ ദിവ്യബലിയർപ്പിച്ചു.

28 രാവിലെ, വെറ്റിലപ്പാറ ഇടവകയിൽ വി. അഗസ്തീനോസിന്റെ തിരുന്നാളിനോടനുബന്ധിച്ച് ദിവ്യബലിയർപ്പിക്കുകയും ഇടവക സ്ഥാപനത്തിന്റെ സുവർണ്ണ ജൂബിലി ആഘോഷങ്ങൾ ഉദ്ഘാടനം ചെയ്യുകയും ചെയ്തു.

മുക്കം, അഗസ്ത്യൻമൂഴി ആശുപത്രിയിൽ രോഗാവസ്ഥയിൽ കഴിയുന്ന റോണി കാവിലച്ചന്റെ മാതാവിനെ സന്ദർശിച്ചു.

വൈകുന്നേരം താമരശ്ശേരി മേരി മാതാ കത്തീഡ്രലിൽ ഒരു കുഞ്ഞിന് പ്രാരംഭ കൂദാശകൾ നൽകി.

29 രാവിലെ വെറ്റിലപ്പാറ ഇടവകയിൽ ഒരു കുടുംബത്തിലെ നാലാമത്തെ കുഞ്ഞിന് പ്രാരംഭകൂദാശകൾ നല്കി.

30 രാവിലെ തലശ്ശേരി അതിരൂപതയിലെ കൊട്ടോടി ഇടവകയിൽ, താമരശ്ശേരി രൂപത വൈദികനായ പരേതനായ തോമസ് കൊച്ചുപറമ്പിലച്ചന്റെ മൃതസംസ്കാര ശുശ്രൂഷകൾക്ക് അഭിവന്ദ്യ മാർ ജോർജ്ജ് വലിയമറ്റം പിതാവിനോടൊപ്പം നേതൃത്വം നല്കി.

വൈകുന്നേരം കൂരാച്ചുണ്ട് സെന്റ് തോമസ് ഫൊറോന ഇടവകയിൽ, വട്ടച്ചിറയിൽ സെബസ്ത്യാനോസിന്റെ നാമത്തിൽ പുതുതായി നിർമ്മിച്ച കപ്പേള വെഞ്ചരിച്ചു.

31 രാവിലെ വിലങ്ങാട് ഇടവകയിൽ ഒരു കുടുംബത്തിലെ നാലാമത്തെ കുഞ്ഞിന് പ്രാരംഭ കൂദാശകൾ നല്കി.

വിലങ്ങാട് ഇടവകയുടെ നേതൃത്വത്തിൽ കാരുണ്യ ഭവനപദ്ധതിയുടെ ഭാഗമായി ഭവനരഹിതരായ മൂന്ന് കുടുംബങ്ങൾക്ക് നിർമ്മിച്ചു നല്കിയ ഭവനങ്ങൾ വെഞ്ചരിച്ചു.

ബഹു. മാത്യു ചൂരപ്പൊയ്കയിലച്ചന്റെ രോഗശയ്യയിലായിരിക്കുന്ന മാതാവിനെ ഭവനത്തിൽ ചെന്ന് സന്ദർശിച്ചു.

ചാപ്പൻതോട്ടം ഇടവകയിൽ സ്വഭവനത്തിൽ വിശ്രമത്തിലായിരിക്കുന്ന ബഹു. മാത്യു തകിടിയേൽ അച്ചനെ സന്ദർശിച്ചു.

ചെമ്പനോട ഇടവകയിൽ ബഹു. ജോസഫ് പുത്തേട്ടുപടവിൽ അച്ചന്റെ രോഗശയ്യയിലായിരിക്കുന്ന പിതാവിനെ സന്ദർശിച്ചു.

വൈകുന്നേരം തലയാട് ഇടവകയിൽ ദിവ്യബലിയർപ്പിക്കുകയും സമ്പൂർണ്ണ മാതൃവേദി ഇടവകയായി ഇടവകയെ പ്രഖ്യാപിക്കുകയും ചെയ്തു.

തലയാട് ഇടവകയിൽ ദീപികയുടെ 'എന്റെ കുടുംബം-എന്റെ ദീപിക' പദ്ധതി ഉദ്ഘാടനം ചെയ്തു.

തലയാട് ഇടവകയിൽ കരിസ്മാറ്റിക് നവീകരണ പ്രസ്ഥാനം, രൂപതാതലത്തിൽ പുതുതായി ആരംഭിക്കുന്ന സായാഹ്ന കൺവെൻ ഷൻ ഉദ്ഘാടനം ചെയ്തു.

## സെപ്റ്റംബർ

1 കോഴിക്കോട് സ്റ്റാർട്ടിൽ വി. കുർബ്ബാന അർപ്പിക്കുകയും മിനിമാസ്റ്റർ ട്രെയിനിംഗ് പ്രോഗ്രാമായ 'യുറേക്ക മൊമെന്റ് 2k23' ഉദ്ഘാ ടനം ചെയ്യുകയും ചെയ്തു.

വൈകുന്നേരം, എം.എസ്.ജെ. ജനറാൾ സി. ഫിലോമി എം.എസ്.ജെ. യെ രൂപതാഭവനിൽ സ്വീകരിച്ചു.

2-26 യൂറോപ്പിൽ ശുശ്രൂഷ ചെയ്യുന്ന താമരശ്ശേരി രൂപതയിലെ വൈദികരെയും വൈദിക പരിശീലനത്തിലായിരിക്കുന്നവരെയും സന്ദർശിച്ചു.

27 രാവിലെ, രൂപതാഭവനിൽ, താമരശ്ശേരി രൂപതയിലെ വൈദികരോടൊപ്പം നാമഹേതുക തിരുന്നാൾ ആഘോഷങ്ങളിൽ പങ്കെടുത്തു.





# TWO TRAITS OF MARY



We are here, under the motherly gaze of Mary. We are here as Church. Mother Church. To go on pilgrimage is a Marian trait, because the first one to make a pilgrimage after the annunciation of Jesus was Mary. She departed with haste and only her very old cousin noticed she was pregnant.. It's a bit of a loose translation, but the Gospel says "She went out in haste".

We would say, she ran out. She ran out in her eagerness to help and to be present. There are so many names for Mary, but one that we can use is this: the virgin who runs out. Every time there is a problem, every time we invoke her, she does not delay. She comes. She hurries. Our Lady in a hurry. Our Lady in a hurry. She's in a hurry because she's a mother. 'Apressada'. In Portuguese we say 'apressada', Monsignor Ornelas told me. Nossa Senhora 'Apressada'. She accompanies the life of Jesus, and does not hide after the Resurrection. She accompanies the disciples, waiting for the Holy Spirit and accompanies the Church that begins to grow after Pentecost. Our Lady in a hurry and our Lady who accompanies. She is never the protagonist. Mary's gesture of welcoming is twofold: first she welcomes, and then like this, because this? She points to Jesus. In her life, Mary does nothing but point to Jesus. Do what he tells you. Follow Jesus.

Friends, Jesus loves us to the point that He identifies with us and asks us to collaborate with Him. And Mary points out to us what Jesus asks of us. To walk in life, collaborating with Him.

Today I would like us to look at the image of Mary and each one of us to think about what Mary is saying to me as a Mother. Let's have a short moment of silence and each one of us in our heart, say: Mother, what where are you directing me? What is there in my life that concerns you? What is there in my life that moves you? What is there in my life that interests you? You point it out. At that time, she points to our hearts so that Jesus can come and, just as she directs us, she can direct Jesus to our hearts.

Dear brothers and sisters, let us feel today the presence of Mary, our mother. The mother who always looks at what Jesus tells her. She points us to Jesus. The mother who tells Jesus to do what people are asking of Him. That is Mary. That is our mother. Our Lady in a hurry to be close to us. May she bless us all. Amen.

# THAMARAMOTTUKAL

Registered with Registrar of Newspapers of India.
| RNI NO. 71212/99 | Date of Publication : 30-09-2023 |



**വി. കൊച്ചുത്രേസ്യായെ**
**ഞങ്ങൾക്കുവേണ്ടി അപേക്ഷിക്കണമേ**

Printed & Published by Fr. Abraham Kavilpurayidathil, on behalf of Chancellor, Diocese of Thamarassery, Bishop's House, P.B. No. 1, Thamarassery P.O., Kozhikode - 673 573. Printed at Alphonsa Offset Press, Near Cathedral Thamarassery P.O., Kozhikode - 673 573 and published at Thamarassery. Editor : Fr. Abraham Kavilpurayidathil, Thamaramottukal Monthly, Volume 25, issue 10, October 2023, Pages 64.